المرشد

# അൽ-മുർശിദ്

# AL-MURSHID

1967 ഡിസംബർ

# വരിസംഖ്യ

## അൽ-മുർശിദ് മാസിക

ഇന്ത്യ, സിലോൺ, പാകിസ്ഥാൻ

| | | |
|---|---|---|
| | ഒരു കൊല്ലത്തേക്ക് | 5—00 |
| | 6 മാസത്തേക്ക് | 3—00 |
| | ഒററപ്രതി | 0—50 |
| ഇന്ത്യക്കുപുറമെ | | |
| | ഒരു കൊല്ലത്തേക്ക് (സീമെയിൽ) | 9—00 |
| | ,, (എയർമെയിൽ) | 15—00 |

## പരസ്യ നിരക്ക്

(ഒരു പ്രാവശ്യം)

| | |
|---|---|
| കവർ അവസാനഭാഗം | 150—00 |
| ,, 2, 3 ഭാഗങ്ങൾ | 100—00 |
| ഉൾഭാഗം മുഴുവൻ പേജ് | 50—00 |
| ,, പകുതി പേജ് | 30—00 |
| ,, കാൽപേജ് | 15—00 |

[ദീർഘകാലത്തേക്ക് പ്രത്യേക നിരക്ക്.]


تفسير القرآن الكريم

മൗലാനാ കെ. എം. മൗലവിയുടെ മേലന്വേഷണത്തിൽ ജനാബ്യമാർ മൂസ്സമൗലവി, അലവിമൗലവി, അമാനി മൗലവി എന്നിവർ തയ്യാറാക്കിയതും, കെ. പി. സഹോദരന്മാർ പ്രസിദ്ധീകരിച്ചുവരുന്നതുമായ

**"വിശുദ്ധ ഖുർആൻ വിവരണം"**

എന്ന മഹൽ ഗ്രന്ഥത്തിൻെറ 1ഉം 2ഉം വാല്യങ്ങൾ തെയ്യാർ. ഓരോന്നിന്നും 9ക. മാത്രം. ( തപ്പാലിൽ 11ക.) പുസ്തകത്തിന്നും കൂടുതൽ വിവരങ്ങൾക്കും എഴുതുക.

മുഹമ്മദ് അമാനി,

P. O. വാണിയമ്പലം. വഴി-വണ്ടൂർ.


# അൽ-മുർശിദ്

( മാസിക )

ചീഫ് എഡിററർ:

E. K. മൗലവി

പബ്ലിഷർ:

മുഹ്സിൻ ബിൻ അഹ്മദ്
B. A., L. T.


ലക്കം 8, 9. 1967 നവമ്പർ, ഡിസമ്പർ

പുസ്തകം 2 വില 50 പൈസ.

## വിഷയവിവരം

പേജ്
3
1. രണ്ടു വീക്ഷണങ്ങൾ (പത്രാധിപക്കുറിപ്പ്) 5
2. ഫൈസൽ—ഒരു ലഘുപഠനം— പി. ഹംസ, കടന്നമണ്ണ 9
3. യുവതലമുറ— മുഹ്‌യിദ്ദീൻ മദനി, പരപ്പനങ്ങാടി 15
4. മക്കാവിജയത്തിന്റെ പ്രതിധ്വനി— ഇ. കെ. മൗലവി 19
5. ശരീഅത്തിൽ സുന്നത്തിന്റെ സ്ഥാനം 24
6. തലയിലെഴുത്ത്— കെ. ഉമർമൗലവി ... 29
7. കളിയുടെ രൂപം— സി. എ. എം. മൗലവി 32
8. സമ്പത്ത് ഇസ്ലാമിൽ— എ. മുഹമ്മദലി ...
9. ലോകപ്രശ്നങ്ങൾക്ക് ക്രിയാത്മകമായൊരു പ്രതിവിധി (ശഹീദ് മുഹമ്മദ് ഖുത്തുബ്) 38
10. ചാഡ് മുസ്ലിംകളുടെ പരീക്ഷണം (മുസ്ലിംലോകവാർത്തകൾ) 45
11. ജറുസലംകണ്ട സുപ്രഭാതം— എൻ. കെ. അഹമ്മദ് 50

---

(നാലാംപേജിലെ ബാക്കി)

ണ്ട്. ചില ഭരണാധികാരികൾ കമ്മ്യൂണിസ്റ്റ് സാമൂഹ്യക്രമത്തിൽ
ദേശീയ പുരോഗതി ദർശിക്കുന്നു. അവർ അതിനെ പുണരുന്നു. ചി
ലർ മാർക്സിയൻ സോഷ്യലിസത്തിലൂടെ രാജ്യപുരോഗതി സ്വപ്നം
കാണുന്നു. അവർ അത് അവലംബിക്കുന്നു. ഇസ്ലാമിന്റെ സാമൂഹ്യ
ക്രമമോ, സാമ്പത്തിക സിദ്ധാന്തമോ ഇപ്പറഞ്ഞ മുസ്‌ലിംരാജ്യങ്ങൾ
ക്കു പ്രശ്നമല്ല. കമ്മ്യൂണിസം ഇസ്‌ലാമിനു നിരക്കുമോ, മാർക്സിയൻ
സോഷ്യലിസം ഇസ്ലാമികാദർശങ്ങളുമായി ഇണങ്ങിച്ചേരുമോ, അ
തൊന്നും അവരോടു ചോദിച്ചിട്ടു കാര്യമില്ല. അതെക്കുറിച്ചു ചിന്തിക്കേ
ണ്ട കാര്യവും അവർക്കില്ല. കാരണം രാജ്യമാണ് അവരുടെ മതം. നാ
ട്ടിന്റെ പുരോഗതിയാണ് അവരുടെ ലക്ഷ്യം.

ഒരു യഥാർത്ഥ മുസ്ലിമിനെസ്സംബന്ധിച്ചേടത്തോളം മതമാണ്
വലുത്. മറ്റുള്ളതെല്ലാം അതിന്റെ പിന്നിൽ. നാട്ടിനുവേണ്ടി മത
ത്തെ ത്യജിക്കാൻ അവനു സാദ്ധ്യമല്ലതന്നെ. മറിച്ച് മതത്തിനുവേ
ണ്ടി ചിലപ്പോൾ നാട്ടിനെ ത്യജിക്കേണ്ടിവരും. നാട്ടിനെ സ്നേഹമി
ല്ലെന്നോ ദേശീയപുരോഗതിയിൽ ആകാംക്ഷയില്ലെന്നോ ഇപ്പറഞ്ഞ
തിന്നർത്ഥമില്ല.

ഒരു യഥാർത്ഥ വിശ്വാസി അവന്റെ രാജ്യത്തെ സ്നേഹിക്കുന്നു
അതിന്റെ അഭിവൃദ്ധിക്കുവേണ്ടി ത്യാഗംചെയ്യുന്നു. അതു പക്ഷെ, മത
ത്തെ പരിത്യജിച്ചുകൊണ്ടാവുകയില്ല. മതാദർശങ്ങളെ ധ്വംസിച്ചുകൊണ്ടു
ള്ള രാജ്യസ്നേഹം ആത്മഹത്യാപരമാണ് അവന്ന്. വിശ്വമഹാ
കവി അല്ലാമാ ഇഖ്ബാൽ മുഴക്കിയ മുദ്രാവാക്യമാണ് അവന്നു അത്യു
ച്ചത്തിൽ ഏററുപറയാനുള്ളത്. "നീ ആദ്യം ഒരു മുസൽമാനാവുക;
രണ്ടാമത് ഒരിന്ത്യക്കാരനും."



# രണ്ടു വീക്ഷണങ്ങൾ

കുറച്ചു ദിവസംമുമ്പ് പ്രസിഡണ്ട് ഡോക്ടർ സാക്കിർ ഹുസൈൻ കേരളം സന്ദർശിക്കുകയുണ്ടായി. ശിവഗിരിയിൽ സ്ഥാപിക്കാൻ പോകുന്ന ശ്രീനാരായണ പ്രതിമയുടെ പ്രതിഷ്ഠാകർമ്മവും സമാധിമന്ദിരത്തിന്റെ ഉൽഘാടനവും നിർവ്വഹിക്കാനാണ് ഈ പരിശുദ്ധ റമളാനിൽ അദ്ദേഹം പ്രധാനമായും ഇങ്ങോട്ട് ഇറങ്ങിത്തിരിച്ചത്. മി. ആർ. ശങ്കർ അദ്ദേഹത്തെ ക്ഷണിച്ചതായും അദ്ദേഹം അതു സ്വീകരിച്ചതായും നാലു മാസംമുമ്പ് പത്രങ്ങളിൽ റിപ്പോർട്ടു വന്നിരുന്നു,

വിഗ്രഹാരാധനാപരമായ ഇത്തരം കാര്യങ്ങൾ ഇസ്ലാമിനു നിരക്കുമോ? ഒരു യഥാർത്ഥ വിശ്വാസിക്കു അതു ചെയ്യാമോ? എന്നൊക്കെ പലരും ചിന്തിക്കുന്നുണ്ടാവും. പക്ഷെ സാക്കിർ ഹുസൈനെസ്സംബന്ധിച്ചേടത്തോളം ഇമ്മാതിരി ചിന്തകൾ വ്യർത്ഥമാണ്. പ്രസിഡണ്ടുപദം ഏറെറടുക്കുന്നതിന്റെ മുന്നോടിയായി അദ്ദേഹം ചെയ്തുകൂട്ടിയ വൃത്തികേടുകൾ നമുക്കു ഓർമ്മയുള്ളതാണല്ലോ. എത്ര ക്ഷേത്രങ്ങളിലാണ് അദ്ദേഹം കേറിയിറങ്ങിയത്? എത്ര മുനിമാരുടെ പാദങ്ങളിലാണ് അദ്ദേഹം സാഷ്ടാംഗം ചെയ്തത്? സത്യപ്രതിജ്ഞാകർമ്മത്തിന്റെ തലേന്നു ന്യൂദൽഹിയിലുള്ള ശൃംഗേരിയിലെ ജഗദ്ഗുരു സ്വാമി ശ്രീ ശങ്കരാചാര്യരെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ പുഷ്പങ്ങളും ഫലങ്ങളും അർപ്പിക്കുകയും അനുഗ്രഹാശിസ്സുകൾ തേടുകയുംചെയ്തു. ശങ്കരാചാര്യ തന്റെ കൈ സാക്കിർഹുസൈന്റെ തലയിൽ വെച്ചുകൊണ്ട് അനുഗ്രഹിച്ചു. ഈ കർമ്മത്തിനുശേഷം അദ്ദേഹം സ്വാമിജിയുമായി പത്തു മിനുട്ടുനേരം സംസാരിക്കുകയും പിന്നീട് സ്വാമിജിയുടെ പാദങ്ങൾ ഭക്ത്യാദരങ്ങളോടെ തൊട്ടു വിടവാങ്ങുകയുംചെയ്തു........ഹാർഡിഞ്ച്റോഡിലുള്ള ജെയിൻഭവനിലേക്കു കാറോടിച്ചുപോവുകയും മുനി സുശീൽമാകുറിന്റെ അനുഗ്രഹങ്ങൾ വാങ്ങുകയും ചെയ്തു. തന്റെ കൈകൾ തലയിൽവെച്ചുകൊണ്ടാണ് മുനി അദ്ദേഹത്തെ അനുഗ്രഹിച്ചത്.'. (പി. ടി. ഐ. വാർത്ത, 12-5-1967)

മി സാക്കിർ ഹുസൈൻ ഇന്ത്യായൂനിയന്റെ പ്രസിഡണ്ടാണ്. ഇവിടത്തെ വ്യത്യസ്ത മതക്കാരും ആശയഗതിക്കാരുമായ ജനകോടികളുടെ പ്രസിഡണ്ട്. അവരെ മുഴുവൻ അദ്ദേഹത്തിനു തൃപ്തിപ്പെടുത്തേണ്ടതുണ്ട്. മാത്രമല്ല, തന്റെ ദേശീയത്വം പ്രകടിപ്പിക്കാനും ഭൂരിപക്ഷ സമുദായത്തെ തൃപ്തിപ്പെടുത്താനും ഈ വേലകൾ ഒരുപക്ഷെ അനിവാര്യമായിരിക്കാം. ഇത് ഒരുവശം. മർമ്മപ്രധാനമായ മറെറാരു വശംകൂടിയുണ്ട്. വിഗ്രഹാരാധനയോടും സൃഷ്ടിപൂജയോടും സന്ധിയില്ലാസമരം പ്രഖ്യാപിച്ച മതമാണ് ഇസ്ലാം. സാക്കിർഹുസൈനാവട്ടെ അതിന്റെ ഒരനുയായിയും. ആ നിലക്കു വിഗ്രഹാരാധനാപരമായ ഇത്തരം ചെയ്തികളിൽ ഏർപ്പെടാൻ അദ്ദേഹത്തിനു എങ്ങിനെ സാധിക്കും? ആദർശനിഷ്ഠയോ വിശ്വാസശുദ്ധിയോ ഇല്ലാതെ എന്തും

ചെയ്യാമെന്നാണെങ്കിൽ മുൻ പ്രസിഡണ്ട് ഡോക്ടർ രാധാകൃഷ്ണനും, ഇപ്പോഴത്തെ വൈസ്പ്രസിഡണ്ട് മി. ഗിരിയും ഇസ്ലാമിൽ വിശ്വസിക്കുന്നുവെന്നു അവകാശപ്പെടുന്ന ഡോ. സാക്കിർ ഹുസൈനും തമ്മിൽ എന്തു വ്യത്യാസം? പേരിലല്ലാതെ പ്രസിഡണ്ട് എന്നനിലക്കു ഞങ്ങൾക്കു അദ്ദേഹത്തോടു തികഞ്ഞ ബഹുമാനമുണ്ട്. അദ്ദേഹം ചെയ്യുന്ന വിഗ്രഹാരാധനാപരമായ പ്രവർത്തനങ്ങളോടാണ് ഞങ്ങൾക്കു എതിർപ്പ്. മുമ്പ് ഡോക്ടർ രാധകൃഷ്ണൻ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ഞങ്ങൾ വിമർശിച്ചിട്ടില്ല. മി. ഗിരിയാണ് ഇതു ചെയ്യുന്നതെങ്കിലും ഞങ്ങൾക്കു ആക്ഷേപമില്ല. ഇവരുടെ പട്ടികയിലല്ലല്ലോ പക്ഷെ! സാക്കിർ ഹുസൈൻ.

മുസ്ലിംകൾ ദേശീയത്വത്തിന്റെയും മററും പേരിൽ അനിസ്ലാമിക ചെയ്തികളിൽ ഏർപ്പെടുന്നതിന്റെ മൂലകാരണം ഈയവസരത്തിൽ നമുക്കൊന്നു പരിശോധിക്കാം. മതത്തെസ്സംബന്ധിച്ചേടത്തോളം വ്യത്യസ്തമായ രണ്ടു വീക്ഷണം നിലവിലുണ്ട്. ഒരു വിഭാഗം മതത്തിന്നു ഒന്നാംസ്ഥാനം കൽപ്പിക്കുമ്പോൾ മറേറ വിഭാഗം മതത്തെ പിറകോട്ടു മാററിനിറുത്തി നാട്ടിനെ ഒന്നാംസ്ഥാനത്തു കുടിയിരുത്തുന്നു. ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ, ആദ്യം ഒരു മുസ്ലിം, രണ്ടാമത് ഒരിന്ത്യക്കാരൻ–ഇതാണ് ഒരു വീക്ഷണം. ആദ്യം ഒരിന്ത്യക്കാരൻ, രണ്ടാമതു ഒരു മുസ്ലിം–ഇതു രണ്ടാമത്തെ വീക്ഷണവും. ഇതനുസരിച്ചു ഏതു പരിതസ്ഥിതിയിലും, ഏതു കാര്യത്തിലും മതനിർദ്ദേശങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നു ഒന്നാമത്തെ വിഭാഗക്കാർ. രാജ്യത്തിന്നുവേണ്ടി മതത്തെ കുരുതികൊടുക്കാൻ അവർ സന്നദ്ധരല്ല. എന്നാൽ രണ്ടാമത്തെ വിഭാഗക്കാരുടെ നില മറിച്ചാണ്. നാടാണ് അവർക്കു പ്രധാനം–നാട്ടിന്റെ ഗുണത്തിന്നുപയുക്തമാണെന്നു തോന്നുന്ന എന്തു കാര്യവും അവർക്കു സ്വീകാര്യമാണ്! മതം അതു അനുവദിക്കുന്നോ, വിലക്കുന്നോ എന്നു നോട്ടമില്ല. ഉദാഹരണം പറയാം. സന്താനനിയന്ത്രണവും ഗർഭഛിദ്രവും രാജ്യപുരോഗതിക്കു സഹായമാണെന്നു തോന്നിയാൽ രണ്ടാമത്തെ വീക്ഷണക്കാർ ഇരുപുറവും നോക്കാതെ അതു സ്വീകരിക്കും. അതെക്കുറിച്ചുള്ള മതവിധി എന്തുമാവട്ടെ അതു അവർക്കു പ്രശ്നമല്ല. നാടാണ് അവരെസ്സംബന്ധിച്ചേടത്തോളം വലുത്. മതം അതിന്നു വഴിമാറിക്കൊടുത്തുകൊള്ളണം. വിവാഹം. വിവാഹമോചനം, സ്വത്തവകാശം തുടങ്ങിയ സാമൂഹ്യ നിയമങ്ങൾ ഏകീകരിക്കേണ്ടത് രജ്യതാല്പര്യത്തിന്നു അനിവാര്യമാണെന്നു ഈ വീക്ഷണക്കാർക്കു തോന്നുന്നു. അവർ അതിന്നുവേണ്ടി പ്രയത്നിക്കുന്നു. ഇസ്ലാമിക നിയമങ്ങളോ ആചാരങ്ങളോ അവർക്കതിന്നു തടസ്സമില്ല. ശരീഅത്തുനിയമം ഭേദഗതിചെയ്യണമെന്നു ശഠിക്കുന്നത് ആപല്ക്കരമായ ഈ വീക്ഷണഗതിക്കാരാണ്. ദേശീയപുരോഗതിയാണ് അവരുടെ ലക്ഷ്യം. അതിന്നു അവർ എന്തും ചെയ്യും. ശരീഅത്തിനെ ഭേദഗതിചെയ്യുന്നതിരിക്കട്ടെ, അതിനെ കുഴിച്ചുമൂടാൻപോലും അവർക്കു മടിയില്ല.

നാട്ടിന്നു ഇസ്ലാമിനേക്കാൾ പ്രാധാന്യം കല്പിക്കുക എന്ന മാരകമായ ഈ രോഗം ഇന്ത്യയിൽ മാത്രമല്ല, ചില മുസ്ലിംരാജ്യങ്ങളിലുമു

(ശേഷം 2-ാംപേജിൽ)

# ഫൈസൽ–ഒരു ലഘു പഠനം

പി. ഹംസ, കടന്നമണ്ണ

തികഞ്ഞൊരു മതഭക്തൻ, ബഹുമുഖങ്ങളായ പ്രഭാവ പ്രതാപങ്ങളിൽ പരിലസിച്ച് വിശ്വകീർത്തി നേടിയ ഒരു മഹത് വ്യക്തി, വിശ്വമുസ്ലിം ജനകോടികളുടെ ആരാധനാമന്ദിരത്തിന്റെ കാവൽഭടൻ തുടങ്ങിയ ഒട്ടേറെ ഉന്നതസ്ഥാനങ്ങളലങ്കരിക്കുന്ന ദേഹമാണ് ഫൈസലുബ്നു അബ്ദിൽ അസീസ്. ധീരതയുടെയും വീരപരാക്രമങ്ങളുടെയും നാളുകളാണദ്ദേഹത്തിന്റേത്. പുതിയൊരു ചൈതന്യത്തിന്റേയും നവോന്മേഷത്തിന്റേയും പ്രതീതിയാണ് അദ്ദേഹത്തിന്റെ സ്ഥാനാരോഹണം സഊദി അറേബ്യയിലെങ്ങും സംജാതമാക്കിയത്.

ഒരു രാഷ്ട്രീയനേതാവും, പ്രഭാഷകനും, സത്യ പ്രബോധകനും, ഇസ്ലാമിന്റെ ഒരുജ്ജ്വല വക്താവും, ഒരേ സമയത്ത് സമ്മേളിച്ച ആ അസുലഭ വ്യക്തിത്വത്തിലേക്കൊന്നെത്തിനോക്കുകയാണിവിടെ.

## ജനനവും വിദ്യാഭ്യാസവും

ഹി: 1324 ശവ്വാൽ ഒന്നിന്ന് (ക്രി: 1906ൽ) റിയാളിലെ ഒരഭിജാത കുടുംബത്തിലാണ് സൂര്യപുരുഷൻ ഭൂജാതനായത്.

മകന്റെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും വന്ദ്യപിതാവ് അനല്പമായി ശ്രദ്ധിച്ചു. അക്കാലത്തെ ഉന്നതശീർഷരായ പണ്ഡിതന്മാർമുഖേനയാണ് മകനെ പ്രാഥമിക വിദ്യാഭ്യാസം ചെയ്യിച്ചത്. നല്ലൊരു മതഭക്തനും വിദ്യാസമ്പന്നനുമായ പിതാമഹനും കുട്ടിയുടെ വിദ്യാഭ്യാസത്തിലും പുരോഗതിയിലും പ്രത്യേകം ശ്രദ്ധ ചെലുത്തി. ഭൗതികമായ ചുററുപാടുകളിൽനിന്നകന്ന് തികച്ചും മതശിക്ഷണശീലനങ്ങളിൽമാത്രം വളർന്ന ഫൈസൽ ചെറുപ്പന്നേ ഇസ്ലാമിക സംസ്കാരങ്ങളിൽ അതീവ തല്പരനായിരുന്നു. അതിന്നനുകൂലമായ സാഹചര്യമായിരുന്നു വീട്ടിലും നാട്ടിലും.

രാജാവ് അബ്ദുൽ അസീസിന്റെ 33 ആൺമക്കളിൽവെച്ചേററവും ബുദ്ധിമാനും, സ്വാതന്ത്ര്യ

പ്രേമിയും, അദ്ധ്വാനശീലനും, തന്ത്രജ്ഞനും ശരീരഘടനയിൽ പിതാവിനോടേററവും സദൃശനും ഫൈസലാണ്. അദ്ദേഹത്തെക്കുറിച്ച് ലിയോപോൾഡ് മുഹമ്മദ് അസദ് 'മക്കയിലേക്കുള്ള വഴി' [THE ROAD TO MECCA] എന്ന തൻെറ ഗ്രന്ഥത്തിൽ എഴുതുന്നു. "കരുണ, ചിന്താശീലം, മിതഭാഷണം എന്നീ സ്വഭാവങ്ങളുടെ വിളനിലമാണ് ഫൈസൽ. ഒരു രാജകുടുംബത്തിൽപെട്ടവനായതുകൊണ്ടല്ല ജനങ്ങളദ്ദേഹത്തെ ബഹുമാനിക്കുന്നത്. പ്രത്യുത, ഫൈസലിൻെറ മുഖത്ത് സ്ഫുരിക്കുന്ന ഗൗരവഭാവമാണ് അദ്ദേഹം ആദരിക്കപ്പെടാൻ കാരണം"

ഫൈസൽ യുവാവായിരുന്ന കാലത്താണ് മുഹമ്മദ് അസദ് ഇക്കാര്യം എഴുതിയത്.

### രാഷ്ട്രീയത്തിൽ:-

ശൈശവത്തിൽതന്നെ രാഷ്ട്രീയത്തിൽ അത്യധികം താല്പര്യവും വാസനയും പ്രകടിപ്പിച്ചിരുന്ന കഥാപുരുഷൻ. 14—ാംവയസ്സിൽ തന്നെ അദ്ദേഹം തൻെറ പിതാവിനോടൊപ്പം 'നജ്ദ്' 'ഹിജാസ്' എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പിതാവിനോടൊപ്പമുള്ള സന്തത സഹവാസത്തിൽ രാഷ്ട്രീയമായ എല്ലാ തന്ത്രങ്ങളും പഠിച്ച് മനസ്സിലാക്കുകയും യുദ്ധത്തിൽ നേതൃത്വം വഹിക്കാൻകൂടി നൈപുണ്യംനേടുകയുംചെയ്തു, നിരവധി യുദ്ധങ്ങളിൽ നേതൃത്വ കടിഞ്ഞാൺ പിടിക്കുകയും വിജയംവരിക്കുകയുംചെയ്ത പാരമ്പര്യമാണദ്ദേഹത്തിൻേറത്. പ്രേക്ഷകരെയെല്ലാം അത്ഭുതസ്തബ്ധരാക്കും യുദ്ധരംഗത്ത് അദ്ദേഹത്തിൻെറ ധീരപരാക്രമങ്ങൾ കണ്ടാൽ.

### ബഹുമുഖ വ്യക്തിത്വം:-

ആധുനിക മുസ്ലിംലോകത്തിൻെറ അഭിമാനസ്തംഭമാണ് ഫൈസൽ. ജീവിതമണ്ഡലത്തിൽ പല ഉന്നതസ്ഥാനങ്ങളും ഉത്തരവാദിത്വങ്ങളും അർപ്പിതമായിട്ടുണ്ടദ്ദേഹത്തിൽ. വിദേശങ്ങളിലെ ചില ഉന്നത സമ്മേളനങ്ങളിലും ചർച്ചായോഗങ്ങളിലും രാഷ്ട്രത്തിൻെറ പ്രതിനിധിയായും അല്ലാതെയും പല തവണ പങ്കെടുക്കേണ്ടിവന്നിട്ടുണ്ട്. ഇടക്കിടെയുള്ള വിദേശ പര്യടനം ഇംഗ്ളീഷ്ഭാഷയും ഫ്രഞ്ചും വശത്താക്കാൻ അദ്ദേഹത്തെ സഹായിച്ചു.

1926ൽ 'മജ്ലിസ് ശൂറാ'യുടെ പ്രസിഡണ്ടായി നിയമിക്കപ്പെട്ട മഹാനായ ഫൈസൽ. 1930ൽ സഊദി അറേബ്യയുടെ വിദേശകാര്യമന്ത്രിയാവാനും അദ്ദേഹത്തിന്ന് ഭാഗ്യംസിദ്ധിച്ചു. തദ്ഫലമായി വിദേശരാഷ്ട്രങ്ങളിൽവെച്ചു അറബികളുടെയും മുസ്ലിംകളുടെയും പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടേയിരുന്നു. 1945ൽ സാൻഫ്രാൻസിസ്ക്കോവിൽ യുണൈററഡ് നാഷൻസിന്റെ പ്രഥമ യോഗംചേന്നപ്പോൾ സഊദി അറേബ്യയുടെ പ്രതിനിധി ഫൈസലായിരുന്നു. അതിന്ന്ശേഷം 1947ലും '48ലും ചേന്ന ജനറലസംബ്ലി യോഗത്തി



ലും സഊദി സംഘത്തിൻെറ നേതൃത്വം മററാർക്കുമായിരുന്നില്ല. 1955ൽചേർന്ന ചരിത്രപ്രസിദ്ധമായ 'ബന്ദുങ്ങ് കോൺഫ്രൻസി'ൽ ഫൈസൽ ചെയ്ത പ്രസംഗം, അദ്ദേഹം സാധാരണ ഗതിയിലുള്ള ഒരുരാജാവല്ലെന്നതിൻെറ മകുടോദാഹരണമായിരുന്നു.

### നേതൃത്വ രംഗത്ത്:-

അനന്യസാധാരണമായ വ്യക്തിത്വവും അസുലഭ ബുദ്ധിവൈഭവവും നിസ്തുലസാമർത്ഥ്യവും സമഞ്ജസമായി സമ്മേളിച്ച ഫൈസലിൽ നേതൃത്വപദവികൾ ഓരോന്നോരോന്നായി വന്നുചേർന്നു. 1953ൽ ഫൈസൽ സഊദിഅറേബ്യയുടെ കാര്യദർശിയായി നിയമിതനായതിന്നുപുറമെ പ്രധാനമന്ത്രിയായും തിരഞ്ഞെടുക്കപ്പെട്ടു. 1961ൽ രാജാവിന്റെ പ്രതിനിധികൂടിയാകേണ്ടിവന്ന അദ്ദേഹത്തിന്ന്. രാജാവിൻെറ സാന്നിദ്ധ്യത്തിലും അല്ലാതെയും അദ്ദേഹം ഈ ഉത്തരവാദിത്വം നിർവ്വഹിച്ചുപോന്നു.

1964ൽ (ഹി: 1384 ജമാദുൽ ആഖിർ 27ന്ന്) ഒരു പണ്ഡിത സംഘടനയുടെ ഫത്വാ മുഖേന സഊദി അറേബ്യയുടെ രാജാവായി അവരോധിക്കപ്പെട്ട മഹാനായ ഫൈസൽ.

ഇസ്ലാമിൽകൂടി ചിന്തിക്കുകയും അതിൽക്കൂടിമാത്രം ചരിക്കുകയും ചെയ്യുന്ന ഫൈസലിൻെറ സഊദിഅറേബ്യ ഇന്ന് ഒരു യഥാർത്ഥ 'ഇസ്ലാമികരാഷ്ട്രത്തിന്റെ മകുടോദാഹരണമാണ്. ഇസ്ലാമികവ്യവസ്ഥയിൽനിന്ന് അണുവളവ് തെററാൻ അദ്ദേഹം തൻെറ രാഷ്ട്രത്തെ അനുവദിക്കാറില്ല. രാഷ്ട്രത്തിൻെറ പുരോഗതിക്കും അഭിവൃദ്ധിക്കുംവേണ്ടി അദ്ദേഹം ചെയ്യുന്ന സേവനങ്ങൾ പ്രശംസാർഹമത്രെ.

വൈദ്യരംഗം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടദ്ദേഹം, നഗരങ്ങളിൽമാത്രമല്ല ഗ്രാമഗ്രാമാന്തരങ്ങൾതോറും ആധുനികരീതിയിലുള്ള എയർകണ്ടീഷൻ ആസ്പത്രികൾ നിർമ്മിക്കുകയും അതിലേക്കാവശ്യമായ ഡോക്ടർമാരെ വിദേശങ്ങളിൽനിന്നു കൊണ്ടുവരികയും ചെയ്തിട്ടുണ്ട്

വിദ്യഭ്യാസ,വ്യവസായം,പൊതുമരാമത്ത്, കൃഷി എന്നീ രംഗങ്ങളിലും അസൂയാർഹമായ പുരോഗതിയാണ് അദ്ദേഹത്തിൻെറ നാട്ടിന്ന് നേടാൻകഴിഞ്ഞത്. മററു അറബ്രാഷ്ട്രങ്ങൾക്കെല്ലാം മതിപ്പും ബഹുമാനവുമുണ്ടാക്കിയിട്ടുണ്ട് അദ്ദേഹത്തിൻെറ ഈദൃശപ്രവർത്തനങ്ങൾ.

### ഇസ്ലാമികൈക്യവും ഫൈസലും,

ഇരമ്പിക്കയറുന്ന അറബ്ദേശീയത്വത്തിൻെറ പ്രചണ്ഡമായ

പ്രവാഹത്തെ തടുക്കാൻ ധിഷണാശാലിയായ ഫൈസൽ ആവിഷ്കരിച്ച ഒരു സംരംഭമാണ് വസ്തുവത്തിൽ ഇസ്ലാമികൈക്യം. തികച്ചും ഇസ്ലാമികോദ്ദേശവും താല്പര്യ്യവുമാണതിൻെറപിന്നിൽ. 1965 ഡിസംബറിൽ ഇറാനിലെ രാജാവ് മുഹമ്മദ്രിസായെ കാണാൻ ഫൈസൽരാജാവ് തെഹ്റാനിലെത്തുകയുണ്ടായി. അവിടെവെച്ച് ഇരുവരും ഒരു സംയുക്ത പ്രസ്താവനയിലൂടെ പ്രഖ്യാപിച്ചു. "ഇസ്ലാമികൈക്യാവശ്യാർത്ഥം ലോകമുസ്ലിം രാഷ്ട്രത്തലവന്മാരുടെ ഒരുയോഗം ചേരണ"മെന്ന്. അതോടെ ഇസ്ലാമികൈക്യത്തിൻെറ പ്രാരംഭം കുറിച്ചു.

പക്ഷെ സിറിയ ഈ സംരംഭത്തെ എതിർക്കുകയാണുണ്ടായത്. സിറിയൻ പ്രസിഡണ്ട് പറഞ്ഞു "ഈ ഇസ്ലാമിക ഉടമ്പടിക്കെതിരിൽ അറബ്വിപ്ലവരാഷ്ട്രത്തലവന്മാരുടെ ഒരു യോഗംചേരേണ്ടതുണ്ട്"ന്ന്. അറബ് വിപ്ലവരാഷ്ട്രങ്ങൾകൊണ്ടുദ്ദേശ്യം ഈജിപ്ത്, സിറിയ, ആൾജീരിയ, ഇറാഖ്, യമൻ എന്നീ രാഷ്ട്രങ്ങളാണ് അറബികളുടെ കേന്ദ്രം കൈറോവല്ലാതെപോയതാണത്രെ ഈ എതിർപ്പിൻെറയെല്ലാം പിന്നിലുള്ള രഹസ്യം.

"ഇസ്ലാമികൈക്യത്തിന്റെ ഒരു യോഗം വിളിച്ചുകൂട്ടുകതന്നെ ചെയ്യും. അതിൽ പങ്കെടുക്കാൻ ഈജിപ്തിനേയും ക്ഷണിക്കും" ഫൈസൽ പ്രഖ്യാപിച്ചു. താമസിയാതെ ഒരു റഷ്യൻ പത്രപ്രതിനിധിയുമായുണ്ടായ അഭിമുഖസംഭാഷണത്തിൽ നാസിർ പറഞ്ഞു. "അറബ്ജനത മുമ്പും ഇത്തരം ഒരു ഉടമ്പടിക്കെതിരായിരുന്നു. ഇപ്പോഴും അങ്ങിനെതന്നെചെയ്യും."

യോഗത്തിലേക്ക് ക്ഷണിക്കാൻ പല മുസ്ലിം രാഷ്ട്രത്തലവന്മാരേയും ഫൈസൽ ചെന്നുകാണുകയുണ്ടായി. ചിലർ അനുകൂലിച്ചെങ്കിൽ മറ്റുചിലർ പ്രതികൂലിച്ചു. ഇപ്പോൾ ഇറാൻ, തുർക്കി, ജോർഡാൻ, മൊറോക്കോ, ലിബിയ, ടുനീഷ്യ, സുഡാൻ, പാക്കിസ്ഥാൻ (എല്ലാ മുസ്ലിം രാഷ്ട്രങ്ങളും അനുകൂലമാണെങ്കിൽ അനുകൂലമാണെന്ന നിബന്ധനയോടെ) എന്നീ രാഷ്ട്രങ്ങൾ ഇസ്ലാമികൈക്യത്തെ അനുകൂലിക്കുന്നവരാണ്. ഐക്യ അറബ് റിപ്പബ്ലിക്, ഇറാഖ്, സിറിയ, അൽജീരിയ, യമൻ എന്നീ രാഷ്ട്രങ്ങൾ അതിന്നെതിരുമാണ്. ചേരിചേരാ രാഷ്ട്രങ്ങളാണ് ലബനാനും കുവൈത്തും.

എങ്കിലും ഇസ്ലാമികൈക്യത്തെ സാക്ഷാല്കരിക്കാനുള്ള തകൃതിയായ ശ്രമത്തിലാണിപ്പോൾഫൈസൽ.

# യുവതലമുറ

## മുഹ്യിദ്ദീൻ മദനി, പരപ്പനങ്ങാടി

കുട്ടികൾ, യുവാക്കൾ, സ്ത്രീകൾ, പുരുഷന്മാർ, മദ്ധ്യവയസ്കർ. വയോവൃദ്ധർ അങ്ങിനെ ഒരു ശരീരത്തിലെ അവയവങ്ങളാണ് സമുദായം. ഒന്നൊഴിവാക്കി മറ്റൊന്നുകൊണ്ട് സമുദായപ്രവർത്തനം സുഗമമാവില്ല. അങ്ങിനെ ചെയ്യുന്നത് ആപൽക്കരമായ ദോഷവും. ഒരു കുട്ടിയോടുള്ള സമീപനത്തിൽനിന്നു വ്യത്യസ്തമായിരിക്കും മദ്ധ്യവയസ്കനോട്. ഉദ്ധാരണരംഗത്ത് സ്ത്രീയും പുരുഷനും വ്യത്യസ്തകോണുകളിലാണ്. കുട്ടിയുടെ മനഃശ്ശാസ്ത്രം കണക്കിലെടുത്തു അവൻെറ നൈസർഗ്ഗികവാസന നല്ലൊരു സമുദായ സംവിധാനത്തിന്നൊരുക്കണം. കുട്ടിയുടെ ലോകം ആദ്ധ്യാത്മമാണ്. ആ കുരുന്നുമനസ്സിൽ ഒരു പോറലേററാൽമതി സമുദായശരീരം വേദനിക്കാൻ. അവൻെറ സ്വഭാവപരിഷ്കരണം നന്നെ ചെറുപ്പത്തേ തുടങ്ങണം. ചീത്തക്കുട്ടികളുമായുള്ള കൂട്ടുകെട്ട്, അന്ധമായ ധാരണകൾ, ഇതവനിൽ എത്രയും വേഗം നീക്കാൻ മാതാവ് ശ്രദ്ധിക്കുന്നപോലെതന്നെ അവൻെറ മുന്നിൽവെച്ചു ചീത്തവാക്കുകൾ ഉപയോഗിക്കാതിരിക്കാനും അവർ ശ്രദ്ധിക്കേണ്ടതാണ്. മാതാപിതാക്കളെപ്പററി ഒരു ദുഷ്ടവിചാരം അവൻെറ മനസ്സിൽ കടന്നുകൂടിയാൽ അവനൊരിക്കലും അവരെ അനുസരിക്കുമെന്നു കരുതേണ്ട. സത്യസന്ധത മതബോധം, ധീരോദാത്തത, ദൃഢനിശ്ചയം, വിനയം ഇതവനിൽ ചെറുപ്പംമുതൽ രൂഢമൂലമാവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. തീക്കട്ടകണ്ടാലും മാണിക്യമാണെന്നു കരുതുന്ന ലോകമാണവരുടേത്. ചീത്തയും നല്ലതും അവർക്കൊരു പ്രശ്നമല്ല. ഒരു രാഷ്ട്രീയക്കാരൻെറ വമ്പൻ പ്രസംഗവും ഒരു മതപണ്ഡിതൻെറ തത്വോപദേശവും അവന്നു സമമാണ്, പള്ളിയും സിനിമാഹാളും അവന്നൊരുപോലെതന്നെ. സിനിമയിൽ കാണുന്ന വർണ്ണപ്പകിട്ട് കൂടുതലവനെ ആകർഷിക്കുന്നു. അണിയറയിനിന്നുള്ള നമസ്കാരത്തേക്കാളും അവൻെറ ഹൃദയത്തെ വശീകരിക്കുന്നത് ആർത്തുല്ലസിച്ചുപോവുന്ന "ഇംക്വിലാബ്" ജാഥകളാണ്. നിഷ്കളങ്കമായ അവൻെറ പ്രകൃതിയെ ഇവിടുന്ന

ങ്ങോട്ട് പാകപ്പെടുത്തണം. ഒരു ദിവസം മദ്രസ്സയിൽ പോകാത്തത്കൊണ്ട് അടിക്കഷായം നൽകുന്ന മാതാവും മറെറാരു ദിവസം "അലിഫുബാ" തെററിയതുമൂലം തുടപൊളിക്കുന്ന ഗുരുനാഥനും അവനെ തെററിയ വഴിയിലേക്കാണ് തിരിച്ചുവിടുന്നത്, ഇസ്ലാം ഇതൊരിക്കലും അനുവദിക്കുന്നില്ല. ഗുരുനാഥനോടുള്ള സ്നേഹം മൂർഖനോടെന്നപോലെയും മാതാവിനെസ്സംബന്ധിച്ച അവൻെറ വിചാരം സിംഹത്തോടെന്നപോലെയുമാവരുത്. കൂട്ടുകാരുമൊത്ത് കളിച്ചാർത്തുവരുന്ന മകനെ ചൂരൽ പ്രയോഗം നടത്തുന്ന മാതാപിതാക്കന്മാർ അവൻെറ സ്വഭാവസംസ്കാരത്തിൽ തീരെ ശ്രദ്ധിക്കാത്തവരാണ്. നോക്കൂ! രണ്ടു കൊച്ചു പൈതങ്ങൾ, ഹസ്സനും ഹുസ്സയ്നും മുസ്തഫാ(സ)ൻെറ പുറത്തു കയറുന്നത്, മസ്ജിദുന്നബവിയിൽ ജമാഅത്തായി അദ്ദേഹം നമസ്കരിക്കുകയാണ്. ആ ചെറിയ കുട്ടികളുടെ ആഹ്ലാദവും അവരുടെ ലോകവും നബിയംഗീകരിച്ചു. ചാട്ടവാർ നബിയെടുത്തില്ല. ഈത്തപ്പനഈളിൻെറ ചൂരൽ അവിടെ കിട്ടാഞ്ഞിട്ടായിരുന്നില്ല. അട്ടഹാസവും ക്രൂരമായ നയങ്ങളും നബിയിൽനിന്നു ദൃശ്യമാവുന്നില്ല. നബിയുടെ അടുത്ത സമീപനം കാണുമ്പോൾ നമ്മളിലുള്ള യുവമാതാപിതാക്കളും കാരണവന്മാരും ലജ്ജിക്കുമോ! നബിയുടെ വിശാലമനസ്കതയുടെ ഒരൽപമെങ്കിലും നമ്മളും ശ്രദ്ധിച്ചാൽ.......? നബിയവരെയെടുത്തു ഒക്കത്തുകെട്ടുന്നു. ചെറിയവരുമായി വർത്തിക്കേണ്ട ഒരു പരസ്യമായ പ്രഖ്യാപനം പിന്നീടൊരിക്കൽ നബി നൽകി. കുട്ടികളോട് കരുണചെയ്യാത്തവൻ നമ്മിൽ പ്പെട്ടവനല്ല". ഇസ്ലാമിൻെറ ശാസനയാണത്.

## മകൻെറ പരാതി.

മഹാനായ ഉമറുൽ ഫാറൂഖിൻെറ കാലത്ത് ചെറിയൊരു കേസ്സുനടന്നു. പിതാവ് മകനെതിരിൽ ബോധിപ്പിച്ച കേസ്.

"ഇവൻ എന്നെ തീരെ അനുസരിക്കുന്നില്ല. എന്നോടുള്ള കടപ്പാട് നിറവേററുന്നില്ല, ഇസ്ലാം പറഞ്ഞ വിധേന മാതാപിതാക്കളെ ആദരിക്കുകയോ സ്നേഹിക്കുകയോ ചെയ്യുന്നില്ല". പിതാവിന്റെ വാദമായിരുന്നു അത്. നീതിമാനായ ഉമർ(റ) മകൻെറ നേരെ തിരിഞ്ഞു അവൻെറ വിശദീകരണം ആവശ്യപ്പെടുന്നു." ന്നെ ചെറുപ്പകാലത്ത് ഇവരൊരു ഉത്തമമനുഷ്യരാക്കിയില്ല. മതവിധി എനിക്കറിയിച്ചുതന്നില്ല. ഇസ്ലാമിക ശാസനകളവരെന്നെ ഉണർത്തിയില്ല. കുറെയെല്ലാം ബാപ്പ പറഞ്ഞതു തന്നെയാണ് നേര്. മകൻെറ മറുപടി അതായിരുന്നു. അങ്ങനെ വാദി പ്രതിയായി, ഈ ചരിത്രസംഭവം നമ്മെ പഠിപ്പിക്കുന്നതെന്താണെന്നോ? കുട്ടികളോടുള്ള കടപ്പാട് നിർവ്വഹിക്കാത്ത പിതാവിനെതിരിൽ ഒരു മകൻെറ എതിർമൊഴി.



കുട്ടികളോട് നല്ല സമീപനത്തോടെ അവരുടെ വിചാരങ്ങൾ നന്നാക്കുകയും പ്രവൃത്തികൾ ശുദ്ധീകരിക്കുകയും ചെയ്യണം. നല്ലൊരു തലമുറയുടെ സംവിധാനമാവണം ലക്ഷ്യം. ഇസ്ലാമിൻെറ ശാസനകളനുസരിച്ചു ജീവിക്കുന്ന ഒരു യുവതലമുറ എന്തൊരു ഭംഗിയായിരിക്കും സമുദായത്തിനെന്നോ?.

ചെറുപ്പത്തിലെപ്രകൃതിയാണ് മനുഷ്യനെ ഭാവിയിലെ നല്ലവനാക്കുന്നത്. കള്ളനും കൊള്ളരുതാത്തവനും, സഹൃദയനും ജനസേവകനും എല്ലാം രൂപംകൊള്ളുന്നത് ഇവിടന്നങ്ങോട്ടാണ്.

കണ്ണാടിയേക്കാളും നൈർമ്മല്യമാണവരുടെ മനസ്സ്. കാപട്യമില്ല. വൈരാഗ്യമില്ല. അവരുടെ പ്രായം കണക്കിലെടുത്തുവേണം അവരുമായി ഇടപെടുവാൻ. ചെറിയൊരു ആക്ഷേപസ്വരം മതി അവരെ ചഞ്ചലചിത്തരാക്കാൻ. ആക്ഷേപാധിക്യമൂലം മാതാപിതാക്കളെസംബന്ധിച്ചുള്ള വെറുപ്പ് ഹൃദയത്തിൽ ഉടഞ്ഞുകൂടുന്നു. നൈരാശ്യവും നിർവീര്യതയും അവൻെറ കൂടപ്പിറപ്പായി അവനോടൊപ്പം വളരുകയായിരിക്കും ഇതുമൂലം ചെയ്യുക. മാത്രമല്ല കൂടുതൽ അനുസരണക്കേട് കാണിക്കാനും ദുഷ്ടപ്രവർത്തനങ്ങൾ കൂടുതൽ ചെയ്യുവാനും മാത്രമെ ഇതുകൊണ്ട് സാധിക്കൂ! ഇതുകാരണം വീട്ടിൽനിന്നൊളിച്ചോടിപോവാനും ജീവിതമവസാനിപ്പിക്കാനും മുതിരുന്ന കുട്ടികളുമുണ്ട്. നയപരമായ സമീപനത്തിൻെറ ദൗർബല്യമാണ് ഇവിടെ നാം കാണുന്നത്.

## അഹ്നഫിൻെറ ഉപദേശം.

ധീരനും ശൂരനുമായ മുആവിയ(റ)- ഭരണചക്രം തിരിക്കുന്ന മുആവിയ തൻെറ പുത്രനായ യസീദിനെ നന്നാക്കുന്നതിൽ പരാജയപ്പെടുന്നു. അന്നത്തെ പണ്ഡിതകേസരിയായ അഹ്നഫ്ബിൻ ഖൈസ്(റ)വിനെ വിളിച്ചുവരുത്തി മുആവിയ ചോദിക്കുന്നു.

"വിജ്ഞാനസാഗരമേ! കുട്ടികളെസംബന്ധിച്ച അവിടുന്നു എന്തുപറയുന്നു?" "അമീറുൽ മുഅ്മിനീൻ! നമ്മുടെ ഹൃദയഫലങ്ങളും മുതുകിൻെറ സ്തംഭങ്ങളുമാണവർ. നാമവർക്ക് കീഴ്പ്പെട്ട ഭൂമിയും തണലേവുന്ന ആകാശവുമാണ്. അവർ മൂലം നാം ഔന്നിത്യം പ്രാപിക്കുന്നു, അവർ ആവശ്യപ്പെട്ടാൽ നൽകുക: അവർ കോപിച്ചാൽ സന്തുഷ്ടരാക്കുക. എന്നാൽ നിങ്ങൾക്കവരുടെ സ്നേഹം കരസ്ഥമാക്കാം, അവരുടെ അദ്ധ്വാനം താങ്കളെയും ഇഷ്ടപ്പെടുത്തും. അവർക്ക് താങ്കളൊരു ഭാരമാവരുത്. ഭാരമായാൽ താങ്കളുടെ ജീവിതം അവർ മടുക്കുന്നു. താങ്കളുടെ നിര്യാണം അവരാഗ്രഹിക്കുന്നു. താങ്കളുടെ സാമീപ്യം വെറുക്കുന്നു", അഹ്നഫിൻെറ ഈ വാക്ക്കേട്ട് മുആവിയയുടെ ഹൃദയം വിശാലമാവു

ന്നു. "യസീദിനോടുള്ള കോപ
ത്താൽ ഹൃദയം തുടിക്കുമ്പോഴാ
ണ് ഹ: അഹ്നഫ്, താങ്കൾ
വന്നത്"മുആവിയ പറഞ്ഞു. അ
ഹ്നഫിൻെറ ഉപദേശം മുആ
വിയയുടെ ഹൃദയത്തെ പ്രകാശ
പൂരിതമാക്കി. യസീദിനെ സം
ബന്ധിച്ച ദുർവ്വികാരങ്ങൾ ഒഴി
വാക്കിയപ്പോൾ ആ പിതൃ പുത്ര
ബന്ധം സുദൃഢമാവുന്നു.

മററു ചിലരുണ്ട്, കുട്ടികളെ
സ്നേഹാധിക്യം നിമിത്തം ദുഷിപ്പി
ക്കുന്നവർ. ഇവരും സമുദായ ദ്രു
പീകരണത്തിൽ ശ്രദ്ധിക്കാത്തവ
രാണ്. നവതലമുറയുടെ കൈക
ൾ സുശക്തമാണെങ്കിൽ ആ സമു
ദായത്തിൻെറ ഭാവി ശോഭനമാ
ണെന്ന് നാ മോ ർക്കേ ണ്ട തു ണ്ട്.
നോക്കു! കുറച്ചുകുട്ടികളെ, വാളെടു
ക്കാനവരുടെ കൈകൾ പ്രാപ്തമ
ല്ല. ശത്രുക്കളുടെ വെട്ടേൽക്കാൻ
അവരുടെ നെഞ്ച് ഉറപ്പുപോരാ.
എന്നിട്ടും ഒരു ബാലനതാ യുദ്ധം
ചെയ്യാനനുവാദം ചോദിക്കുന്നു.
ഹ: അബ്ദുല്ലാഹ്ബിൻ ഉമറി
ൻെറ വയസ് തികയാത്തതു് നി
മിത്തം നബി ഉഹ്ദ് യുദ്ധത്തി
ന്നനുവാദം നിഷേധിക്കുന്നു. മ
റെറാരുബാലനും പ്രായം തിക
ഞ്ഞിട്ടില്ല. എന്നിട്ടും തൻെറ നേ
താവിൻെറ ജീവൻ രക്ഷിക്കാൻ
ജീവാർപ്പണത്തിനൊരുങ്ങുന്നു.
ഹ: അലി (റ) റസൂൽ ഹിജ്റ
പോവുമ്പോൾ അദ്ദേഹത്തിൻെറ
പുതപ്പിന്നുള്ളിൽ നബിയുണ്ടെന്നു
ശത്രുക്കളെ ബോധ്യപ്പെടുത്താൻ
ഒളിഞ്ഞുകിടക്കുന്നു.

## യുവലോകം

നല്ല ചുററുപാട് അവരെ
മാതൃകാ ബാലരാക്കി. പിന്നീടവ
രെ സമുദായത്തിൻെറ കടിഞ്ഞാ
ൺപിടിക്കുന്ന നേതാക്കന്മാരുമാ
ക്കി. ഇനി യുവാക്കളുടെ കാര്യമാ
ണ്. ചോരത്തിളപ്പിൻെറ കാലം
ലോകം തങ്ങളുടെ കരങ്ങളിലാ
ണെന്നാണവരുടെ ധാരണ. ശരി
യാണ്. ഈ കാലത്ത് പ്രവർത്തി
ക്കാനുള്ള ആവേശംകൊണ്ട് വീർ
പ്പ്മുട്ടുകയാണ് അവനിലെ യുവാ
വ്.

വിവിധ കഴിവുകൾ അവ
ൻെറ യുവത്വമാകുന്ന വൃക്ഷത്തിൽ
കായ്ക്കുന്നു. അതുകൊണ്ട് അത്
വാടാതെ തളിർക്കേണ്ട കർത്ത
വ്യം സമുദായമാകുന്ന കൃഷിക്കാര
ന്നാണ്. കുറേ പ്രവർത്തിക്കണം.
അത് ഏതു മാർഗ്ഗമായാലും തര
ക്കേടില്ല. അതാണ് യുവാവിൻ്റെ
ഭാവം. വളരാൻ കൊതിക്കുന്ന
സംഘടനകൾക്കും പ്രസ്ഥാനങ്ങൾ
ക്കും ഇവരാണായുധം, വിപ്ള
വ മനസ്ഥിതിയും എല്ലാം പുല്ലാ
ണെന്ന ബോധവും എന്തും നിഷ്
പ്രയാസം തരണംചെയ്യാമെന്ന ദൃ
ഢനിശ്ചയവും യുവാക്കളുടെ സ
വിശേഷ വിശേഷതകളാണ്.
മുസ്ലിം സമുദായം യുവാക്കളെ അ
വഗണിച്ച ശോകമായ ചരിത്രം
നമ്മെ ഞെട്ടിക്കുന്നു. അവരുടെ
വിവിധ കഴിവുകൾ അനാവശ്യ
മാർഗ്ഗത്തിൽ ചിലവഴിച്ചുകൊ
ണ്ടിരിക്കയാണവർ. മുസ്ലിം യു
വാക്കളുടെ മസ്തിഷ്കം ഇസ്ലാമെ
ന്നുകേട്ടാൽ വികാസത്തിന്നു പക
രം....?മുമ്പ് സമുദായശരീരത്തിന്ന്
അടിത്തറപാകിയ യുവാക്കളിന്ന്
അതെ സമുദായത്തെ പൊളിക്കു
ന്നു. ഇതവരുടെ കുററമല്ല. സ
മുദായമവർക്കൊരു രംഗം സൃഷ്ടി
ച്ചുകൊടുത്തില്ല. യുവവിദ്യാർത്ഥി
ക്കൊരു സ്റ്റേജും – യുവസാഹിത്യ
കാരന്നവൻെറ പുരോഗമനമാർ
ഗ്ഗവും യുവതൊഴിലാളിക്കവൻെറ
പ്രവർത്തനരംഗവും. ഇസ്ലാമികാ
ടിസ്ഥാനത്തിൽ സമുദായമൊരു
ക്കിയില്ല. മതപണ്ഡിതന്മാരെന്നു
കേട്ടാൽ മുസ്ലിം യുവാവിൻെറ
മനസിൽ ഒരായിരം പരിഹാസ
മാണുണ്ടാവുന്നത്. യുവത്വത്തി
ൻെറ ദശയെ തീരെ മാനിക്കാതെ
നല്ലവഴിക്കവരെ തിരിച്ചുവിടാതെ
പണ്ഡിതന്മാർ ആക്ഷേപശരം മാ
ത്രം തൊടുത്തുവിട്ടതുകൊണ്ട് മത
ത്തോടവർക്ക് പുച്ഛമായി. പള്ളി
യോടവർക്ക് വിരസതതോന്നി. മ
തത്തിൻെറ ചട്ടക്കൂട്ടിൽ ഒതുങ്ങിനി
ൽക്കുന്നതിന്നു പകരം പരിഷ്കാ
രത്തോണിയിൽ വിഹരിക്കാൻ
ചില തലതിരിഞ്ഞ പിതാക്കൾ
കുട്ടികളെ അഴിച്ചുവിടുകയും ചെ
യ്തു. അതിൻെറ പരിണതഫല
മോ! പണ്ഡിതന്മാരുടെ കരങ്ങ
ളിൽനിന്നു വലിയൊരു സമൂഹം
വഴുതിപ്പോയി. കെല്പില്ലാത്ത കു
റെ മന്ത്രം ഉരുവിടുന്നവരുടെമാത്രം
സംഘടനയായി മാറി മതസംഘട
നകൾ. പ്രവർത്തിക്കാനുള്ള ആവേ
ശത്താൽ സമുദായത്തിലെ ചെറു
പ്പക്കാർ മററു പലതിൻെറയും പ്ര
ചാരകന്മാരായി മാറി. ഇനി സ
മുദായത്തിലെങ്ങാൻ എതെങ്കിലും
യുവാവ് പ്രവർത്തിക്കാനൊരുമ്പെ
ട്ട് കച്ചകെട്ടിയാൽതന്നെ മാനത്തു
നോക്കിനിൽക്കേണ്ട ഗതികേടാണ
വന്ന് വന്നുവശാവുന്നത്. മൂത്തി
ർന്നവരുടെ പുച്ഛംകലർന്ന സംസാ
രം പൂർവ്വികമായ ആഭിജാത്യ ജൽ
പനം കേട്ട് മിണ്ടാതിരുന്നോള
ണം അവൻ. ഇസ്ലാമിക ച
രിത്രം പരിശോധിക്കുമ്പോൾ യു
വാക്കളുടെ പ്രസ്ഥാനമാണ് ഇ
സ്ലാമെന്നു കാണാം. തൗഹീദി
ൻെറ പര്യായമായ ഹ: ഇബ്രാ
ഹീം(സ)മിന്നു് യുവരക്തമായിരു
ന്ന സഹായത്തിനെത്തിയിരുന്ന
ത്. വേണ്ട–അദ്ദേഹംതന്നെ അ
ന്നൊരു യുവാവായിരുന്നു. കാരണ
വന്മാർ പൂർവ്വികത്വം ജപിച്ചപ്പോ
ൾ യുവാക്കളാണ് സത്യാദർശത്തി
ലാകൃഷ്ടരായത്. പ്രവാചകന്മാ
രുടെയെല്ലാം സ്ഥിതി തഥൈവ.

സമുദായത്തിൻെറ അവഗ
ണനാ മനോഭാവം യുവലോക
ത്തെ മററാദർശങ്ങളിലേക്കു തിരി
ച്ചുവിട്ടു. വ്യഭിചാരശാലകളില
വരുണ്ട്. കള്ള്ഷാപ്പിലെ നി
ത്യസന്ദർശകരാണ്. ശീട്ടുകളി
യിലും മുമ്പന്മാർ അവർ തന്നെ.
അവരെഴുതുന്ന കഥകൾ കേട്ടാൽ
പിശാച്പോലും നാണിച്ചുപോ
വും. അവരുടെ ഭാഷണശൈലി
ഇബ്ലീസിനെ പൊട്ടിച്ചിരിപ്പി
ച്ചു. ചിലയാൾക്കാർ ബോധപൂ
ർവ്വം ഇതിന്നവരെ പ്രേരിപ്പിച്ചു.
മാദകത്വത്തിൻെറ തീക്ഷ്ണത മ
തിവരോളം പലതും അവരാസ്വദി
ച്ചു. യുവാക്കളെ നയപരമായി
വാർത്തെടുക്കാത്ത ദോഷമായിരു
ന്നു അത്. നിഷ്ഠത നിരീശ്വര
പ്രവണതയിൽ യുവാക്കൾ അലി
ഞ്ഞുചേർന്നു. മതം പഴഞ്ചനാണെ
ന്നാണവരുടെ ധാരണ. അതുമ
ല്ലെങ്കിൽ 'ഇന്നത്തെ "സയൻസ്"
ലോകത്തിൽ ഇസ്ലാം പര്യാപ്ത

മല്ലെന്ന അബദ്ധമായ തെററിധാരണ. മതമറിയാത്ത ചില ''പരിഷ്കൃ,,ള്ളവർ ഇതിന്നു നേതൃത്വം നൽകി. ഇക്കൂട്ടർക്ക് നമസ്കാരമില്ല. നോമ്പില്ല. ഈ സന്ദർഭത്തിൽ അറബികൾക്ക് നേരിട്ട ക്രൂരമായ യഹൂദ വഞ്ചനക്ക്ശേഷം ഒരു പാശ്ചാത്യൻ പത്രം എഴുതി. ''എന്താണീ ഇസ്‌ലാമ്........? അതിൻെറ അനുയായികൾ ആധുനികലോകത്തിന്ന് പ്രായോഗികമല്ലെന്നുകണ്ട് അതിനെ കയ്യൊഴിച്ചു''.

ഇഖ്‌ലാസ് കുറഞ്ഞ പ്രവർത്തനം കാരണം അല്ലാഹു അവരെ അധമരാക്കി. മററുള്ളവരുടെ കൂലിത്തൊഴിലാളികളും റാൻമൂളികളുമായധഃപതിച്ച സമുദായം. എന്തിന്നേറെ മററു സമുദായങ്ങളുടെ മുന്നിൽവെച്ചു ഒററപ്പെട്ട ഒരു മുസ്ലിമിന്നു താൻ മുസ്‌ലിമാണെന്നു പറയാൻ നാണം. പേര് മാററിമറിച്ചു. അബൂബക്കർ അബോബേക്കറായി പരിഷ്കരിച്ചപ്പോൾ സഫിയ്യ: സോഫിയായായി. പേരിലെന്തിരിക്കുന്നു എന്നാണവരുടെ മറുപടി. ഒരു മുസ്‌ലിമിന്ന് മറെറാരുത്തനെ കണ്ടുകൂടാ ഇയാളുടെ പുരോഗമനത്തിൽ അയാൾ അസൂയപ്പെടുന്നു. എന്തുലോകമാണെന്നോ!

ഇസ്ലാമിലേക്കു തിരിച്ചുവിടണം

''ഒരു സഹോദരനെ മുഖപ്രസന്നതയോടെ സ്വീകരിക്കുക ഈമാനിൽ പെട്ടതാണ്'' റസൂൽ പറഞ്ഞു. സംഘടിതമായ പ്രവർത്തനത്തിലൂടെ സമുദായത്തിലെ പണ്ഡിതന്മാരും ഉമറാക്കളും ദീനിന്നുവേണ്ടി പ്രവർത്തിക്കണം. തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾ ഒഴിവാക്കിമാത്രം അവരതിന്ന് ഒരുമ്പെട്ടാൽ മതി. യുവാക്കളുടെ ആവേശം മതത്തിലേക്ക് തിരിച്ചുവിടാൻ കാര്യമായി ശ്രദ്ധിക്കുക.

യുവാക്കളായ താരിഖും, ഖാസിമും, ഖാലിദും സ്പയ്നും സിന്ധുവും ഇറാഖുമെല്ലാം തങ്ങളുടെ അധീനത്തിലാക്കിയ പാരമ്പര്യം മുസ്‌ലിം യുവാക്കൾക്കുണ്ട്. സമുദായത്തിൻെറ നീറുന്ന ഏതു വമ്പൻ പ്രശ്നവും അവർ പരിഹരിക്കും. ഉറങ്ങിക്കിടന്നിരുന്ന ചില സ്ഥലത്ത് മുസ്‌ലിംനേതാക്കന്മാർ പ്രവർത്തിച്ചപ്പോൾ പള്ളിയായി. വിദ്യാർത്ഥികളുണ്ടായി. നാട്ടിൻെറ ചുററുപാടും ദീനിസേവനം നടത്തുകയും റസീവർമാരാവുകയും ചെയ്തു. യുവാക്കൾ പ്രവർത്തിച്ചതും കേരള സംസ്ഥാനത്തിൻെറ തലസ്ഥാനത്ത് ''തൗഹീദിൻെറ മണിനാദം മുഴങ്ങുന്ന മസ്ജിദുണ്ടാകുന്നതും ഇതിനൊരുദാഹരണമാണ്. ഇന്ന് മുസ്‌ലിംലോകത്തുടനീളം യുവാക്കളുടെകാര്യം സഗൗരവം ചിന്തിച്ചുകൊണ്ടിരിക്കയാണ്. ഒരു ലോക മുസ്‌ലിം യുവസംഘടന. ഇതിൽ വയറുവിശക്കുമ്പോൾ സ്കൂൾ ചാമ്പലാക്കുന്ന വിദ്യാർത്ഥിയോ, വേതനം പോരാത്തത്കൊണ്ട് കൊള്ളിവെപ്പു നടത്തുന്ന തൊഴിലാളിയോ, പൊതുമുതൽ നശിപ്പിക്കുന്ന രാഷ്ട്രീയക്കാരനോ പിന്നെയുണ്ടാവാൻ സാധ്യമല്ല. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സംഘടിച്ച യുവവിയർപ്പ് ഒരുവേള രണാങ്കണത്തിൽ ആത്മാഹുതി ചെയ്ത ശഹീദിൻെറ രക്തത്തിന്നു തുല്യമായിരിക്കും. മുസ്ലിം യുവാക്കളൊന്നുണരന്നെങ്കിൽ അന്നു ഐ ബ ത്തു ൽ മു ഖ ദ്ദി സ് നമ്മുടെതാണ്.

# കേരളത്തിലെ ഇസ്ലാഹീപ്രസ്ഥാനം–15

# മക്കാവിജയത്തിൻെറ പ്രതീതി

ഇ. കെ. മൗലവി

കേരള മുസ്ലിം ഐക്യസംഘത്തിൻെറ പതിനൊന്നാം വാർഷികയോഗം അതിൻെറ ജന്മദേശമായ എറിയാട് വെച്ചുതന്നെയാണ് കൊണ്ടാടപ്പെട്ടത്. ഈ പതിനൊന്നു കൊല്ലങ്ങൾക്കിടയിൽ അവിടെ സംഘത്തിന്നുണ്ടായിരുന്ന വിരോധികളെല്ലാം അനുകൂലികളായി മാറിക്കഴിഞ്ഞിരുന്നു. തന്മൂലം വഴക്കും വക്കാണവും കൂടാതെ ഒരു തെളിഞ്ഞ അന്തരീക്ഷത്തിൽ അതു ഭംഗിയായി കൊണ്ടാടപ്പെട്ടു. ഈ യോഗത്തിൻെറ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് ആജീവനാന്തം മാപ്പിളസമുദായത്തിൻെറ നന്മക്കായി പ്രവർത്തിച്ചുവന്ന അഡ്വക്കററ് ബി. പോക്കർ സാഹിബായിരുന്നു.

ഈ വാർഷികയോഗത്തോടനുബന്ധിച്ചു ഒരു കാർഷികപ്രദർശനവും നടത്തപ്പെടുകയുണ്ടായി. ചുരുക്കത്തിൽ മക്കാവിജയത്തിൻെറ പ്രതീതിയാണ് അവിടെ ദൃശ്യമായത്. പരിശീലനം സിദ്ധിച്ച നൂറുകണക്കിന്നുള്ള വളണ്ടിയർമാർ എന്തും ചെയ്യുവാൻ സന്നദ്ധരായി കാണപ്പെട്ടു. കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നു ചേരുന്ന ജനക്കൂട്ടത്തെ യഥോചിതം സ്വീകരിക്കുന്നതിന്നു വളണ്ടിയർസേന തയ്യാറെടുത്തു കാത്തു നിൽക്കുകയാണ്.

ഒന്നാമത്തെ പരിപാടി കാവിൽകടത്തുകടവിൽ വെച്ചു അദ്ധ്യക്ഷനെ സ്വീകരിക്കുകയെന്നതായിരുന്നു. ഏതാനും പ്രവർത്തകരും വളണ്ടിയർമാരും 10മണിക്കുതന്നെ കാവിൽകടവിലേക്കു പോയി. സ്ഥലത്തുള്ളവർ അദ്ധ്യക്ഷൻെറ വരവുംകാത്തു നിൽക്കുകയാണ്. അതിന്നിടക്ക് ആരോ ചിലർ വന്നു ഇങ്ങിനെ പറഞ്ഞു. 'അതാവടക്കുഭാഗത്തുള്ള റോഡിൽകൂടി കണ്ണുതൊപ്പിധരിച്ച ഒരു

"ചെറിയമനുഷ്യൻ വരുന്നു". കാത്തുനിൽക്കുന്ന ഞങ്ങളുടെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. ആ വരുന്ന ആൾ മററാരുമായിരുന്നില്ല. യോഗാദ്ധ്യക്ഷൻ ജ: ബി. പോക്കർ സാഹിബ് തന്നെ. കരുപടന്ന വന്നിറങ്ങിയ പോക്കർസാഹിബ് ഒരു ചെറിയ തോണിയിൽകയറി കോതപറമ്പിൽ ഇറങ്ങി എറിയാട്ടേക്ക് നടന്നു വരികയാണുണ്ടായത്. ചുരുക്കിപ്പറയുകയാണെങ്കിൽ അദ്ധ്യക്ഷൻ യോഗഭാരവാഹികളെ ഒന്നു കളിപ്പിച്ചു. അദ്ധ്യക്ഷനെ സ്വീകരിക്കുവാൻപോയവരും തിരിച്ചെത്തി. അദ്ധ്യക്ഷൻ വന്നില്ലെന്ന് മാത്രമാണ് അവർക്ക് പറയുവാനുണ്ടായിരുന്നത്. യോഗം കൃത്യസമയത്ത് തന്നെ തുടങ്ങുകയും ഭംഗിയായി അവസാനിക്കുകയും ചെയ്തു. പതിനൊന്ന് വർഷക്കാലം കൊടുങ്ങല്ലൂരിൽ ഒരു ഭയാത്മിയായി താമസിച്ചുവന്ന ജ: കെ. എം. മൗലവിസാഹിബ് (മർഹൂം) ആയിരുന്നു യോഗനടപടികൾ നിയന്ത്രിച്ചതെന്നു പറയുന്നതിൽ സന്തോഷമുണ്ട്.

രണ്ട് ദിവസങ്ങളിലായിട്ടാണ് സമ്മേളനം നടന്നത്. രണ്ടാമത്തെ യോഗം അവസാനിക്കുന്നതിന്നല്പം മുമ്പായി സെൻറ് ജോർജ്ജ് ഗസററുമായി ഒരാൾ ആഹ്ളാദത്തോട്ടുകൂടി അവിടെ എത്തിചേർന്നു. അയാൾ പറഞ്ഞു: "മലബാർ ലഹളയുടെപേരിൽപിടികിട്ടുവാനുള്ള പുള്ളികളുടെപേരിലുണ്ടായിരുന്ന ചാർജ്ജുകൾ ഗവർമ്മെണ്ട് പിൻവലിച്ചിരിക്കുന്നു". അക്കൂട്ടത്തിൽ ജ: കെ. എം. മൗലവിസാഹിബിൻെറ പേരുമുണ്ട്. തദവസരത്തിൽ ആ സദസ്സിലുണ്ടായ ആഹ്ളാദത്തിന്ന് കയ്യും കണക്കുമില്ല. ഇതിന്നുവേണ്ടി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന യോഗാദ്ധ്യക്ഷൻെറ സന്തോഷത്തെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഉടനെ എം. സി. സി. അബ്ദുർറഹ്മാൻമൗലവി ഒരപേക്ഷയുമായി മുമ്പോട്ടുവന്നു. കെ. എം. മൗലവിസാഹിബിനെ മലബാറിലേക്ക വിട്ടുകൊടുക്കണമെന്നായിരുന്നു ആ അപേക്ഷ. അതിനെ പലരും എതിർത്തുവെങ്കിലും സംഘത്തിൻെറ ഉദ്ദേശങ്ങളും ആദർശങ്ങളും മലബാറിലുംകൂടി വ്യാപിക്കുന്നതിന്നു അതു നന്നായിരിക്കുമെന്ന നിലക്ക് ആ അപേക്ഷ സ്വീകരിക്കുകതന്നെ ചെയ്തു.

ഐക്യസംഘത്തിന്നു 12 വയസ്സു തികയുന്നപന്ത്രണ്ടാമത്തെ വാർഷിക യോഗം കണ്ണൂർ അറക്കൽ കെട്ടിനകത്തുവെച്ചു ജ: അബ്ദുൽ ഹമീദ്ഖാൻെറ (മദിരാശി) അദ്ധ്യക്ഷതയിൽ ഭംഗിയായി കൊണ്ടാടപ്പെട്ടു.

കേരള മുസ്ലിം ഐക്യസംഘത്തിന്റെ പന്ത്രണ്ടുവർഷത്തെ പ്രവർത്തനത്തെപററിയുംമറ്റും ചുരുക്കത്തിൽവിവരിച്ചു കഴിഞ്ഞുവല്ലോ. ഏതാണ്ട് അതേകാലത്തുതന്നെ തിരുവിതാംകൂർ ചിറയിൻകീഴ്താലൂക്കിൽപെട്ട നിലക്കാമുക്കിൽ "ഇസ്ലാം



ധർമ്മപാലന സംഘം' എന്ന പേരിൽ മറെറാരുസംഘം ഉയിരെടുക്കുകയുണ്ടായി. അതിൻെറ ആദർശവും ഉദ്ദേശവും ഐക്യസംഘത്തിൻേറതു തന്നെയായിരുന്നു. കേരള മുസ്ലിം ഐക്യസംഘത്തിൻെറ നേതൃത്വം വഹിച്ചിരുന്നത് ജ: കെ. എം. മൗലവി മർഹൂം ആയിരുന്നുവെങ്കിൽ ഇസ്ലാം ധർമ്മപാലന സംഘത്തിൻെറ നായകത്വം വഹിച്ചിരുന്നത് ജ: വക്കം മുഹമ്മദ് അബ്ദുൽഖാദിർ മൗലവി മർഹൂമായിരുന്നു. അതിൻെറ പ്രവർത്തനം അഭിവൃദ്ധിപ്പെട്ടുവന്നതോടെ പരാന്നഭുക്കുകളായ മുസലിയാക്കൾ ആ സംഘടനയെ തകർത്താലല്ലാതെ തങ്ങൾക്ക് രക്ഷയില്ലെന്നു മനസ്സിലാക്കി അവരുടെ ശ്രദ്ധ അങ്ങോട്ടുതിരിഞ്ഞു.

ആദ്യമായിത്തന്നെ അണ്ടത്തോട്ടുകാരൻ കുഞ്ഞാമ്മു മുസ്ല്യാർ ആലങ്കോട്ടുവെച്ചു ഏതാനും ദിവസങ്ങളിൽ ഒരു മതപ്രസംഗം നടത്തുകയുണ്ടായി. അനിസ്ലാമികമായ പല സംഗതികളും കുഞ്ഞാമ്മുമുസ്ല്യാർ തൻെറ മതപ്രസംഗത്തിൽ തട്ടിമൂളിക്കുകയുണ്ടായി. ഇസ്ലാം ധർമ്മപാലന സംഘത്തെ ഉന്നംവെച്ചുകൊണ്ടായിരുന്നു കുഞ്ഞാമ്മുമുസലിയാരുടെ വഅ്ള്. ഈ വഅ്ളിനെപ്പററി ഒന്നും ചെയ്യാതെ വെറുതെ അങ്ങു വിട്ടുകളയുന്നത് ശരിയല്ലെന്നു കരുതി ഇസ്ലാം ധർമ്മപാലന സംഘത്തിലെ ഒരംഗം ഏതാനും ചോദ്യങ്ങൾ മുസലിയാരവർകൾക്ക് അയക്കുകയുണ്ടായി. ആ ചോദ്യങ്ങളും അതിന്നു മുസലിയാർ കൊടുത്ത മറുപടിയും ചുവടെ ഉദ്ധരിക്കാം:–

ചോദ്യം (1) മുഹമ്മദുബിൻ അബ്ദുൽ വഹാബ് അവർകൾ കാഫിറാണെന്നു നിങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ. അത് നിങ്ങളുടെ സ്വന്തം അഭിപ്രായമോ അതല്ല, പണ്ഡിതന്മാരായ ഉലമാക്കളിൽ വല്ലവരും അങ്ങിനെ പറഞ്ഞിട്ടുണ്ടോ? എന്തുകൊണ്ടാണ് അദ്ദേഹത്തെ കാഫിറെന്നുപറയുന്നത്?

(2) ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യാ സുന്നത്തായ ഖബർ സിയാറത്തിനെ ഹറാമാണെന്നുപറഞ്ഞതായി അദ്ദേഹത്തിന്റെ ശത്രുക്കൾ നിർമ്മിച്ചുണ്ടാക്കിയതല്ലാതെ ആ സംഗതി അദ്ദേഹത്തിൻെറ സ്വന്തം കിത്താബുകളിൽ ഉള്ളതായി നിങ്ങൾക്ക് തെളിയിക്കുവാൻ കഴിയുമോ?

(3) ഇസ്തിഗാസ, തവസ്സുൽ, ഇവക്കു തമ്മിലുള്ള വ്യത്യാസമെന്തു? ഇവയെ സംബന്ധിച്ചു ശറഇലുള്ള വിധി എന്തെന്നു വിവരമായ മറുപടി തരാമോ?

(4) ശാഫിഈ, ഹനഫീ, ഹമ്പലി, മാലിക്കി എന്നീ ഇമാമുകളിൽ തവസ്സുലിനെയും ഇസ്തിഗാസയേയും അനുകൂലിച്ചവരാർ? അനുകൂലിക്കാത്തവരാർ, അവരുടെ സ്ഥിതിയെന്ത്? അവരെ വഹാബിയെന്നു പറയാമോ?

(5) ഇസ്ലാംമത വിഷയത്തിൽ ഉസൂൽ (മൂലതത്വം) ഫുറൂ

അ് (പിരിവ്)എന്നിവയിൽ ഫുറുഇയ്യായ വിഷയങ്ങളിൽ ഉള്ള അഭിപ്രായവ്യത്യാസംകൊണ്ട് ആരെയും കാഫിറാക്കിക്കൂടാ എന്ന് ഹുജ്ജത്തുൽ ഇസ്‌ലാം അബൂഹാമിദിൽ ഗസാലി (റ) അവർകൾ 'ഫൈസലുത്തഫ്‌രിഖാ'എന്ന കിത്താബിൽ പറഞ്ഞത് ശരിയാണോ? ശരിയാണെങ്കിൽ തവസ്സുലിനെയും മററും അനുകൂലിക്കാത്തവരെ കാഫിറെന്നോ, മുശ്രിക്കെന്നോ, വഹാബിയെന്നോ പറയാമോ?

(6) ആപത്ത് നേരിടുമ്പോൾ മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു സഹായമപേക്ഷിക്കാമോ?

(7) ഖബറാരാധനയെ ദീൻ അനുവദിച്ചിട്ടുണ്ടോ?

(8) ഖബറുകളെ പൂജിക്കുകയും ഖബറുകളിന്മേൽ പുരകൾകെട്ടുകയും കാണിക്കയിടുകയും മററും ചെയ്യാമെന്ന് നിങ്ങൾക്ക് സ്വീകാര്യമായ രേഖ തരാൻ കഴിയുമോ?

(9) ബിദ്അത്തുകളെന്നാലെന്ത്?

كل بدعة ضلالة وكل ضلالة في النار

ഈ ഹദീസിന്റെ അർത്ഥമെന്ത്?

(10) ഖുർആൻ, സഹീഹായ ഹദീസ്, സലഫുസാലിഹുകളുടെ നടപടികൾ ഇവമാത്രം അനുസരിച്ചാൽ ആൾ മുസ്‌ലിമാകുമോ? അതല്ലാ അയാളെ കാഫിർ എന്നോ വഹാബിയെന്നോ അഞ്ചാം മതക്കാരനെന്നോ വിളിക്കാമോ? അഞ്ചാമതമെന്നാൽ എന്ത്?

(11) ബിദ്അത്തുകളെ ഒഴിക്കേണ്ടത് മുസ്‌ലിംകളുടെ കടമയല്ലേ? ബിദ്അത്തുകളോട് സഹകരിക്കാമോ?

ഈ ചോദ്യങ്ങൾക്ക് ഖുർആൻ, സഹീഹായ ഹദീസ് ഇവയെ പ്രമാണീകരിച്ചു വിവരമായ സമാധാനം അറിയിച്ചുതരണമെന്നു സാദരം അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്, അത്രക്കററിയിൽ നിന്നു നിലക്കാമുക്ക പിലാവിളവീട്ടിൽ താമസം എം. മുഹമ്മദ് അബ്ദുൽഖാദിർ മുസലിയാർ (ഒപ്പ്)

(ഈ ചോദ്യങ്ങൾക്കുള്ള മറുപടി നം അടുത്ത ലക്കത്തിൽ)

★

വായിക്കുക

# ശരീഅത്തിൽ സുന്നത്തിന്റെസ്ഥാനം

## വി. കെ അലി

ഇസ്ലാമിക ജീവിത വ്യവസ്ഥ (ശരീഅത്ത്) യുടെ അടിസ്ഥാന പ്രമാണങ്ങൾ കിതാബും സുന്നത്തുമാണ്. അതിനാൽ, സുന്നത്തിന്റെ സ്ഥാനം ഉന്നതവും അനിഷേധ്യവുമത്രെ. സുന്നത്ത് മുഖേനയുള്ള ആജ്ഞാനിരോധനങ്ങൾ നിർബന്ധമായും അനുസരിക്കപ്പെടേണ്ടതാണ്. കാരണം, ശരീഅത്തിന്റെ അടിത്തറയുടെ വലിയൊരു ഭാഗം സുന്നത്ത്കൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

സുന്നത്ത് കിതാബിനെ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

وأنزلنا إليك الذكر لتبيّن للناس ما نزّل إليهم — النحل

"നിനക്ക് നാം ഖുർആൻ ഇറക്കിത്തരികയും ചെയ്തു. തങ്ങൾക്ക് ഇറക്കപ്പെട്ടത് ജനങ്ങൾക്കു വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടി"

നബി (സ) തന്റെ കർത്തവ്യം ശരിക്കും മുറക്കും പാലിച്ചിരിക്കുന്നു. തന്റെ ദൗത്യമെത്തിക്കുന്നതിലും ദൈവീക സൂക്തങ്ങളുടെ ഉദ്ദേശം വ്യക്തമാക്കുന്നതിലും അദ്ദേഹം യാതൊരു കൃത്യവിലോപവും വരുത്തിയിട്ടില്ല

ഖുർആനിൽ മൊത്ത രൂപത്തിൽ പ്രതിപാദിച്ച നിയമ നിർദ്ദേശങ്ങളെ സുന്നത്ത് സ്പഷ്ടമാക്കുന്നു. ഉദാഹരണാർത്ഥം ഖുർആനിലെ ഒരായത്ത് കാണുക.

أقيموا الصلوة وآتوا الزكوة وأطيعوا الله والرّسول لعلكم ترحمون — النّور

"നമസ്കാരം നിലനിർത്തുക, സക്കാത്ത്കൊടുക്കുക; അല്ലാഹുവേയും പ്രവാചകനേയും അനുസരിക്കുക. നിങ്ങൾ അനുഗ്രഹീതരാവാൻ വേ

ണ്ടി" നമസ്കാരവും സക്കാത്തുംസംബന്ധിച്ച നിയമങ്ങൾ അവ്യക്തമാണ്. അതിനാൽ സുന്നത്തിന്റെ സഹായം അനുപേക്ഷ്യമത്രെ അതിലൂടെ മാത്രമെ നമസ്കാരത്തിന്റെ എണ്ണവും, സമയവും, നിബന്ധനകളുംമററും മനസ്സിലാവൂ. അതുപോലെത്തന്നെ ഏതെല്ലാംതരം സമ്പത്തുകളിലാണ് സക്കാത്ത് കൊടുക്കേണ്ടത്?, അവയുടെ നിസാബ് എത്ര? കൊടുക്കേണ്ടത് എത്ര? ഇതെല്ലാം അറിയണമെങ്കിൽ സുന്നത്തിനെ ആശ്രയിക്കുക തന്നെവേണം.

ഖുർആനിലെ ആയത്തുകൾ മൊത്തത്തിലവതരിക്കുന്ന തിൽ അത്ഭുതപ്പെടാനില്ല. മുസ്ലിംകളുടെ ഭരണഘടനയാണത്. ചിന്താപരവും അദ്ധ്യാത്മികവും രാഷ്ട്രീയവും സാമൂഹികവുമായ എന്തെല്ലാം അടിത്തറകളിലായിരിക്കണം സമുദായ സംവിധാനം എന്നായിരിക്കും അതിന്റെ പ്രതിപാദ്യവിഷയം. അതിന്നു വിശദീകരണങ്ങൾ ലഭിക്കുന്നത് സുന്നത്തിൽ നിന്നാണ്. ഖുർആൻ പ്രകാശിപ്പിക്കുന്ന വീഥികളിലൂടെയായിരിക്കും സുന്നത്തിന്റെ ചലനം.

എന്നാൽ, ഖുർആനിലില്ലാത്ത പല നിയമങ്ങളും സുന്നത്തിൽ കാണാം. ഒരു സ്ത്രീയേയും അവളുടെ എളാമ്മയേയോ അമ്മായിയേയോ ഒന്നിച്ച് വിവാഹം കഴിക്കരുതെന്നും കള്ളുകുടിയന്റെ ഹദ്ദ് അടിക്കണമെന്നും വിവാഹിതനായ വ്യഭിചാരിയെ എറിഞ്ഞു കൊല്ലണമെന്നും جدة (പിതാമഹി, മാതാമഹി)ക്ക് അനന്തിരാവകാശമുണ്ട് എന്നീ നിയമങ്ങൾ സുന്നത്തിലൂടെമാത്രമെ മനസ്സിലാകൂ.

ഖുർആൻതന്നെ വ്യക്തമാക്കുന്നുണ്ട് പ്രവാചകനെ പിന്തുടരാൻ ജീവിക്കേണ്ടതിന്റെ ആവശ്യകത അത് പ്രഘോഷിക്കുന്നു.:

من يطع الرّسول فقد أطاع الله
النساء

"പ്രവാചകനെ അനുസരിച്ചവൻ തീർച്ചയായും അല്ലാഹുവേയും അനുസരിച്ചു" കൂടാതെ, സന്മാർഗ്ഗാവലംബികൾക്കെല്ലാം മഹത്തായ മാതൃകയാണ് തിരുമേനിയെന്ന് ഖുർആൻ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു.

لقد كان لكم فى رسول الله أسوة
حسنة لمن كان يرجوا الله واليوم
الاخر — الاحزاب

"അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്ക്–അല്ലാഹുവിലും അന്ത്യദിനത്തിലും പ്രത്യാശവെക്കുന്നവർക്ക് – അഭികാമ്യമായ മാതൃകയുണ്ട്".

പ്രശ്നങ്ങൾ നേരിടുമ്പോഴെല്ലാം പ്രവാചകന്റെ തീരുമാനം സ്വീകരിക്കണമെന്നു ഖുർആൻ അനുശാസിക്കുന്നു. നബിതിരുമേനിയുടെ വിധികളിൽ അസന്തുഷ്ടി പ്രകടിപ്പിക്കുന്നവൻ മുഅ്മിനിനെന്ന മഹത്തായ പദവിക്കർഹനല്ലെന്നും അത് ഉണർത്തുന്നു. ഖുർആൻ പറയുന്നു: "അല്ല, നിന്റെ രക്ഷിതാവാണ, അവരിലുള്ള തർക്കവിഷയങ്ങളിൽ നിന്നെ വിധികർത്താവാക്കുകയും നിന്റെ തീരുമാനത്തിൽ അസ്വാസ്ഥ്യം പ്രകടിപ്പിക്കാതിരിക്കുകയും പൂർണ്ണമായ് അനുസരണം കൈക്കൊള്ളുകയും ചെയ്യുന്നത്വരെ അവർ സത്യവിശ്വാസികളാവുകയില്ല".

ദിവ്യബോധന (വഹ്യ്)ങ്ങൾക്ക് പുറമെ അമാനുഷികമായ യുക്തിജ്ഞാനവും ദാർശനികതയും തത്വവിചാരവും നബിക്ക് നൽകപ്പെട്ടിരിക്കുന്നു. ജനങ്ങൾക്ക് മതവിധികൾ വിവരിച്ചുകൊടുക്കുമ്പോഴും അവരെ സംസ്കരിച്ചെടുക്കുമ്പോഴും ഇത്തരം സിദ്ധികൾ അനിവാര്യമാണല്ലോ.

يتلو عليهم آياته ويزكيهم
ويعلمهم الكتاب والحكمة
آل عمران

"അല്ലാഹുവിന്റെ സന്ദേശങ്ങൾ പ്രവാചകൻ അവരെ ഓതികേൾപ്പിക്കുന്നു. കൂടാതെ, അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും ഹിക്മത്തും പഠിപ്പിക്കുകയും ചെയ്യുന്നു.

ഈ ആയത്തിൽ പറഞ്ഞ حكمةന്റെ വിവക്ഷയെന്ത് ? ഇമാം ശാഫി എഴുതുന്നു: "حكمة കൊണ്ടുള്ള വിവക്ഷ പ്രവാചകചര്യ(സുന്നത്ത്)യാണ്. ഇവിടെ حكمة എന്നാൽ സുന്നത്തല്ലയെന്ന് പറയാൻ പറ്റില്ല. കാരണം,കിതാബിനോടുകൂടെയാണ് ആപദം പ്രയോഗിച്ചിരിക്കുന്നത്. കിതാബിന്നുപുറമെ പ്രവാചകനും റവന്റെ ആജ്ഞാനിരോധനങ്ങൾ അനുധാവനം ചെയ്യാനാണെല്ലോ ജനങ്ങൾ കല്പിച്ചിട്ടുള്ളത്", അല്ലാഹു പറയുന്നു.

قل أطيعوا الله والرّسول فان تولوا
فان الله لا يحب الكافرين
آل عمران

"പറയുക! അല്ലാഹുവേയും അവന്റെ ദൂതനേയും അനുസരിക്കുക അവർ പിന്തിരിഞ്ഞു കളയുമെങ്കിൽ അത്തരം അവിശ്വാസികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല".

അല്ലാഹുവെ അനുസരിക്കുകയെന്നാൽ അവന്റെ നിയമങ്ങൾ നടപ്പാക്കുക യെന്നതാണ്. ദൈവദൂതനെ പിന്തുടരുന്ന മുഅ്മിനുകളെ പുകഴ്ത്തിക്കൊണ്ട് അല്ലാഹു പറയുന്നു: "അവർക്കിടയിൽ വിധികാണുന്നതിന്ന് അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവർ വിളിക്കപ്പെടുമ്പോൾ "ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിക്കുകയും ചെയ്തു" എന്നു മാത്രമായി

രിക്കും സത്യവിശ്വാസികളുടെ പ്രത്യക്തി. അവർ മാത്രമാണ് വിജയികൾ''

ഈ ആയത്തുകളിൽ നിന്നെല്ലാം ഒരു വസ്തുത സുതരാം സുവ്യക്തമാവുന്നു. സുന്നത്ത് കിതാബിന്റെ പൂരകവും വിശദാംശവുമാണെന്ന അതിനാൽ, സുന്നത്തിന്റെ കല്പനാ നിരോധങ്ങളും അംഗീകാരയോഗ്യമാണ്.

ഇസ്‌ലാമിൽ സുന്നത്തിനുള്ള പദവി പ്രസ്പഷ്ടമാക്കുന്ന ധാരാളം ഹദീസുകളുണ്ട്. ഉദാഹരണങ്ങൾ പലതാണ്.

അബൂഹുറൈറ(റ) നബിയെ ഉദ്ധരിച്ചു പറയുന്നു: ''എന്റെ സമുദായത്തിൽനിന്നു വിസമ്മതിച്ചവരൊഴികെ മറ്റെല്ലാവരും സ്വർഗ്ഗം പൂകും. സഹാബത്ത് ചോദിച്ചു: ആരാണ് നബിയേ വിസമ്മതിക്കുന്നവർ? നബിപറഞ്ഞു:. എന്നെ അനുസരിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എനിക്കു എതിര് കാണിച്ചവൻ വിസമ്മതിച്ചു'' —ബുഖാരി.

ഇബ്നുസാരിയ പറയുന്നു: "ഹൃദയസ്പൃക്കായ രീതിയിൽ നബി (സ) ഞങ്ങളെ ഉപദേശിച്ചു. അത്കേട്ട് ഞങ്ങളുടെ ഹൃദയങ്ങൾ വിറകൊണ്ടു. നയനങ്ങൾ അശ്രുപൊഴിച്ചു. ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ ഇതൊരു വിടവാങ്ങൽ സന്ദേശമാണെന്ന് തോന്നുന്നു. അങ്ങ് കുറച്ചുകൂടി ഉപദേശങ്ങൾ തരിക. നബി പറഞ്ഞു: നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുക. ഒരു നീഗ്രോഅടിമയാണ് നിങ്ങളുടെ നേതാവെങ്കിലും അയാളുടെ നിർദ്ദേശങ്ങൾ കേട്ടനുസരിക്കുക. നിങ്ങളുടെഭാവി ജീവിതത്തിൽ ധാരാളം അന്യോന്യ ഭിന്നതകൾ സംഭവിക്കും. അന്നേരം എന്റേയും ഖുലഫാഉർറാശിദുകളുടേയും ചര്യകൾ മുറുകെപ്പിടിക്കണം: ദീനിലില്ലാത്ത നൂതനസൃഷ്ടി വർജ്ജിക്കുക. അവയെല്ലാം വഴികേടാണ്".

—അബൂദാവൂദ് തിർമിദി

മാതൃകായോഗ്യരായ സഹാബിവര്യന്മാർ ഈ യാഥാർത്ഥ്യം അംഗീകരിക്കുകയും അതിനൊത്ത് നീങ്ങുകയും ചെയ്തിരുന്നു. ഉമർ (റ) ഹജറുൽ അസ്‌വദ് ചുംബിച്ചുകൊണ്ടുപറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. ''ഗുണമോ ദോഷമോ ചെയ്യാത്ത കേവലം ഒരു കല്ലാണ് നീയെന്ന് ഞാനറിയും. നബി(സ) നിന്നെ ചുംബിക്കുന്നതു ഞാൻ കണ്ടിരുന്നില്ലെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല''. മറ്റൊരിക്കൽ, മുആദി (റ) നെ യമനിലേക്കയച്ചപ്പോൾ നബി(സ) അദ്ദേഹത്തോട് ചോദിച്ചു: നീഒരുപ്രശ്നത്തിൽ എങ്ങനെ തീരുമാനം കാണും?

മുആ: അല്ലാഹുവിന്റെ കിതാബനുസരിച്ച്.

നബി: കിതാബിൽ അതേപ്പറ്റി ഒന്നുമില്ലെങ്കിലോ?



മുആ: എന്നാൽ നബിയുടെ സുന്നത്ത് നോക്കും.

നബി: അതിലും ഇല്ലെങ്കിലോ?

മുആ: ഞാനെന്റെ യുക്തിബോധമനുസരിച്ചു വിധികാണും.

ആ സമയത്ത് നബി മുആദിനെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു.

الحمد لله الذى وفق رسول الله لما يرضى رسول الله

"താനിഷ്ടപ്പെടുന്ന സംഗതികൾ തന്റെ പ്രവാചകനു സാധിപ്പിച്ചുകൊടുത്ത അല്ലാഹുവിന്നാണ് സർവ്വസ്തുതിയും''

ഇസ്‌ലാമിക ശരീഅത്തിൽ സുന്നത്തിനുള്ള സ്ഥാനം ഇത്തരം ഹദീസുകളിൽനിന്നു സുവിദിതമാകും. എന്നാൽ, ദീനിന്റെ അസ്ഥിവാരത്തെത്തന്നെ തകർക്കാനുദ്യമിക്കുന്നവർ സുന്നത്തിന്റെ നേരെ ഒളിയമ്പുകളയക്കാറുണ്ട്. സുന്നത്തിന്റെ ആധികാരികതയിൽ സംശയങ്ങൾ സൃഷ്ടിക്കുകയാണ് അവരുടെ മുഖ്യോദ്ദേശം. ശരീഅത്തിന്റെ മൂല പ്രമാണമായി സുന്നത്ത് ഗണിക്കപ്പെടരുതെന്നും ഖുർആൻ തന്നെ മതിയെന്നും അവർ ശഠിക്കുന്നു. നബി(സ)യുടെ വാക്യങ്ങളെല്ലാം സാന്ദർഭികമായ ചില ഉപദേശങ്ങളായിരുന്നവെന്നാണ് അവരുടെ വാദം

ഈ കുത്സിത ശ്രമങ്ങളുടെ ഉദ്ദേശം മറ്റൊന്നാണ്. അതായത് ഖുർആനിൽ അവരുടെ കുതന്ത്രങ്ങളൊന്നും ഫലിക്കുകയില്ലെന്ന് കണ്ടപ്പോൾ സുന്നത്തിന്നുനേരെ ചന്ദ്രഹാസമിളക്കുന്നു. ഖുർആനിന്റെ അമാനുഷികത അവർക്കുമുന്നിൽ ദുർഗ്ഗമമായ ഉത്തുംഗമതിലായിനിൽക്കുന്നു. അക്കാരണത്താൽ സുന്നത്തിനെയാണവർ തങ്ങളുടെ കളരിയാക്കിയിരിക്കുന്നത്. പക്ഷെ;

يريدون ليطفئوا نور الله بأفواههم والله متم نوره ولو كره الكافرون — الصّف

''അല്ലാഹുവിന്റെ പ്രകാശം തങ്ങളുടെ വായകൾകൊണ്ട് ഊതിക്കെടുത്താൻ അവർ ഉദ്യമിക്കുന്നു, പക്ഷെ, നിഷേധികൾക്കെത്ര അരോചകമാണെങ്കിലും അല്ലാഹു അവന്റെ പ്രകാശത്തെ സമ്പൂർണ്ണമാക്കും".

# തലയിലെഴുത്ത്

**കെ. ഉമർമൗലവി**

**ദൈ**വവിധിയിൽ, ദൈവനിഷേധികൾകൂടി വിശ്വസിക്കുന്നുവെന്നും, ആ വിശ്വാസം മൂലമാണ് ഈ ലോകത്ത് കാണുന്ന പുരോഗതികളും പരിവർത്തനങ്ങളുമെല്ലാം ഉണ്ടായിട്ടുള്ളതെന്നും വ്യക്തമായ ഉദാഹരണങ്ങൾ മൂലം മുൻലേഖനത്തിൽ തെളിയിച്ചിട്ടുണ്ട്. ഇനി ദൈവവിധിയിൽ വിശ്വസിക്കാത്തതിന്റെ ദോഷത്തെപ്പററി അല്പം പറയാം.

ദൈവവിധിയിൽ വിശ്വസിക്കാത്തതു മൂലം ഉളവാകുന്ന ഏററവും അപകടംപിടിച്ച മഹാദോഷമാണ് അസൂയ. അല്ലാഹുവും റസൂലും അതിനെപ്പററി എത്രത്തോളം കഠിനമായി വിരോധിച്ചിരിക്കുന്നു എന്നുള്ളത് ഇവിടെ വിവരിക്കുന്നില്ല. അതൊക്കെ മതവിശ്വാസികളോടു മാത്രം പറയേണ്ടവയാണ്. എന്നാൽ മതനിഷേധികൾ പോലും സമ്മതിക്കുന്ന ഒന്നാണ് അസൂയയുടെ ദോഷം. വ്യക്തികളെയും കുടുംബങ്ങളെയും സമുദായങ്ങളെയും രാഷ്ട്രങ്ങളെയും തമ്മിലടിപ്പിച്ച് നശിപ്പിക്കുന്ന അതിഭയങ്കരമായ ആററം ബോംബാണ് അസൂയ.

അല്ലാഹു ആദംനബിയെ സൃഷ്ടിച്ച് സ്വർഗ്ഗത്തിൽ പാർപ്പിച്ചു. പല വിജ്ഞാനങ്ങളും നൽകി അനുഗ്രഹിച്ചു. പല പദവികളും നൽകി ബഹുമാനിച്ചു. അതിൽ ഇബ്‌ലീസിന്ന് അസൂയയുണ്ടായി. അതിനാൽ അവൻ അഹങ്കരിക്കുകയും ദൈവകല്പന ധിക്കരിക്കുകയും ചെയ്തു. ദൈവവിധിയിൽ വിശ്വസിക്കാതിരുന്നതാണ് ഇതിനെല്ലാം മൂലമായ കാരണമെന്നു വ്യക്തമാണല്ലോ?

അസൂയാബോധം മനുഷ്യനിൽ സഹജമാണ്. രണ്ട് ചെറിയ മക്കളിൽ ഒന്നിന്നുമാത്രം അഭികാമ്യമായ ഒരു സാധനം പിതാവ് കൊടുത്തത് മറേറവൻ കണ്ടാൽ അവൻ ലഹളയുണ്ടാക്കും. ഇതുപോലെ അവന്ന് കൊടുത്തില്ലെങ്കിലും തരക്കേടില്ല, മറേറവന്ന് കൊടുത്തത് മടക്കി വാങ്ങിയാൽ



മതി. ഇത് എല്ലാകുട്ടികളിലും കണ്ടുവരുന്ന ഒരു സ്വഭാവമാണ്. വലിയവരിലും അസൂയയുടെ മർമ്മം ഇതാണ്. അസൂയാബോധം മനുഷ്യനിൽ സഹജമായുള്ളതാണെന്ന് ഇത്കൊണ്ട് തെളിയുന്നു. അല്ലാഹുവിന്റെ കല്പന പ്രകാരം സർവ്വ പ്രവാചകന്മാരും ഇതിന്നു കാണിച്ചുതന്നിട്ടുള്ള ഏക രക്ഷാമാർഗ്ഗം ദൈവവിധിയിൽ വിശ്വസിക്കലാണ്. മറെറാരുവന്റെ സുഖസ്ഥിതിയിൽ വെറുപ്പ് വിചാരിക്കുകയും അത് നീങ്ങിപ്പോകാൻ ആഗ്രഹിക്കുകയും ചെയ്യലാണ് അസൂയ. മററവന്നു ആ നന്മ ദൈവവിധിയാൽ കൈവന്നതാണെന്നും, എന്റെ ഈ സ്ഥിതിയും ദൈവവിധിതന്നെയാണെന്നും വിശ്വസിക്കുന്നവന്ന് അപരന്റെ സുഖത്തിൽ അസൂയ തോന്നുകയില്ല.

ദൈവവിധിയിൽ വിശ്വസിക്കാത്തത് മൂലം മാത്രമാണ് അസൂയയുണ്ടാകുന്നത്. അസൂയനിമിത്തം ഉണ്ടായിട്ടുള്ള ദോഷങ്ങളും നാശങ്ങളും പറഞ്ഞുതീർക്കാൻ കഴിയുകയില്ല. ലോകത്തുണ്ടായ ഒന്നാമത്തെ കൊലക്കേസിന്റെ കഥ എല്ലാവരും അറിയുമല്ലോ. ആദംനബിയുടെ രണ്ടുമക്കളിൽ ഒരുവൻ മറേറവനെ കൊന്നു. കാരണം ദൈവവിധിയിൽ വിശ്വസിക്കാതിരുന്നതിനാൽ ഉളവായ അസൂയയാണ്. രണ്ടുപേരും ഒരോ ബലികർമ്മം നടത്തി. ഒരുവന്റേത് സ്വീകരിച്ചു. മറേറവന്റേത് സ്വീകരിച്ചില്ല. ഈ പരാജിതൻ അല്ലാഹുവിന്റെ വിധിയാണിതെന്നു കരുതി സമാധാനപ്പെട്ടില്ല. അസൂയാഗ്നി കത്തിജ്ജ്വലിച്ചു. കൂടപ്പിറപ്പായ സഹോദരനെ അക്രമമായി നിർദ്ദയം കൊന്നുകളഞ്ഞു.

ഇത്പോലെ അക്രമമായി നടന്നിട്ടുള്ള എല്ലാ കൊലയും ദൈവവിധിയിൽ വിശ്വസിക്കാത്തതിനാലുണ്ടായതാണ്. പ്രവാചകന്മാരോടും, സത്യവും നീതിയും ഉപദേശിച്ച മററുള്ളവരോടും അക്രമികൾ യുദ്ധംചെയ്തത് ദൈവവിധിയിൽ വിശ്വസിക്കാത്തത് നിമിത്തമാണ്. എന്നുമാത്രമല്ല ഇന്നു ലോകത്തു നടക്കുന്ന സർവ്വ യുദ്ധങ്ങളും ഇനിയും നടക്കാനിരിക്കുന്ന യുദ്ധങ്ങളുമൊക്കെ ദൈവവിധിയിൽ വിശ്വസിക്കാത്തതു നിമിത്തം ഉണ്ടാകുന്നതാണ്. അമേരിക്ക ശക്തിപ്രാപിക്കുന്നതു റഷ്യക്കിഷ്ടമില്ല. റഷ്യ ശക്തിപ്രാപിക്കുന്നത് ചൈനക്കിഷ്ടമില്ല. മററാരെങ്കിലും തങ്ങളെ മറികടക്കുന്നതു ബ്രിട്ടൻ പേടിക്കുന്നു. ഇതു നിമിത്തം ലോകത്ത് നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്ന അനിഷ്ടങ്ങൾക്ക് കയ്യും കണക്കുമില്ല. ഈ സർവ്വനാശങ്ങൾക്കുമുള്ള ഏകപരിഹാരം ദൈവവിധിയിൽ വിശ്വസിക്കലാണ്.

നമ്മുടെ കേന്ദ്ര ഗവർമ്മെണ്ടും സംസ്ഥാന ഗവർമ്മെണ്ടുകളും ലോകത്തുള്ള മററു പല ഗവർമ്മെണ്ടുകളെപ്പോലെ വളരെയധികം പണം കുടുംബാസൂത്രണത്തിനുവേ

ണ്ടി ചെലവഴിക്കുന്നു. കുടുംബാസൂത്രണംമൂലം അനുഭവപ്പെട്ടിട്ടുള്ള ദുഷ്ഫലങ്ങളെപററി ഇവിടെ വിവരിക്കുന്നില്ല. ചുരുക്കത്തിൽ ഒന്നു പറയുന്നു: ആത്മഹത്യക്കൊരുങ്ങിയ മനുഷ്യൻ അതിന്നു പററിയ സ്ഥലവും സമയവും നോക്കിനടക്കുകയും പണം ചെലവാക്കി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമല്ലോ. അങ്ങിനെയുള്ള ആത്മഹത്യാപരമായ ഒന്നാണ് കുടുംബാസൂത്രണം. ഭീമമായ ഈ സംഖ്യ വികസനമാർഗ്ഗങ്ങളിൽ ചെലവഴിച്ചിരുന്നുവെങ്കിൽ എത്രനന്നായിരുന്നു. ദൈവവിധിയിൽ വിശ്വസിക്കാത്തത് നിമിത്തമാണ് ഈ വിഷയം ഉടലെടുത്തത് എന്നതിൽ യാതൊരു സംശയവുമില്ല.

രാജാവായ പിതാവ് തന്റെ പിൻഗാമിയായി മൂത്തമകനെയും അവൻെറ പിൻഗാമിയായി രണ്ടാമത്തെ മകനെയും നിശ്ചയിച്ചു മരണപ്പെട്ടു. മൂത്തമകൻ സിംഹാസനാരോഹണംചെയ്തു. അങ്ങിനെ കഴിഞ്ഞുകൂടിക്കൊണ്ടിരിക്കെ രണ്ടാമത്തെ മകന്നുതോന്നി, ജ്യേഷ്ഠൻ മരിച്ചാൽ എനിക്കു രാജാവാകാമല്ലോ. ജ്യേഷ്ഠൻ അത്രവേഗം മരിക്കുന്ന ലക്ഷണം കാണുന്നില്ല. അങ്ങിനെ ദൈവവിധിയിൽ വിശ്വാസമില്ലാത്തതിനാൽ ജ്യേഷ്ഠനെ കൊല്ലുവാനുള്ള ശ്രമത്തിൽ അനുജൻ പല കട്ടം കൈകളും ചെയ്യാൻ തുടങ്ങി. അങ്ങിനെ അനുജൻ നോട്ടപ്പുള്ളിയായിത്തീർന്നു. അവസാനം പല അനിഷ്ടസംഭവങ്ങളും ഉണ്ടായി. രാജവാഴ്ചയുടെ കാലങ്ങളിൽ പല രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ള അനേകായിരം അനുഭവങ്ങളെപ്പററി ഒരു സൂചനയാണിപ്പറഞ്ഞത്. തലയിലെഴുത്തിൽ വിശ്വസിക്കാത്തതുമൂലമാണിതെല്ലാം ഉണ്ടായത്.

പിതാവ് രണ്ടാം വിവാഹം ചെയ്തു. അപ്പോൾ മുൻ വിവാഹത്തിലുള്ള മക്കളെല്ലാംകൂടി ആലോചിച്ചു: ഇതിൽ മക്കളുണ്ടായാൽ സ്വത്തവകാശം കൊടുക്കേണ്ടിവരുമല്ലോ. അത്കൊണ്ടു് ഇനി കച്ചവടവും മററുമൊക്കെ പിതാവുമായി യോജിച്ചു നടത്താനൊക്കുകയില്ല. അങ്ങിനെ ആ കുടുംബം ഛിദ്രിക്കുകയും ബാപ്പയും മക്കളും തമ്മിലും ഭാര്യമാർ രണ്ടുപേർ തമ്മിലും മക്കൾ അന്യോന്യവും വലിയ കശപിശയിലാവുകയും ചെയ്തു. രാജ്യങ്ങളിലൊക്കയും വളരെ കണ്ടുവരുന്ന സംഗതിയാണിത്. ദൈവവിധിയിൽ വിശ്വസിക്കാത്തതുകൊണ്ടാണ് ഈ കുഴപ്പങ്ങളൊക്കയും ഉണ്ടാകുന്നത്, പിതാവ് രണ്ടാമത്തെ വിവാഹം ചെയ്തത് ദൈവവിധിയനുസരിച്ചാണെന്നും അതിൽ മക്കളുണ്ടാകുന്നതും അവക്ക് സ്വത്തിൽനിന്നു് വിഹിതം കൊടുക്കേണ്ടിവരുന്നതുമൊക്കെ ദൈവവിധിയനുസരിച്ചാണെന്നും വിശ്വസിച്ചു തൃപ്തിപ്പെട്ടിരുന്നുവെങ്കിൽ ഈ കുഴപ്പങ്ങളെല്ലാം ഒഴിവാക്കാമായിരുന്നു.

പിതാവ് ജീവിച്ചിരിക്കെ ഒരു മകൻ മരിച്ചു. എന്നാൽ ആ



യാളുടെ മക്കൾക്ക് ഉപ്പാപ്പയുടെ സ്വത്തിൽ അവകാശമില്ല. അപ്പോൾ ഈ പേരക്കുട്ടികൾ ബാപ്പ മരിച്ചുപോയതിനെപ്പററി അതിരുകവിഞ്ഞു ദുഃഖിക്കുകയും റബ്ബിനോട് വെറുപ്പ്വിചാരിക്കുകയും ചെയ്യാതെ തലയിലെഴുത്തിൽ വിശ്വസിച്ച് സഹനം കൈക്കൊള്ളേണ്ടതാണ്. തങ്ങൾക്ക് സ്വത്തവകാശം സ്ഥാപിക്കാത്ത മതവിധിയിൽ പ്രതിഷേധിക്കരുത്. അവകാശം വഴിക്കായാലും മററുവഴിക്കായാലും തരുന്നത് അല്ലാഹുവാണ്. ഒരു വഴി മുടങ്ങിപ്പോയാൽ മറേറതെങ്കിലും വഴി തുറന്നുതരാൻ അവൻ ശക്തനാണ് എന്നുകരുതി സമാധാനപ്പെടണം. ഇതിനൊക്കയും അടിസ്ഥാനം ദൈവവിധിയിൽ വിശ്വസിക്കലാണ്. ഇവിടെ മറെറാന്നുകൂടെ പറയുവാനുണ്ട്. അതായത് ഇങ്ങിനെ ബാപ്പഇരിക്കെ മകൻമരിച്ചാൽ മററു സഹോദരങ്ങൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ മരിച്ച സഹോദരൻെറ മക്കൾക്ക് ന്യായമായ നിലയിൽ വസിയ്യത്ത് ചെയ്യുവാൻ പിതാവിനെ പ്രേരിപ്പിക്കണം. അങ്ങിനെ ആ കുട്ടികൾക്ക് ഈ ധനത്തിൽനിന്നുള്ള വിഹിതം കിട്ടുമാറാക്കണം. ഈ സ്ഥാനത്ത് ഞാനാണ് മരിച്ചുപോയിരുന്നതെങ്കിൽ എൻെറ കുട്ടികളുടെസ്ഥിതി എന്താകുമായിരുന്നു എന്നു ഓരോരുത്തരും ഓർക്കണം. സഹോദരൻ മരിച്ചുപോയ ദൈവവിധിയെ ദൂഷണംചെയ്യുരുത്. വസിയ്യത്തിനെപററിയുള്ള മതവിധിയെ മാനിക്കണം.

ചില പണ്ഡിതന്മാർ സത്യം മറച്ചുവെക്കുകയും സത്യം മറിച്ചു പറയുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്നാലോചിച്ചുനോക്കുക. ലാഭം ആശിക്കുകയും നഷ്ടം പേടിക്കുകയും ചെയ്യുന്നതുകൊണ്ടാണെന്നു ചുരുക്കിപറയാം. എന്തുവന്നാലും തരക്കേടില്ല. സത്യം തുറന്നുപറയൽ എൻെറ കടമയാണ് അല്ലാഹു വിധിച്ചതേ സംഭവിക്കുകയുള്ളൂ. ഞാൻ സൂക്ഷിച്ചിട്ടോ കള്ളത്തരം പ്രയോഗിച്ചിട്ടോ കാര്യമില്ല എന്നു വിശ്വസിക്കുന്ന പണ്ഡിതൻ യാതൊന്നും വിലവെക്കാതെ ദൈവമാർഗ്ഗത്തിൽ ത്യാഗം ചെയ്യും. മതചരിത്രത്തിൽ ഏററവും പഴക്കമുള്ള ഒരദ്ധ്യായമാണിത്. പണ്ഡിതന്മാർ സത്യം മറച്ചുവെക്കുകയും മാറ്റിമറിക്കുകയും ചെയ്തത്മൂലം ഉളവായിട്ടുള്ള കുഴപ്പങ്ങൾ പറഞ്ഞുതീർക്കാൻ സാധ്യമല്ല. ദൈവവിധിയിലുള്ള അവിശ്വാസമാണ് ഇതിനെല്ലാം മൂലകാരണം.

വേദവാക്യങ്ങളിലും മതതത്വങ്ങളിലും ചില പണ്ഡിതന്മാർ കൃത്രിമം ചെയ്യുന്നതിൻെറ കാരണമെന്താണെന്നു നോക്കുക. അത് മുഖേന അവർ എന്തോ ഉദ്ദേശിക്കുന്നു. അല്ലാഹുവിൻെറ വിധിയിൽ അവർ വിശ്വസിച്ചില്ല. തലയിലെഴുത്തിനെ അവർ നിഷേധിച്ചു.

പലിശവാങ്ങുവാൻ പണക്കാരൻ മുതിരുന്നതെന്തുകൊണ്ട്? അത്പോലെ കച്ചവടത്തിൽ കള്ളത്തരം ചെയ്യുവാനും കൈക്കൂലി വാങ്ങുവാനും കള്ളഹത്വാകൊടുത്ത് കൈമടക്ക് വാങ്ങുവാനും ഒരുങ്ങുന്നതെന്തു കൊണ്ടാണ്? ദൈവവിധിയിൽ വിശ്വസിച്ച് ന്യായമായ മാർഗ്ഗത്തിൽ പ്രവർത്തിക്കുകയാണ് നല്ലമനുഷ്യൻ ചെയ്യേണ്ടത്. ധനസമ്പാദന മാർഗ്ഗത്തിലുള്ള തെററായ എല്ലാ പ്രവർത്തനങ്ങൾക്കും മനുഷ്യൻ മുതിരുന്നത് ദൈവവിധിയിൽ വിശ്വസിക്കാത്തത് നിമിത്തമാകുന്നു.

വല്ലതും ധർമ്മംചെയ്യാനുദ്ദേശിക്കുമ്പോൾ ദാരിദ്ര്യത്തെപ്പററി പിശാച് പേടിപ്പിക്കുന്നു. ദൈവവിധിയിൽ വിശ്വസിക്കുന്നവൻ ആ ദുർബോധത്തിന്നു വഴങ്ങുകയില്ല. ഇവിടെയും ദൈവവിധിയിൽ വിശ്വസിക്കുന്നതുകൊണ്ടു മാത്രമേ രക്ഷയുള്ളൂ.

മനുഷ്യൻ തൂങ്ങിമരിക്കാൻ ശ്രമിക്കുന്നത് ദൈവവിധിയിൽ വിശ്വസിക്കാത്തത് നിമിത്തമാണെന്നു പറയേണ്ടതില്ലല്ലോ. പരീക്ഷയിൽ തോൽക്കുകയോ, രോഗത്തിന്റെ കാഠിന്യം ദുസ്സഹമായിത്തീരുകയോ, അപമാനം താങ്ങാൻ കഴിയാതെ വരികയോ, പ്രേമബന്ധു മററു വിവാഹത്തിലേർപ്പെടുകയോ ചെയ്യുമ്പോൾ മനുഷ്യൻ ആത്മഹത്യ ചെയ്യുന്നു. തലയിലെഴുത്തിൽ വിശ്വസിക്കാത്തതുകൊണ്ടാണിത്. ചുരുക്കത്തിൽ വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സമുദായങ്ങളുടെയും, രാഷ്ട്രങ്ങളുടെയും രക്ഷക്ക്–ഇഹലോകത്തിലെയും പരലോകത്തിലെയും രക്ഷക്ക്–നിദാനമായിട്ടുള്ള ഒന്നാണ് ദൈവവിധിയിൽ വിശ്വസിക്കൽ. വിശ്വസിക്കാത്തതിന്റെ ദോഷം പറഞ്ഞുതീർക്കാനൊക്കുകയില്ല.

ഇനി ദൈവവിധിയുടെ പേർപറഞ്ഞു വെറുതെയിരിക്കാൻ പാടില്ലയെന്നും കഴിവിൽപ്പെട്ടതെല്ലാം ചെയ്യുകയാണ് വേണ്ടതെന്നും പ്രവാചകന്മാർ ഉപദേശിക്കുകയും മാതൃകകാണിക്കുകയും ചെയ്തിട്ടുള്ളതിനെയും പററിയാണ് പറയാൻ വിചാരിക്കുന്നത്.

(തുടരും)

---



# കുളിയുടെ രൂപം (തുടർച്ച)

സി. എ. എം. മൗലവി

കുളിയിൽ മുടിയും തൊലിയും മുഴുവനും കഴുകണം. ഒരു മുടിയുടെ സ്ഥലമെങ്കിലും കഴുകാതെവിട്ടാൽ അതിനെ തീകൊണ്ട് ഇന്നിന്നപ്രകാരം ചെയ്യുമെന്ന് റസൂൽ(സ) പറയുന്നതായി താൻ കേട്ടിട്ടുണ്ടെന്നും അതിനാലാണ് തന്റെ മുടിയോട്ട് തനിക്ക് വിരോധമെന്നും അലി(റ) പറഞ്ഞതായി അഹമ്മദ്, അബൂദാവൂദ് എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം മുടി വെട്ടുകയാണ് ചെയ്തിരുന്നതെന്ന അബൂദാവൂദിൽ കൂടുതലായുണ്ട്. അതിന്റെ സനദ് (പരമ്പര) സഹീഹാണെന്ന ഹാഫിസ് പറയുന്നു. പലരും അതിന്നു ഉടവ് പറഞ്ഞിട്ടുമുണ്ട്. എന്നാൽ മിടഞ്ഞുകെട്ടിയ മുടി സ്ത്രീകൾ ജനാബത്തുകുളിയിൽ അഴിക്കേണ്ടതില്ലെന്നു താഴെ പറയുന്ന ഹദീസ് കാണിക്കുന്നു.

عن امّ سلمة رضى الله عنها قالت
قُلْتُ يا رسول الله اِنّى امرأةٌ
أَشُدُّ ضَفْرَ رَأْسِي اَفَأَنْقُضُهُ
لِغُسْلِ الْجَنابَةِ؟ قال لا. اِنَّما
يَكْفِيكِ أنْ تَحْثِي عَلى
رَأْسِكِ ثَلاثَ حَثَيَاتٍ ثُمَّ
تُفِيضِينَ عَلَيْكِ الْماءَ
فَتَطْهُرِينَ
رواه الجماعة الاالبخارى

(ഉമ്മുസലമ(റ) പറയുകയാണ്. ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ! ഞാൻ തലമുടി മിടഞ്ഞു കെട്ടാറുള്ള ഒരു സ്ത്രീയാണ് ജനാബത്ത്കുളിക്ക് ഞാനതു അഴിക്കണമോ? അവിടുന്ന് പറഞ്ഞു. വേണ്ട; നിന്റെ തലയിൽ മൂന്നു കോരൽ വെള്ളം കോരി വീഴ്ത്തുകയും പിന്നെ നിന്റെമേൽ വെള്ളം ഒലിപ്പിക്കുകയും ചെയ്താൽ മതി. അപ്പോൾ നീ ശുദ്ധിയുള്ളവളാകും. ബുഖാരി ഒഴിച്ചുള്ളവർ ആറാളും രേഖപ്പെടുത്തിയിട്ടുള്ള ഹദീസാണിത്. ഒരു നിവേദനത്തിൽ (മുസ്ലിമിലെ) ഹൈസിന്നും ജനാബത്തിന്നും എന്നുമുണ്ട്.

കുളിയിൽ സ്ത്രീ തന്റെ മിടഞ്ഞു കെട്ടിയ മുടി അഴിക്കേണ്ടതില്ലെന്നാണല്ലോ ഈ ഹദീസ് കാണിക്കുന്നത്. എന്നാൽ ജനാബത്ത് കുളിയെന്നല്ല ഏതു കുളിയിലും സ്ത്രീയും പുരുഷനും കെട്ടഴിച്ച് കുഴക്കേണ്ടതില്ലെന്നു പറഞ്ഞതായി ഇമാം മാലിക്കിനെക്കുറിച്ച് നിവേദനംചെയ്യപ്പെട്ടിരിക്കുന്നു. മുടി കെട്ടഴിച്ച് കഴുകേണ്ടതില്ലെന്ന് പറഞ്ഞതിന്റെ വ്യാപകത്വത്തിൽ ഇതെല്ലാം പെട്ടുമെന്നും സ്ത്രീ ചോദിച്ചതിന്നുത്തരമായാണത് പറഞ്ഞതെന്നുള്ളതുകൊണ്ട് അതു സ്ത്രീക്കുമാത്രം ബാധകമാണെന്നുവെക്കേണ്ടതില്ലെന്നുമാണ് അതിലുള്ള ന്യായം.

ഇമാം അഹ്മദ് പറയുന്നത് ഹൈള് കുളിയാണെങ്കിൽ അഴിക്കണമെന്നാണ്. അതിന്നുള്ള തെളിവ് ആയിശാ(റ)യുടെ ഈ ഹദീസാണ്.

عن عائشة رضى الله عنها انّ النبيّ صلعم قالَ لَها وَكانَتْ حائِضاً أنقُضِي شَعْرِكِ واغْتَسِلي، (رواه ابن ماجه باسنا د صحيح)

(ആയിശാ(റ)യോട് നബി(സ) പറഞ്ഞു—അവർ ഹൈസുകാരിയായിരുന്നു—നിന്റെ മുടിയഴിച്ച് കുളിക്കുക; എന്ന്. ഇത് സഹീഹായ സനദോട്ടുകൂടെ ഇബ്നുമാജ രേഖപ്പെടുത്തിയതാണ്.) എന്നാൽ തിർമിദി ഒഴിച്ചുള്ള ആറാളും രേഖപ്പെടുത്തിയത് ഇങ്ങിനെയാണ്.

أَنَّها قَدِمَتْ مَكَّةَ وَهِيَ حائِضٌ وَلَمْ تَطُفْ بِالْبَيْتِ إلاَّ بَيْنَ الصَّفا وَالْمَرْوَةِ فَشَكَتْ ذٰلكَ إليه صلعم فقال أُنقُضِي رَأْسَكِ وَامْشُطِي وَأَهِلِّي بِالْحَجِّ

(അവർ (ആയിശ) ഹൈസുകാരിയായിക്കൊണ്ടായിരുന്നു മക്കയിലെത്തിയത്. അതിനാൽ അവർ കഅബാ പ്രദക്ഷിണം ചെയ്തില്ല. സഫാ മർവാകളുടെ ഇടയിൽ ഓടലേ ചെയ്തുള്ളൂ. അങ്ങിനെ അവരത്—അതിലവർക്കുള്ള മനോഃവേദന—തിരുമേനിയെ അറിയിച്ചു. അവിടുന്നു പറഞ്ഞു. "നിന്റെ തലമുടി അഴിക്കുകയും തല ചീവുകയും ഹജ്ജിൽ പ്രവേശിക്കുകയും ചെയ്യുക." ഈ നിവേദനത്തിൽ കുളി പറഞ്ഞിട്ടില്ല.

ഈ ഹദീസ് ഹജ്ജിൽ പ്രവേശിക്കുന്നതിലുള്ള സുന്നത്തുകളെ സംബന്ധിച്ച് വന്നതാണെന്നും ആ സന്ദർഭത്തിലെ കുളി വൃത്തിക്കുവേണ്ടിയുള്ളതും നമസ്കാരത്തിന്നു വേണ്ടിയല്ലാത്തതുമാണെന്നും നമസ്കാരത്തിന്നുവേണ്ടിയുള്ള കുളിയിലാണല്ലോ തർക്കമെന്നും എതിരഭിപ്രായക്കാർ മറുപടി പറഞ്ഞിരിക്കുന്നു.



ദാറുഖുത്ത്നിയുടെ ഇഫ്റാദിലും, ബൈഹഖിയുടെ സുനനുൽ കുബ്റായിലും രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീസിൽ ഹൈസിന്ന് കുളിക്കുമ്പോൾ മുടിയഴിച്ച് താളിയും മററും ചേർത്ത് കുളിക്കണമെന്നും ജനാബത്തിന്നു കുളിക്കുമ്പോൾ തലയിൽ വെള്ളമൊഴിച്ചു പിഴിയണമെന്നും റസൂൽ(സ) പറഞ്ഞതായി അനസ്(റ) നിവേദനം ചെയ്തിട്ടുള്ളതായുണ്ട്. ഈ ഹദീസ് ഹമ്മാദിബ്നു മുസ്ലിമുബ്നുസുബൈഹ് എന്നാൾ മാത്രം നിവേദനം ചെയ്തിട്ടുള്ളതാണ്. വേറെ ദോഷമൊന്നും ആരും പറഞ്ഞതായി കണ്ടിട്ടില്ല.

ഹൈസ്കുളിയുടെ പ്രത്യേകത കാണിക്കുന്ന മറെറാരു ഹദീസ് ഇങ്ങിനെയാണ്.

عن عائشة رضى الله عنها أن امْرَأَةً مِنَ الانصار سَأَلَتِ النَّبِيَّ صلعم عن غُسْلِها من الحيض فأمرها كَيْفَ تَغْتَسِل ثمّ قال خُذِي فِرْصَةً مِنْ مسكٍ فَتَطَهَّرِي بِها، قالَتْ كَيْفَ اتَطَهَّرُ بِها ؟ قال سبحان الله تَطَهَّرِي بِها. فاجْتَذَبْتُها إليَّ فَقُلْتُ تَتَبَّعِي بِها أَثَرَ الدَّمِ رواه الجماعة إلاّ الترمذى غَيْرَ أنَّ ابن ماجه واباداود قالا فرصةً مُمَسَّكةً (وروى فى الصحيحين ايضا فِرْصَةً مُمَسَّكَةً)

ആയിശാ (റ) പറയുകയാണ്. അൻസാറിൽനിന്നുള്ള ഒരു സ്ത്രീ ഹൈസ് കുളിയെ സംബന്ധിച്ചു നബിതിരുമേനിയോട് ചോദിച്ചു. എങ്ങനെ കുളിക്കണമെന്നു തിരുമേനി അവൾക്കു പറഞ്ഞുകൊടുത്തു. പിന്നെ പറഞ്ഞു, കസ്തൂരികൊണ്ടു സുഗന്ധം പിടിപ്പിച്ച ഒരു കഷ്ണം (തുണിയോ കമ്പിളിയോ) എടുത്തു അതുകൊണ്ട് ശുദ്ധിയാക്കുക. എങ്ങിനെയാണ് ഞാനതുകൊണ്ടു ശുദ്ധിയാക്കേണ്ടത് എന്നവർ ചോദിച്ചു. അപ്പോൾ 'സുബ്ഹാനല്ലാഹി' നീയതുകൊണ്ടു ശുദ്ധിയാക്കുക' എന്ന് അവിടുന്നു പറഞ്ഞു. അപ്പോൾ അവരെ എങ്കലേക്ക് പിടിച്ചുവലിച്ച് നിറുത്തിക്കൊണ്ട് ഞാൻ പറഞ്ഞു. രക്തം തട്ടിയേടം നോക്കി അതുകൊണ്ട് തടകുക.

കുളിച്ചതിന്നശേഷമാണതുകൊണ്ട് ശുദ്ധി വരുത്തേണ്ടതെന്ന് മുസ്ലിമിന്റെ ഒരു നിവേദനത്തിലുണ്ട്. ആ സ്ഥലം വൃത്തിയാക്കിയ ശേഷം സുഗന്ധംവരുത്തുകയെന്നുള്ളതാണതുകൊണ്ടുള്ള ഉദ്ദേശമെന്ന ഭൂരിപക്ഷം ഉലമാക്കൾ പറഞ്ഞിരിക്കുന്നു. കസ്തൂരി കിട്ടിയില്ലെങ്കിൽ വേറെ സുഗന്ധവസ്തു കൊണ്ടെന്നും വന്നിട്ടുണ്ട്.

# സമ്പത്ത് ഇസ്ലാമിൽ

—എ. മുഹമ്മദലി—

ആധുനിക യുഗത്തിൽ സമ്പത്ത് മനുഷ്യജീവിതത്തിന്റെ അനിവാര്യ ഘടകമായിത്തീർന്നിരിക്കുന്നു. ധനസമ്പാദനം ജീവിതലക്ഷ്യമായിപ്പോലും ഗണിക്കപ്പെടുന്നു. ധനത്തിനുമുമ്പിൽ മാനവും മനുഷ്യത്വവും ജീവൻപോലും പണയപ്പെടുത്താൻ സന്നദ്ധതയുള്ളവർ വിരളമല്ല. ഇരുപതാം ശതകത്തിന്റെ സായാഹ്നത്തിൽ ധനം മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം മുമ്പൊന്നുമുണ്ടായിട്ടില്ലാത്തത്ര ശക്തിമത്താണ്. വികസ്വരമായ സമ്പദ്ഘടന കൈവരിച്ച രാഷ്ട്രങ്ങളുടെ ചൊൽപ്പടിയിലാണ് സാമ്പത്തികാവികസിതരാജ്യങ്ങൾ. സമ്പത്തിനോടു മനുഷ്യൻ അനുവർത്തിക്കുന്ന സമീപനത്തിൽ സമഗ്രമായ ഒരു പരിവർത്തനംകൊണ്ടേ, ജീവിത സോപാനത്തിൽ അന്യായമായി കയറിപ്പററിയ ഉച്ചസ്ഥാനത്തുനിന്നു സമ്പത്തിനെ പിടിച്ചിറക്കി യഥാസ്ഥിതം പ്രതിഷ്ഠിക്കാനാവൂ.

## സാമ്പത്തിക ചിന്തയുടെ ഉൽഭവം:

ശിലായുഗ മനുഷ്യനെ സാമ്പത്തിക ചിന്ത പിടികൂടിയിരുന്നില്ല. ഭൂമുഖത്തെ സമസ്ത വിഭവങ്ങളിലും എല്ലാവർക്കും തുല്യാവകാശമുണ്ടായിരുന്നു. സ്വന്തം അദ്ധ്വാനത്താൽ കരസ്ഥമാക്കുന്ന മൃഗങ്ങളുടെ മാംസം, ഫലമൂലാദികൾ, അരുവികളിലെ ജലം എന്നിവയിൽ പരിമിതമായിരുന്നു ജീവിതാവശ്യങ്ങൾ. 'നാളെ'യുടെ കാര്യം 'ഇന്നു'' ആലോചിക്കേണ്ടതുണ്ടായിരുന്നില്ല. കാലാന്തരത്തിൽ ആഹാരമന്വേഷിച്ചുള്ള പ്രയാണമവസാനിപ്പിച്ച് ഫലപുഷ്ടമായ ഭൂഭാഗങ്ങളിൽ കൂട്ടമായി സ്ഥിരവാസം തുടങ്ങുകയും കാർഷികവൃത്തി സ്വീകരിക്കുകയുംചെയ്തതോടെ തന്റെയും കുടുംബത്തിന്റെയും ജീവസന്ധാരണം ഒരു ചോദ്യമായി അവന്റെമുന്നിൽ ഉയർന്നുവന്നു. ഭാവി സുരക്ഷിതത്വത്തിന്നായി താനധിവസിക്കുന്ന കിടപ്പാടവും വിളവെടുക്കുന്ന കൃഷിയിടവും സ്വന്തമാക്കി വെച്ചുതുടങ്ങിയതാണ് ഭൂമിയിൽ സ്വകാര്യസ്വത്ത് ഉടലെടുത്തതിന്റെ പ്രാരംഭം. പിൽക്കാലക്കാർ പൂർവ്വഗാമികളുടെ കാല്പാടുകളെ അനുധാവനംചെയ്തുകൊണ്ട് കൂടുതൽ സ്വത്ത് അധീനപ്പെടുത്തുകയും പിൻതലമുറകൾക്കായി അത് സംഭരിച്ചുപോരുകയുംചെയ്തു. നൂററാണ്ടുകൾ പിന്നിട്ടപ്പോൾ ജീവിതനിർവ്വഹണത്തിനുള്ള ഉപകരണമെന്ന നിലവിട്ട് സർവ്വപ്രധാനമായ ജീവിതലക്ഷ്യത്തിന്റെ പദവിയിൽ, അങ്ങിനെ, സമ്പത്ത് എത്തിച്ചേർന്നിരിക്കുന്നു.

## സാമ്പത്തിക സിദ്ധാന്തങ്ങൾ:

ധനസമ്പാദനം, വികസനം, വിതരണം എന്നിവയോടുള്ള വ്യത്യസ്ത സമീപനങ്ങളിൽനിന്നാണ് വിഭിന്ന സാമ്പത്തിക സിദ്ധാന്തങ്ങൾ ഉടലെടുത്തിട്ടുള്ളത്.

അളവില്ലാതെ സ്വത്ത് സമ്പാദിക്കാനും കൈവശം വെക്കാനും യഥേഷ്ടം വിനിയോഗിക്കാനും വ്യക്തികൾക്കധികാരം നല്കുന്നു 'കാപിററലിസം'. മുതലാളിത്ത വ്യവസ്ഥയിൽ ഓരോ വ്യക്തിക്കും അധീനപ്പെടുത്താവുന്ന സമ്പത്തിന്ന് പരിധിയും പരിമിതിയുമില്ല. വ്യക്തിയാണ് സമ്പത്തിന്റെ സർവ്വാധിപതി. ഇതിനെതിരായി 'സോഷ്യലിസ്റ്റ്' സിദ്ധാന്തം അനുശാസിക്കുന്നത് മുഴുസമ്പത്തും രാഷ്ട്രത്തിന്റെ പൊതു ഉടമയിലാവണമെന്നാണ്. വ്യക്തികളുടെ അദ്ധ്വാനത്തിന് സ്റ്റെയിററ് വേതനം നല്കും. സ്വകാര്യോടമ തീരെ അഭിലഷണീയമല്ല. ചീപ്പിന്റെ പല്ലുകൾകണക്കെ പ്രജകൾക്കിടയിൽ സാമ്പത്തിക സന്തുലിതത്വം സൃഷ്ടിക്കുകയാണ് സോഷ്യലിസ്റ്റു രാഷ്ട്രത്തിന്റെ പരമലക്ഷ്യം. ഇതിനായി സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ അനുക്രമം പരിശ്രമിക്കുന്നതിനുപകരം ധനികനും ദരിദ്രനും തമ്മിലും, മുതലാളിയും തൊഴിലാളിയും തമ്മിലും, ജന്മിയും കുടിയാനും തമ്മിലുമുള്ള അവസ്ഥാന്തരം ഒററയടിക്ക് സമീകരിക്കുവാൻ യത്നിക്കുമ്പോൾ അത് വിപ്ലവാത്മക സോഷ്യലിസം—അഥവാ 'കമ്യൂണിസ'മായി.

ഇന്ന് സാമ്പത്തികലോകത്ത് ലബ്ധപ്രതിഷ്ഠമായ സിദ്ധാന്തങ്ങളാണിവ. വിശദാംശങ്ങളിലേക്കിറങ്ങിയാൽ, മനുഷ്യജീവിതത്തിനു ആരോഗ്യകരമായ സമ്പദ്ഘടന കാഴ്ചവെക്കുന്നതിൽ ഇവയൊന്നും വിജയിച്ചിട്ടില്ലെന്നു് കാണാൻ പ്രയാസമില്ല. ഇച്ഛിച്ചതെന്തും പ്രവർത്തിക്കാൻ തടസ്ഥമില്ലാത്തവിധം സമ്പത്തിന്റെ പ്രവിശാല ലോകത്തേക്ക് വ്യക്തിയെ കയററിവിടുന്നു കാപിററലിസമെങ്കിൽ, പ്രതിദിനാവശ്യങ്ങൾ സ്വതന്ത്രമായി സമ്പാദിക്കാൻപോലുമനുവദിക്കാതെ കരചരണങ്ങൾ ബന്ധിച്ച് ജീവിതംതന്നെ ദുഷ്കരമാക്കുകയാണ് കമ്യൂണിസം ചെയ്യുന്നത്. ധനം കുന്നുകൂടിയ വൻകിട ജന്മിമുതലാളികൾക്കു കീഴിൽ സാധാരണക്കാർ നരകിക്കാനിടയാവുന്നു എന്നതാണ് കാപിററലിസത്തിന്റെ ഫലം. മറുവശത്താകട്ടെ, സോഷ്യലിസ്റ്റുസമ്പ്രദായത്തിൽ മുഴുധനവും രാഷ്ട്രമാകുന്നവൻമുതലാളിയുടെ ഉടമയിലാകയാൽ പ്രജകളൊന്നടങ്കം സാമ്പത്തിക പരാധീനത അനുഭവിക്കുന്നു.

## ഇസ്ലാമിൽ:

വ്യക്തിയെ സമ്പത്തിന്റെ സർവ്വാധിപതിയാക്കിച്ചമയ്ക്കുന്ന കാ

പിററലിസ്റ്റ് ചവ്വത്തിന്നും, ഒരു കഷ്ണം ഭൂമിയോ ഒരു പൈസയോ സ്വന്തമായില്ലാതെ പൂർണ്ണ നിസ്സഹായനും പരാശ്രിതനുമാക്കുന്ന സോഷ്യലിസമെന്ന പാതാളത്തിനുമിടയിലുള്ള ശാദ്വലഭൂമിയാണ് ഇസ്ലാമിക സമ്പദ്‌വ്യവസ്ഥ. ധനശേഖരണം, സൂക്ഷിപ്പ്, വിതരണം എന്നീ മൂന്നുമേഖലകളും ഒരുപോലെ ആരോഗ്യകരമായാലേ സാമ്പത്തിക ഘടന അന്യൂനമാകയുള്ളൂ. ഈ തത്വത്തെ മുഖവിലക്കെടുത്തിട്ടുണ്ട് ഇസ്ലാം. ഒരേസമയം തന്നെ സ്വകാര്യോടമ അനുവദിക്കുകയും അതിൻെറ സംഭരണ–വിനിമയങ്ങളിൽ ആവശ്യമായ നിയന്ത്രണം ചുമത്തുകയും ചെയ്യുന്നു. പ്രപഞ്ചവും പ്രാപഞ്ചിക വിഭവങ്ങളും അല്ലാഹുവിൻേറതാണ്. സ്വഗമജീവിതത്തിനുള്ള ഒരു പാധിയെന്ന നിലക്ക് പ്രാപഞ്ചികവസ്തുക്കളിൽ മനുഷ്യന് കൈകാര്യാവകാശം നല്കപ്പെട്ടിരിക്കുന്നു. പ്രപഞ്ചനാഥനെ അനുസരിച്ചുകൊണ്ട് അവയിൽ മനുഷ്യന് ക്രയവിക്രയം നടത്താം'—ഇതാണ് സമ്പത്തിനുനേരെ ഇസ്ലാം സ്വീകരിക്കുന്ന വീക്ഷാഗതി. ഇതനുസരിച്ച പ്രായോഗിക ജീവിതത്തിൽ ധനത്തിന് നിർണ്ണായകസ്ഥാനമുണ്ട്. 'ജീവിതത്തിന്നാധാരം' എന്നാണ് വിശുദ്ധ ഖുർആൻ ധനത്തെ വിശേഷിപ്പിക്കുന്നത്. പക്ഷെ അമിതപ്രാധാന്യം നൽകിക്കൊണ്ട് മനുഷ്യൻ നാണയത്തുട്ടിൻെറ അടിമയായിത്തീരാൻ ഇസ്‌ലാമനുവദിക്കുന്നില്ല.

تَعِسَ عَبْدُ الدِّينَارِ تَعِسَ عَبْدُ الدِّرْهَمِ (بخاری)

[ദീനാറിൻെറ അടിമ നശിക്കട്ടെ, ദിർഹമിന്റെ ദാസൻ നശിക്കട്ടെ!] സമൂഹത്തെ മുഴുവൻ പ്രതിനിധാനം ചെയ്തുകൊണ്ടാണ് സ്വത്ത് കൈവശമുള്ളവർ അതു കയ്യാളേണ്ടത്.

وَأَنْفِقُوا مِمَّا جَعَلَكُمْ مُسْتَخْلَفِينَ فِيهِ

[നിങ്ങളെ പ്രതിനിധികളായി നിശ്ചയിച്ച ധനത്തിൽനിന്നും ചെലവഴിക്കുക.] പ്രധാനമായും, ധനത്തിന്റെ പരമാധികാരി എന്ന വിഭാവനംതന്നെ എടുത്തുകളഞ്ഞ് സമ്പത്ത് അന്യർക്കുകൂടി അവകാശപ്പെട്ടതാണെന്ന ബോധം ഇസ്ലാം സൃഷ്ടിക്കുന്നു. 'തങ്ങളുടെ ധനങ്ങളിൽ യാചകനും ദരിദ്രനും നിർണ്ണിതമായ അവകാശമുള്ളവ'രായിരിക്കും യഥാർത്ഥ വിശ്വാസികൾ.

ഇസ്ലാം സാമ്പത്തിക വ്യവഹാരങ്ങളുടെ ത്രിവിധ മേഖലകളെയും നിയന്ത്രിക്കുന്നുവെന്ന് സൂചിപ്പിക്കുയുണ്ടായി. അവ ഓരോന്നായി ഒരു വിശകലനത്തിന് വിധേയമാക്കാം.

**ധനസമ്പാദനം:**

ഇസ്ലാമികവ്യവസ്ഥിതിയിൽ ധനസമ്പാദനത്തിന് എല്ലാ വ്യക്തികൾക്കും തുല്യാവസരമുണ്ട്. ചില പ്രത്യേക ധനാഗമ മാർഗ്ഗങ്ങൾ ഇതരക്കുമുന്നിൽ കൊട്ടിയടച്ച് ഒരുപിടിയാളുകൾ കുത്തകയാക്കുന്നത് ഇസ്ലാമികമല്ല. 'നിങ്ങൾ ജനങ്ങളെ (സമ്പാദിക്കുവാൻ) അനുവദിക്കുക. അവരിൽ ചിലർമുഖേന മററ ചിലർക്ക് അല്ലാഹു ആഹാരംനല്കും,' എന്ന് പ്രവാചകൻ (സ. അ) പറയുകയുണ്ടായി. (സഹീഹ്‌മുസ്ലിം വാ: 10 പേ: 165) അപ്രകാരം അന്യായമായ മാർഗ്ഗങ്ങളിലൂടെ ധനം സമ്പാദിക്കുവാനും പാടില്ല.

لاَ تَأْكُلُوا أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ

(നിങ്ങൾക്കിടയിൽ നിഷിദ്ധ മാർഗ്ഗേണ ധനം കൈവശപ്പെടുത്തി ഭക്ഷിക്കരുത്.)

(സൂറത്തുന്നിസാഉ്)

ധനസമ്പാദനത്തിനുള്ള ന്യായമായ മാർഗ്ഗങ്ങൾ ഇസ്ലാം വ്യക്തമാക്കിയിട്ടുണ്ട്. കൃഷി, വ്യാപാരം, ഉദ്യോഗം, ഖനിജങ്ങൾ, സമരാർജ്ജിത സ്വത്തുക്കൾ, അനന്തിരാവകാശം, സകാത്ത്, സംഭാവന, ദാനം മുതലായ ധനാഗമ മാർഗ്ഗങ്ങൾ ഇസ്ലാം അനുവദിച്ചതാണ്. ഈ മാർഗ്ഗങ്ങളിലെല്ലാം ശാരീരികാദ്ധ്വാനമോ ന്യായമായ മററവകാശങ്ങളോ ആണ് ഉടമസ്ഥതക്ക് ആധാരമെന്നു കാണാവുന്നതാണ്.

كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ

(നാം നിങ്ങൾക്ക് നല്കിയ സമ്പത്തുക്കളിൽ ഉത്തമമായത് ഭക്ഷിച്ചുകൊള്ളുക.) ഇതിനു വിപരീതമായി വഞ്ചന, തട്ടിപ്പ്, ഭാഗ്യപരീക്ഷണം, ചൂഷണം, പലിശ, കളവ്, പൂഴ്ത്തിവെപ്പ്, കൈക്കൂലി, ചൂതാട്ടം ആദിയായ അന്യായ സമ്പാദ്യങ്ങൾ ഇസ്ലാം നിരോധിച്ചതാണ്. നിഷിദ്ധ സമ്പാദ്യത്തിന്റെ വിവിധ രൂപങ്ങൾ വെടിയാൻ ഖുർആനും ഹദീസുകളും ആഹ്വാനംചെയ്യുന്നു. മുൻ ഉദ്ധരിച്ച സൂറത്തുന്നിസാഇലെ സൂക്തം ഈ തത്വം പൊതുവിൽ അവതരിപ്പിക്കുന്നു.

**സൂക്ഷിപ്പ്:**

നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചതാണെങ്കിലും ധനം നിരുപയോഗമായി ധനികവർഗ്ഗത്തിൻെറ അധീനത്തിൽ കുന്നുകൂടിക്കിടക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല.

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلَا يُنْفِقُونَهَا فِي سَبِيلِ اللَّهِ فَبَشِّرْهُمْ بِعَذَابٍ (البرآءة)

(ദൈവമാർഗ്ഗത്തിൽ ചിലവഴിക്കാതെ സ്വർണ്ണവും വെള്ളിയും നിക്ഷേപമായി വെക്കുന്നവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് അറിയിപ്പ് നൽകുക.) നിത്യോപയോഗ സാധനങ്ങൾ പൂഴ്ത്തിവെച്ച് കരിഞ്ചന്തനടത്തി കൊള്ളലാഭമടിക്കുന്നത് പാതകമാണ്.

مَنْ احْتَكَرَ فَهُوَ خَاطِئٌ (مسلم ابوداود)

താൻ കഴിക്കുന്ന ഭക്ഷണം അയൽക്കാരനും ലഭിക്കണമെന്നാഗ്രഹിക്കാത്തവൻെറ ഈമാൻ പൂർണ്ണമല്ല.

لاَ يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِجَارِهِ مَا يُحِبُّ لِنَفْسِهِ

സ്വശരീരത്തിന്നു ഇഷ്ടപ്പെടുന്നതെന്തോ അത് തൻെറ അയൽവാസിക്കും ഇഷ്ടപ്പെടുവോളം ഒരാളും സത്യവിശ്വാസിയാവില്ല. (ബുഖാ

രി) ധന വികേന്ദ്രീകരണത്തിന് ഇസ്ലാം നിർദ്ദേശിക്കുന്ന ഏററവും ഫലപ്രദമായ മാർഗ്ഗമാണ് അനന്തിര സ്വത്ത്‌വിഭജനം. പിതാവിൻെറ മരണശേഷം സീമന്തപുത്രന് മുഴുവൻ സ്വത്തും ലഭിക്കുന്ന യൂറോപ്യൻ സമ്പ്രദായവും ആൺ സന്താനങ്ങൾക്ക് സ്വത്തവകാശമില്ലാത്ത മരുമക്കത്തായവും ലോകത്തെവിടെയും നിലവിലുള്ള മറേറതൊരു ദായധന വിഭജനക്രമവും ഇസ്ലാമിക നിയമത്തോളം നീതിപൂർവ്വകമല്ലെന്ന് സാമ്പത്തിക ശാസ്ത്രവിശാരദന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ധനവികേന്ദ്രീകരണത്തിനുള്ള മറെറാരു മാർഗ്ഗമാണ് സകാത്ത്. ചുരുക്കത്തിൽ ധനം കുന്നുകൂടി സാമ്പത്തികരംഗം അഴിമതിക്കിരയാവുന്നതിനെ ഇസ്‌ലാം തടഞ്ഞു.

كَيْ لَا يَكُونَ دُولَةً بَيْنَ الْأَغْنِيَاءِ مِنْكُمْ

"(സമ്പത്ത്) നിങ്ങളിലെ ധനികർക്കിടയിൽമാത്രം കറങ്ങുന്നതാവാതിരിക്കാൻ."

**ധനവിനിമയം:**

ഒരു ജനതയുടെ സാമ്പത്തിക സുസ്ഥിതിക്ക് നിദാനം അവർ സ്വീകരിച്ച ധനവിതരണക്രമത്തിലുള്ള സാംഗത്യാസാംഗത്യങ്ങളാണ്. ധനവിനിമയം വ്യവസ്ഥിതവും നീതിപൂർവ്വകവുമെങ്കിൽ സമൂഹത്തിൽ സാമ്പത്തിക ഭദ്രത സംജാതമാകും. അതിൻെറ അഭാവത്തിൽ സമ്പദ്ഘടന വികലവും അസന്തുലിതവുമാകയും ചെയ്യും. ഈ തത്വം പരിഗണിച്ചുകൊണ്ട്, സമ്പദ്‌വിതരണത്തിൽ ഇസ്ലാം കർശനമായ നിയമങ്ങൾ നിർബ്ബന്ധമാക്കുന്നു. ഒരു നിശ്ചിത പരിധിയിലധികം സമ്പദ് വിഭവങ്ങൾ—സ്വർണ്ണമോ വെള്ളിയോ, കാർഷികോല്പന്നങ്ങളോ, വ്യാപാരച്ചരക്കുകളോ, കന്നുകാലി സമ്പത്തോ ഏതുമാവട്ടെ—കൈവശമുള്ളവർ അവയുടെ നിശ്ചിത ശതമാനം ആവശ്യക്കാരായ സഹോദരങ്ങൾക്കായി നീക്കിവെക്കണമെന്നതു ഇസ്ലാമിക ബാദ്ധ്യതയാണ്. ദരിദ്രരുടെ അവകാശമാണ് സകാത്ത്. അത് നല്കാൻ വിസമ്മതിക്കുന്നവരിൽനിന്ന് ബലമായി പിടിച്ചുവാങ്ങാൻ ഇസ്ലാമിക നേതൃത്വത്തിന്നധികാരമുണ്ടെന്നാണ് 'റസൂലിന്റെ കാലത്ത് (സകാത്തായി) നല്കിയിരുന്ന ഒരൊട്ടകക്കയർപോലും ഇന്ന് അവർ തരാതിരിക്കുന്നുവെങ്കിൽ അതിന്റെ പേരിൽപോലും ഞാനവരോട് യുദ്ധംചെയ്യും' എന്ന ഖലീഫാ അബൂബക്കർ (റ)ന്റെ ദൃഢപ്രഖ്യാപനം തെളിയിക്കുന്നതു്.

സകാത്ത്‌വിതരണം വ്യവസ്ഥാപിതമാക്കുകയാണെങ്കിൽ ഇന്ന് മുസ്ലിം സമുദായത്തിൻെറ സാമ്പത്തികാവശത വലിയൊരളവോളം പരിഹൃതമാവുമെന്നതിൽ സംശയമില്ല. കഷ്ടപ്പെട്ടുഴലുന്ന ദരിദ്രലക്ഷങ്ങൾക്കാശ്വാസമേകാൻ സകാത്തിനോളം ഉപകരിക്കുന്ന മറെറാരു പദ്ധതിയും നിലവിലില്ല. 'നിർബ്ബന്ധദാന'ത്തിനു പുറമെയും സാമൂഹികാവശ്യങ്ങൾക്കായി പണപ്പെട്ടി തുറക്കാൻ സമ്പന്നർ ബാദ്ധ്യസ്ഥരാണ്.

لَنْ تَنَالُوا الْبِرَّ حَتَّى تُنْفِقُوا مِمَّا تُحِبُّونَ



(ഏററവും പ്രിയങ്കരമായതിൽനിന്ന് ചിലവുചെയ്യുംവരെ നിങ്ങൾക്ക് മേന്മ കൈവരികയില്ല.) (92-3) എന്നല്ല ധനം മുഴുവൻ ദൈവമാർഗ്ഗത്തിൽ വ്യയംചെയ്യാമെന്ന് അല്ലാഹുവുമായി കരാർചെയ്തവരാണ് മുസ്ലിംകൾ: "സ്വർഗ്ഗം പകരം നല്കാമെന്ന വ്യവസ്ഥയിൽ അല്ലാഹു സത്യവിശ്വാസികളുടെ ധനവും ജീവനും വിലക്ക്‌വാങ്ങിയിരിക്കുന്നു." (111-9)

എന്നാൽ അമിതവ്യയം ഇസ്ലാമിഷ്ടപ്പെടുന്നില്ല. അനാവശ്യമായി സമ്പത്ത് ധൂർത്തടിക്കുന്നത് പൈശാചികമാണ്: "ധനം ധൂർത്തടിക്കരുത്. ധൂർത്തന്മാർ പിശാചിന്റെ സഹോദരങ്ങളാണ്."[26.27-17]

അനാചാരങ്ങളിൽ വളരെയധികം ധനം ദുർവ്വ്യയംചെയ്യുന്നുവെന്നത് മുസ്ലിം സമുദായത്തിൻെറ സാമ്പത്തികനില അത്യന്തം ശോചനീയമാവാനുണ്ടായ കാരണങ്ങളിലൊന്നാണ്. ധനം ഏതുമാർഗ്ഗത്തിൽ ചിലവഴിച്ചുവെന്ന് പരലോകത്ത് ചോദ്യംചെയ്യപ്പെടുമെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു.

ഇങ്ങിനെ വീക്ഷിക്കുമ്പോൾ ഇസ്ലാമിൻെറ സാമ്പത്തികവ്യവസ്ഥ ആധുനിക ലോകത്ത് പ്രചാരത്തിലുള്ള മറെറല്ലാ വ്യവസ്ഥിതികളിലുമുള്ള സമസ്ത ദൂഷ്യങ്ങളിൽനിന്നും പരിശുദ്ധമാണെന്ന് കാണാൻ പ്രയാസമില്ല. സകാത്ത് സമ്പ്രദായം ക്രമാനുസൃതമായി നടപ്പിലാക്കുകമൂലേന ഏതാനും വർഷങ്ങൾക്കകം രാജ്യത്തിന്നാകമാനം സമ്പൽസമൃദ്ധിയുളവാക്കി ദാരിദ്ര്യം ഉന്മൂലനംചെയ്ത ചരിത്രം ഇസ്ലാമിൻെറ മാത്രം സവിശേഷതയത്രെ! ലോകത്തൊരു വ്യവസ്ഥക്കും ഇന്നോളമത് സാദ്ധ്യമായിട്ടില്ല. കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ ദാരിദ്ര്യവും ദൗർഭിക്ഷ്യവും സർവ്വത്ര നടമാടുന്നു. വ്യാവസായിക പുരോഗതിയുടെ എവറസ്റ്റ് കയറിയ അമേരിക്ക, ലക്ഷക്കണക്കിൽ ഡോളർ ചിലവുചെയ്ത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിൽവരുത്തുന്നു. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ മുൻപന്തിയിലെന്നവകാശപ്പെടുന്ന ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ പലതു കഴിഞ്ഞിട്ടും 'ഉള്ളവൻ കൂടുതൽ ഉള്ളവനും, ഇല്ലാത്തവൻ കൂടുതൽ ഇല്ലാത്തവനു'മാകയേ ചെയ്തിട്ടുള്ളൂ. പദ്ധതികളും അണക്കെട്ടുകളും കൊണ്ട് സാമ്പത്തികാഴിമതികളുടെ പ്രചണ്ഡപ്രവാഹത്തെ തടുത്തുനിർത്താൽ കഴിയുന്നില്ലെന്ന് നേതാക്കൾ വിലപിക്കുന്നു. ധാർമ്മിക-സാംസ്കാരികമണ്ഡലങ്ങളിലെന്നപോലെ സാമ്പത്തികരംഗത്തും വ്യാപകമായ അനിശ്ചിതത്വമാണുള്ളതെന്ന് സ്പഷ്ടം.

സമ്പത്ത് മുഴുവൻ രാഷ്ട്രവൽക്കരിക്കുകമൂലേന മനുഷ്യസഹജമായ സമ്പാദനേച്ഛയെ കെടുത്തിക്കളയുകയും, ധനികവർഗ്ഗത്തിൻെറ അനിയന്ത്രിത ശക്തിക്കടിപ്പെട്ട് ദരിദ്രലക്ഷങ്ങൾ ക്ലേശിക്കാനിടവരികയും ചെയ്യാത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ് ലോകത്തിന്നിന്നാവശ്യം. മററു സിദ്ധാന്തങ്ങൾ പരാജയപ്പെട്ടേടത്ത് ഇസ്ലാം ഒരു പദ്ധതിയവതരിപ്പിക്കുന്നു. അത് പ്രാവർത്തികമാക്കിക്കൊണ്ട് ഇസ്ലാമിക ജീവിത പദ്ധതിയുടെ സംസ്ഥാപനവും തദ്വാരാ സർവ്വലോകക്ഷേമവും കൈവരിക്കേണ്ട ചുമതല മുസ്ലിംകളുടേതാണ്.

# ലോകപ്രശ്നങ്ങൾക്ക് ക്രിയാത്മകമായൊരു പ്രതിവിധി

[ശഹീദ് മുഹമ്മദ് ഖുതുബ്]

വിവ: ശൈഖ് മുഹമ്മദ്, [റൗസത്തുൽ ഉലൂം]

കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലായി ക്രൈസ്തവ സിയോണിസ്ററ് പ്രഭൃതികൾ ഇസ്ലാമിനോടനുവർത്തിച്ച നയം സ്നേഹത്തിൻെറയോ മമതയുടെയോ അല്ല. അന്ധകാരാവൃതമായ ലോകത്ത് പ്രകാശം പരത്തുവാനായി മക്കാ ചക്രവാളത്തിൽ ഇസ്ലാമികസൂര്യൻ ഉദിച്ചുയർന്നതോടെ ഉത്ഭൂതമായതാണീ വിദ്വേഷത്തിൻെറയും വൈരാഗ്യത്തിൻെറയും വൈകൃതങ്ങൾ. ആ നിമിഷംമുതൽ ഇന്നേവരെ അവർ ഇസ്ലാമിനോടും മുസ്ലിംകളോടും കൈക്കൊണ്ടനയം വെറും വഞ്ചനാത്മകമായിരുന്നു. ലോകാവസാനംവരെ അവർ ഈ വിദ്വേഷത്തിലും വൈരാഗ്യത്തിലും ഉറച്ചുനിൽക്കുകതന്നെ ചെയ്യും. "നീ അവരുടെ മാർഗ്ഗാവലംബിയാകുന്നതുവരെ അവർ നിന്നെ ഇഷ്ടപ്പെടുകയില്ല" അവർ ശക്തരായിരുന്നുവെങ്കിൽ നീ നിൻെറ മതത്തെ ഉപേക്ഷിക്കുന്നതുവരെ അവർ നിന്നോട് സമരം ചെയ്യുമായിരുന്നു''.- (ഖുർആൻ)

ലോകത്ത് കഴിഞ്ഞ പതിനാല് നൂററാണ്ടുകളിലായി പതിനായിരക്കണക്കിൽ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ഈ സംഘട്ടനങ്ങളിൽ ഇസ്ലാം പ്രതിയോഗികളെ അത്ഭുതകരമാംവിധം അതിജയിച്ചിട്ടുണ്ടായിരുന്നു. ദൗർഭാഗ്യവശാൽ കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലായി–മുന്നേററത്തിൻെറ മാർഗ്ഗത്തിൽ ബലഹീനതകളുടെ പാറക്കെട്ടുകൾ വന്നടഞ്ഞപ്പോൾ, അവരുടെ ഹൃദയങ്ങൾ വിഭാഗീയ ചിന്താഗതികളാൽ മരവിച്ചപ്പോൾ, മുസ്ലിം ലോകം ഭിന്നിപ്പിൻെറയും വിയോജിപ്പിൻെറയും മൂർച്ചയേറിയ തേററകളാൽ കശാപ്പ് ചെയ്യപ്പെട്ടപ്പോൾ ക്രിസ്തീയ സാമ്രാജ്യത്വം ഇസ്ലാമിനെ മൃഗീയമാംവിധം ആക്രമിച്ചു കീഴടക്കുകയാണുണ്ടായത്. അസുലഭങ്ങളായ സുവർണ്ണാവസരങ്ങളിൽ ആ രോഗിയായ 'മനുഷ്യനെ' പിച്ചിച്ചീന്തി ശ്വാക്കളെപ്പോലെ ഭുജിക്കാൻ അവരൊട്ടും മടികാണിച്ചില്ല.

മാനുഷികമോ സാമ്പത്തികമോ പ്രാകൃതമോ ആയ വല്ല കാരണങ്ങളാലുമാണ് പാശ്ചാത്യർ പൗരസ്ത്യനാടുകളെ ഉന്നംവെച്ചു പുറപ്പെട്ടതെന്നു വല്ലവരും വിചാരിക്കുന്നുണ്ടോ? അല്ലെങ്കിൽ വഞ്ചനയും കാപട്യവുംനടത്തി ക്രൂസ്തീയ മതം പ്രചരിപ്പിച്ച അക്രമത്തിലൂടെയും പൗരസ്ത്യ മുസ്ലിംകളെ അടിമകളാക്കിവെക്കുകയെന്ന ''ധീര'' കൃത്യത്തിന്നാണ് പാശ്ചാത്യർ ഒരുങ്ങിപ്പുറപ്പെട്ടതെന്നു വല്ലവരും കരുതുന്നുണ്ടോ.

ഇസ്ലാമിനെ വേരോടെ പറിച്ചുകളയണമെന്ന അതി"മഹത്തായ'' ലക്ഷ്യംവെച്ചുകൊണ്ടാണ് ക്രൂസ്തീയ സേച്ഛാധിപതികളും സിയോണിസ്ററുകളും പൗരസ്ത്യനാടുകളിലേക്ക് ഇറങ്ങിപ്പുറപ്പെട്ടതെന്ന നഗ്നയാഥാർത്ഥ്യത്തിൽ വല്ലവരും സംശയാലുക്കളാണെങ്കിൽ പൗരസ്ത്യരുടെ രക്തംകൊണ്ടു കുങ്കുമച്ഛായയണിഞ്ഞ ചരിത്രത്തിൻെറ താളുകളൊന്നു മറിച്ചുനോക്കട്ടെ! "സിയോണിസ്റ്റുകളുടെ തത്വശാസ്ത്രം'' എന്ന ഗ്രന്ഥം വായിക്കുന്ന പക്ഷം മാർക്സിയൻ സിദ്ധാന്തത്തിനാലഭിച്ച പ്രചുരപ്രചാരത്തിൻെറയും സുസാധ്യങ്ങളായ എല്ലാ മേഖലകളിലും ഫ്രോയ്ഡിൻെറ ആശയങ്ങൾ കുടിയിരുന്നതിൻെറയും കഥകൾ നന്നായി മനസ്സിലാക്കാം. യഹൂദികളുടെ നേതാവായ ''തക്ദീക്'" ഇസ്ലാമിക ക്രൂസ്തീയവിശ്വാസങ്ങളുടെ അടിത്തറയെ തന്നെ പൊളിച്ചുനീക്കാനനുവർത്തിച്ച നയങ്ങളുടെ തനതായ രൂപരേഖയെക്കുറിച്ചും ആ ഗ്രന്ഥത്തിൽ നന്നായി പ്രതിപാദിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ മുസ്ലിംലോകത്തിൻെറ മാറിടത്തിൽ ഇസ്രായിൽ രാഷ്ട്രമാകുന്ന കഠാരി ആഞ്ഞിറക്കിയത് തക്ദീക്കാണെന്ന യാഥാർത്ഥ്യം നമുക്കീ ഗ്രന്ഥത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും.



1882–ൽ ബ്രിട്ടൻെറ വിമോചനദിവസം ഒരു കൈയിൽ മുസ്ഹഫുമേന്തിഈജിപ്തിലെ പൊതുജനസഭയെ അഭിമുഖീകരിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രിചെയ്ത പ്രസംഗം ചിന്തനീയമാണ്, ''ഈജിപ്ത്കാരുടെ കരങ്ങളിൽ ഈ ഗ്രന്ഥം അവശേഷിക്കുന്നിടത്തോളംകാലം ഇംഗ്ലീഷുകാരായനമ്മളിലവർ ആനന്ദം ദർശിക്കുകയില്ല. നമ്മെ അവർ ഇഷ്ടപ്പെടുകയുമില്ല''.

യഥാർത്ഥത്തിൽ ഈജിപ്പിലെ ആത്മീയ വിദ്യാലയത്തിൽ ബ്രിട്ടീഷ്കാരുടെ പാതിരിയെ ലക്ചററായി നിയമിച്ചത് അവിടത്തെ വിദ്യാഭ്യാസസ്കീമിൽ പൈശാചികത്വം കുത്തിചെലുത്താനല്ലാതെ മററെന്തിനായിരുന്നു? ഇപ്രകാരംതന്നെ ഈജിപ്പിലെ വിദ്യാഭ്യാസോപദേഷ്ടാവായിരുന്ന ദൻലൂബ് അവിടത്തെ രാഷ്ട്രീയത്തിലും വിദ്യഭ്യാസത്തിലും അനിഷേധ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഈജിപ്പിലെ വിജ്ഞാനകേന്ദ്രങ്ങളിൽനിന്നും ഇസ്ലാമിനെക്കുറിച്ച് ഊഹാപോഹങ്ങളല്ലാതെ മറെറാന്നുമറിയാത്ത അജ്ഞരായ ഒരു തലമുറ പുറത്തുവന്നു.

ഈ നൂററാണ്ടിന്റെ ആദ്യത്തിൽ പാതിരി സ്വൈമർ മദ്ധ്യപൂർവ്വദേശത്ത്‌വെച്ച് മിഷ്യനറി പ്രവർത്തനത്തെ സംബന്ധിച്ചു ചെയ്ത പ്രസംഗം നാം അവഗാഢമായൊരു ചിന്തക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. മിഷ്യനറിപ്രവർത്തകരുടെ പ്രചരണത്തിലുള്ള തികഞ്ഞ പരാജയത്തിന്റെയും അവരുടെ നയപരമായ പാപ്പരത്വത്തിന്റെയും മുഴുരംഗത്തെയും പൂർണ്ണമായും സ്പർശിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. ഇതേ ആശയം തന്നെമറെറാരിക്കൽ പാതിരി സ്വൈമർ വ്യക്തമാക്കുകയുണ്ടായി. "മിഷ്യനറിപ്രവർത്തകർക്ക് നിസ്തുല്യമായൊരു പരാജയമാണി വന്നണഞ്ഞത്. യഥാർത്ഥത്തിൽ മുസ്ലിംകളെയാകമാനം ക്രിസ്തുമതത്തിൽ ചേർക്കുകയെന്നതല്ല മിഷ്യനറിപ്രവർത്തനംകൊണ്ടുള്ള ഉദ്ദേശം. അവരെ അവരുടെ അടിസ്ഥാന വിശ്വാസകർമ്മങ്ങളിൽനിന്നും വ്യതിചലിപ്പിക്കുക മാത്രമാണ് നമ്മുടെമുഖ്യോദ്ദേശം. നമ്മുടെ വിദ്യാലയങ്ങളിലൂടെയും നമ്മുടെ മാതൃക പിൻപററിയ ഗവർമ്മെണ്ട് സ്ഥാപനങ്ങളിലൂടെയും നാമാരംഗത്ത് അസാമാന്യമായ വിജയം കൈവരിച്ചിട്ടുണ്ട്.

ഒരു ഫ്റാൻസുകാരനെഴുതിയ "മുസ്‌ലിംലോകത്തോടുള്ള ആക്രമണം" എന്ന ഗ്രന്ഥത്തിൽ മുസ്‌ലിംകളുടെ പരാജയത്തെ സംബന്ധിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. പാശ്ചാത്യർ കാലുകുത്തിയേടത്തെല്ലാം അവർ നാരീവർഗ്ഗത്തിന്റെ "നരകയാതനയെക്കുറിച്ചു തെരുവ് പ്രസംഗംനടത്തി അവരെ "സ്വാതന്ത്ര്യത്തിന്റെ" മേഖലയിലേക്കാനയിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി മുസ്‌ലിം ലോകത്ത് സ്വേച്ഛാധിപത്യത്തിനെതിരിൽ മിന്നിത്തിളങ്ങിയിരുന്ന എല്ലാ ആശാകിരണങ്ങളും അണഞ്ഞുപോയി. ഇപ്രകാരമാണ് പാശ്ചാത്യർ മുസ്‌ലിംലോകത്തിന്റെ മുഖച്ഛായതന്നെ മാററിയത്.

ക്രൂസ്തീയമിഷ്യനറി പ്രവർത്തകർ നടത്തുന്ന പ്രവർത്തനങ്ങളുടെ പൊള്ളത്തരവും അവരുടെ യഥാർത്ഥോദ്ദേശവും നമുക്ക് ചരിത്രപഠനത്തിലൂടെ വ്യക്തമായും ഗ്രഹിക്കാം. പാശ്ചാത്യൻ ചിന്തകരുടെ താളത്തിനൊത്ത് പൗരസ്ത്യ മുസ്‌ലിംകൾ തുള്ളുവാനും അവരുടെ ആശയങ്ങൾക്കൊത്ത് ഖുർആനിനെ സ്വീകാര്യാസ്വീകാര്യമായി ഗണിക്കാനുമുള്ള കാരണം പാശ്ചാത്യരുടെ അനുസ്യൂതമായ ശാസ്ത്രപുരോഗതിയുടെ മായാജാലയിൽ കുടുങ്ങിയതാണ്. ശാസ്ത്രത്തിന്റെ പേരുംപറഞ്ഞ് പാശ്ചാത്യചിന്തകർ ഇസ്‌ലാമിന്റെ സുന്ദരവദനത്തെ കരിവാരിതേച്ചു വികൃതമാക്കി. ഇത്കണ്ട് തെററിദ്ധാരണയിലകപ്പെട്ട മുസ്‌ലിം യുവാക്കൾ ഇസ്‌ലാമിനോടു യാത്രപറയുവാൻ തുടങ്ങി. ഇപ്രകാരമാണ് പാശ്ചാത്യർ മുസ്‌ലിംലോകത്തെയാകമാനം വഞ്ചിച്ചു വശംവദരാക്കിയത്.

പാശ്ചാത്യൻ മിഷ്യനറി സംഘം പൗരസ്ത്യപ്രദേശങ്ങളിൽ കാലുകുത്തിയേടം മുതൽ മുസ്‌ലിംകളുടെ സ്വഭാവാധഃപതനത്തിന്നുതകുന്ന ദുഷിച്ചുനാറിയ കർമ്മമുറകളനുവർത്തിക്കാൻ തുടങ്ങി. ഇതിനായി അവർ ഭൗതികവാദത്തെ രംഗത്തിറക്കുകയും ഇസ്‌ലാമുമായി അവിരാമമായൊരു സംഘട്ടനത്തിലേർപ്പെടുകയും ചെയ്തു. സ്വേച്ഛാധിപതികളുടെ അധികാര സ്ഥിരീകരണത്തിന്നായി അവർ മുസ്‌ലിംകളെ കബളിപ്പിച്ചു. ഇസ്ലാമിനെ ബലഹീനമാക്കി. മത്രമല്ല, അവർ ഭൗതികമുന്നേററത്തിൽ പാശ്ചാത്യരെ ഔന്നിത്യത്തിന്റെ ഉത്തുംഗ ശൃംഗത്തിലേക്കുയർത്തുകയും പൗരസ്ത്യരെ അധഃപതനത്തിന്റെ അഗാധഗർത്തത്തിലേക്കാഴ്ത്തുകയും ചെയ്തു. ഇതുവഴി അവർ ലോകശക്തിയെ ഭിന്നിപ്പിച്ചു. പാശ്ചാത്യരുടെ അസാമാന്യമായ പുരോഗതിക്കുമുമ്പിൽ വിഭ്രാന്തിപൂണ്ട അനുകരണഭ്രാന്തന്മാർ പാശ്ചാത്യസംസ്കാരത്തെ വാരിപ്പുണരുവാൻ തന്നെ തീർച്ചപ്പെടുത്തി. ഇപ്രകാരം പാശ്ചാത്യരെ അന്ധമായി അനുകരിക്കുകവഴി മുസ്‌ലിംകൾ അധഃപതനത്തിന്റെ ആഴമേറിയ ആഴിയിലേക്കധഃപതിച്ചു. യഥാർത്ഥത്തിൽ ഇത്തന്നെയായിരുന്നു ലോകത്തിന്റെയും ലോകജനതയുടെയും നാശഹേതു.

അസ്വസ്ഥ കലുഷിതമായ ഇരുപതാം നൂററാണ്ടിൽ സനാതനമായ സമാധാനം സ്ഥാപിതമാകേണമെങ്കിൽ എല്ലാ പരിതസ്ഥിതികളിലും അനുകരണീയമാംവിധം അണിഞ്ഞൊരുങ്ങിയ ഇസ്ലാമിനെ ലോകം ആശ്ലേഷിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ മുസ്‌ലിംകളാണ് ഈ രംഗം അഭിനയിക്കുവാൻ ലോകജനതയെ സജ്ജമാക്കേണ്ടത്. ഈ കർത്തവ്യം നിർവ്വഹിക്കാത്തേടത്തോളംകാലം പൗരസ്ത്യ മുസ്‌ലിംകൾക്ക് പാരതന്ത്ര്യത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ മേഖലയിലേക്ക് കടന്നുചെല്ലുക സാദ്ധ്യമല്ല.

## ലോകത്തിന്റെ ഭാവി:

മനുഷ്യാ! പാവപ്പെട്ട പൗരസ്ത്യന്റെ ചുടുരക്തം ഊററിക്ക

ടിച്ച് തടിച്ചുകൊഴുത്ത അട്ടയാണ് ക്രൈസ്തവ മിഷ്യനറി പ്രവർത്തകരും സിയോണിസ്റ്റുകളുമെന്ന നഗ്നയാഥാർത്ഥ്യത്തെ നീ ഇനിയും സംശയത്തോടെയാണ് വീക്ഷിക്കുന്നതെങ്കിൽ നിണമണിഞ്ഞ ചരിത്രത്തിന്റെ താളുകളൊന്നു മറിച്ചുനോക്കൂ! എങ്കിൽ ക്രിസ്തീയ സിയോണിസ്റ്റ് പ്രഭൃതികൾ മുസ്ലിം മതവിശ്വാസികളുടെ നിർമ്മലഹൃദയങ്ങളിൽ രൂപീകരിച്ചെടുത്ത ഭീകരാശയങ്ങളെക്കുറിച്ചും അവരെ ഇസ്ലാമിൽ നിന്നും ആട്ടിയോടിച്ച വഞ്ചനാത്മകമായ നയപരിപാടികളെക്കുറിച്ചും നിനക്ക് നന്നായി മനസ്സിലാക്കാം. പൗരസ്ത്യ മുസ്ലിംകൾ അധഃകൃതരാണെന്നും മാനുഷിക ഗുണങ്ങൾ നഷ്ടപ്പെട്ട മൃഗതുല്യരാണെന്നും വിചിത്രമാംവിധം ചിത്രീകരിച്ച് അവരെ തങ്ങളുടെ മതത്തെ തേജോവധംചെയ്യാൻ പ്രേരിപ്പിച്ച ഭീകരങ്ങളായ രംഗങ്ങളും നിനക്കു ചരിത്രത്തിലൂടെ പ്രയാസമന്യേ ഗ്രഹിക്കാം. ഇസ്ലാമിക വിശ്വാസം തകർക്കുവാനായി ക്രൈസ്തവ സിയോണിസ്റ്റുകൾ രംഗത്തിറക്കിയ വിദ്യാഭ്യാസസിസ്റ്റം ഭാവിതലമുറയെ തികച്ചും അജ്ഞതയുടെ മൂടുപടം ധരിപ്പിക്കുവാനുതകുന്നതായിരുന്നു. ഇതോടെ പൗരസ്ത്യൻ മുസ്ലിംകളിൽ അന്ധമായ പാശ്ചാത്യാനുകരണഭ്രമം പ്രകടമായി. മാനുഷിക മൂല്യങ്ങളോടും മാന്യഗുണങ്ങളോടുമുള്ള അവിരാമമായ സംഘട്ടനത്തിലവസാനം പാശ്ചാത്യർതന്നെ വിജയശ്രീലാളിതരായി. ഇതോടെ മുസ്ലിംകൾ തമ്മിലുണ്ടായിരുന്ന രജ്ഞിപ്പും മമതയുമെല്ലാം ഓടിയകന്നു. പാശ്ചാത്യാനുകരണത്തിന്റെ അടങ്ങാത്ത വ്യാഗ്രതയിൽ മുസ്ലിംകൾ അവരുടെ മഹനീയ സംസ്കാരത്തെയും മതത്തെയും പാടെ ഉപേക്ഷിച്ചു. എല്ലാററിന്റെയുമവസാനമായി മുസ്ലിംലോകം നിസ്തുല്യമായൊരു പരാജയത്തിന്നു വിധേയമായി. ഇന്നവർക്ക് വേദനാനിർഭരമായ കദനകഥകൾ മാത്രമാണ് പറയുവാനുള്ളത്. എന്നിട്ടും അവരെന്തുകൊണ്ടാണ് തങ്ങൾചെയ്ത കുററത്തിന്നു പശ്ചാത്തപിക്കാൻ സന്നദ്ധത പ്രകടിപ്പിക്കാത്തതെന്നു അവരുടെ പ്രതിയോഗികളായ പാശ്ചാത്യർകൂടി ചോദിക്കുകയാണ്.

നമ്മുടെ സംസ്കാരവും ഓജസ്സും തേജസ്സുമെല്ലാം പാശ്ചാത്യാനുകരണത്തിന്റെ ശക്തിയായ ഒഴുക്കിൽപ്പെട്ട് കരകാണാത്ത ആഴമേറിയ ആഴിയുടെ അഗാധതയിലേക്കാപതിച്ചു. നാമിന്നഭിമുഖീകരിക്കുന്ന ഓരോനിമിഷവും വിധിനിർണ്ണായകങ്ങളാണ്. ശത്രുക്കളുടെ ഭീകരങ്ങളായ മർദ്ദനമുറകളെ കുറിച്ച് പ്രതീക്ഷാനിർഭരതയോടെ കാത്തിരുന്നിട്ടല്ലാതെ ജീവിതത്തിന്റെ ഒരൊററനിമിഷവും തള്ളിനീക്കുക നമ്മെസ്സംബന്ധിച്ചേടത്തോളം സുസാദ്ധ്യമല്ല. ക്രൈസ്തവ സിയോണിസ്റ്റ് സാമ്രാജ്യവാദികളോടും സാമ്രാജ്യശക്തികളുടേ ദുർഗ്ഗ സന്തതിയായ ഇസ്രാഈലിനോടും മല്ലിട്ടിട്ടല്ലാതെ നമുക്ക് മുന്നേറുകവയ്യ.



നാം നമ്മുടെ പ്രതിയോഗികളോടെല്ലാം ഭീകരതയാർന്ന ഒരു സംഘട്ടനത്തിന്നു സന്നദ്ധമാകേണ്ടതുണ്ട്. അഹന്തകൊണ്ടോ അഹംഭാവംകൊണ്ടൊ അഭിലാഷംകൊണ്ടോ അല്ല നാം സമരംചെയ്യേണ്ടത്. നാം അഭിമുഖീകരിക്കേണ്ട സംഘട്ടനം ധനംകൊണ്ടും ശരീരം കൊണ്ടുമുള്ളതായിരിക്കണം. പോരാ, ആ പടക്കളം കണ്ണുനീരാലും വിയർപ്പുതുള്ളികളാലും രക്തകണങ്ങളാലും പണിതതായിരിക്കണം.

കത്തഴിഞ്ഞ സുഖലോലുപരായ ഒരു സമുദായത്തിന്നു പ്രതിരോധമെന്തെന്നോ സംഘട്ടനമെന്തെന്നോ അറിയുകയില്ല. നാം അഭിമുഖീകരിക്കുന്ന സമരരംഗത്തിലെ പ്രധാനഭാഗം അഭിനയിക്കേണ്ടത് വിശ്വാസമായിരിക്കണം. വിശ്വാസമില്ലാത്തൊരു സമുദായവും വിജയത്തിന്റെ കരയിൽ വെന്നിക്കൊടി പാറപ്പിക്കുകയില്ല. സുസംഘടിതവും സുശക്തവുമായ ഒരന്താർദ്ദേശീയ സംഘടനയും അധഃപതനത്തിന്ന് മുമ്പ് ഉയിത്തെഴുന്നേൽക്കാൻ വെമ്പൽകൊള്ളുന്ന സംഘാടകരും അനിവാര്യമാണ്. ബലഹീനമായ ഭൗതിക നിരീശ്വരനിർമ്മിത പ്രസ്ഥാനത്തിലധിഷ്ഠിതമായ ബന്ധങ്ങളാണ് ലോകമുസ്ലിംകളെ കോർത്തിണക്കുന്നതെങ്കിൽ അതായിരിക്കും ഈ സമുദായത്തിന്റെ അധഃപതനത്തിന്റെ മൂലഹേതു.

ക്രിസ്തീയ സാമ്രാജ്യാധിപത്യത്തിന്റെ കനത്ത ആഘാതമേററ് ബലഹീനമായൊരു സമുദായമാണ് നമ്മുടേത്. നാം ശക്തമായൊരു ഉയിർത്തെഴുന്നേല്പിന്ന് സന്നദ്ധമാകേണ്ടതുണ്ട്. അതിലാണ് ലോകത്തിന്റെയും – ലോകരുടെയും വിജയം നിലകൊള്ളുന്നത്. വാദ്യാഘോഷങ്ങളാൽ മത്തുപിടിച്ച് മദാലസരായൊരു ജനവിഭാഗത്തിന്റെ മസ്തിഷ്കത്തിൽനിന്നും ഉദിച്ചുയരുന്ന അന്തർദ്ദേശീയ ബന്ധങ്ങൾ ഈ സമുദായത്തെ കെട്ടുറപ്പുള്ളതാക്കുകയില്ലെന്നത് ഒരനുഭവയാഥാർത്ഥ്യമാണ്. സത്യ വിശ്വാസത്തിന്റെ സാക്ഷാൽക്കാരമെന്ന അഭൗമികശക്തി ഉൾക്കൊണ്ട് അത്ഭുതകൃത്യങ്ങൾചെയ്യാൻകഴിയുന്ന പതിനായിരത്തിന്റെ ഉള്ളിന്റെ ഉള്ളിലെ ബഹിർഗമിച്ചിട്ടില്ലാത്ത ഒരാശയമാണിതെന്നെനിക്കു നന്നായറിയാം. വിശ്വാസമില്ലാത്ത, സ്നേഹമില്ലാത്ത, സാഹോദര്യബോധമില്ലാത്ത ഒരു ജനതക്ക് ലോകശക്തിയുടെ ആധിപത്യകടിഞ്ഞാൺ പിടിക്കുകസാദ്ധ്യമല്ല. വിശ്വാസം മനുഷ്യഹൃദയങ്ങളിൽ ആളിക്കത്തിക്കുന്ന ധീരതയുടെയും പരിശ്രമത്തിന്റെയും പ്രതിരോധത്തിന്റെയും അലകൾ ആഞ്ഞടിച്ചാൽ മാത്രമേ ലോകശക്തി യഥാർത്ഥപാതയിലൂടെ ചലിക്കുകയുള്ളൂ.

അല്ലാഹുവിന്റെ ശാശ്വതമായ പ്രകൃതിവ്യവസ്ഥ ലോകത്തുണ്ടായിരിക്കുന്നേടത്തോളം കാലം വിശ്വാസമില്ലാത്ത മാനുഷികഗുണങ്ങൾ നഷ്ടപ്പെട്ട യൂറോപ്യരുടെ ആധിപത്യത്തിന്നു സ്ഥിരത ലഭിക്കുകയില്ല. ഇതു നമ്മുടെ അചഞ്ച

ഞ്ചലമായ വിശ്വാസമാണ്. ഒരു പരിധിവരെ പരിമിതമായ കാലയളവിൽ അവരുടെ അടിമത്തവും ആധിപത്യവുമെല്ലാം നിലനിന്നേക്കാം. എന്നിരുന്നാലും അന്ത്യവിജയം അവർക്കല്ല. അചഞ്ചലമായ ആത്മവിശ്വാസത്തോടെ, അപാരമായ ഭക്തിപാരവശ്യത്തോടെ. അനിയന്ത്രിതമായ കർമ്മകുശലതയോടെ നാം മുന്നേറുകയാണെങ്കിൽ അന്ത്യവിജയം നമ്മുടേതാണ്. നമ്മുടേത്മാത്രം.

പക്ഷെ അതിനായി ഇവിടത്തെ മതവിശ്വാസികൾ മനുഷ്യസമുദായത്തിന്റെ ഉദ്ധാരകരാവേണ്ടതുണ്ട്. മാത്രമല്ല, നമ്മുടെ തരുണീമണികൾ ഭാവിതലമുറയുടെ മാതൃകാ മാതാക്കളുമാവേണ്ടിയിരിക്കുന്നു, അങ്ങിനെ നാമും നമ്മുടെ തലമുറയും സ്വാസ്ഥമായ ഹൃദയത്തിന്റെ ചിന്താധാരയിലൂടെ വാർത്തെടുക്കപ്പെട്ട് ശാന്തമായ പ്രകൃതിയുൾക്കൊണ്ട് മുന്നേറുകയെന്നത് ഇന്ന് ലോകത്തിന്റെ ഒരാവശ്യംകൂടിയാണ്. ഈ ആവശ്യം പൂർത്തീകരിക്കപ്പെടണമെങ്കിൽ ദൈവവിശ്വാസം നമ്മിൽ പ്രതിരോധത്തിന്റെയും പ്രയത്നത്തിന്റെയും ആവേശാഗ്നി ആളിക്കത്തിക്കേണ്ടിയിരിക്കുന്നു. നാമീരംഗത്ത് അസാമാന്യമായൊരു വിജയം കൈവരിക്കാത്തപക്ഷം നാമും നമ്മുടെ തലമുറയും, മാത്രമല്ല ഭാവിതലമുറകൂടി ആത്മവിശ്വാസമില്ലാത്ത ജീവശവങ്ങളായി മാറും. അങ്ങിനെയാകുന്നപക്ഷം നാം ലോകത്തിന്നും മനുഷ്യരാശിക്കുതന്നെയും ആവശ്യമില്ലാത്ത വെറും ജന്തുക്കളായിത്തീരും. ഇത് വേദനാജനകമല്ലേ?

പക്ഷെ ഞാൻ ചിന്താലീനനായിരിക്കുമ്പോഴെല്ലാം സന്തോഷത്തിന്റെ സന്ദേശവുംവഹിച്ച ഒരാശാകിരണം എന്റെ ഹൃദയത്തിന്റെ ഉള്ളറയിൽ ആധിപത്യമുറപ്പിക്കാറുണ്ട്. ഞാൻ ആത്മാർത്ഥമായും വിശ്വസിക്കുന്നു. ഇസ്ലാമികാശയത്തിന്റെയും മുസ്ലിംകളുടെയും സുവർണ്ണകാലഘട്ടമായിരിക്കും സമീപഭാവിയെന്ന്. ശോഭനമായൊരു ഭാവിയെ കുറിച്ച ലോകത്തിന്റെ നാനാഭാഗത്തും വെളിച്ചം ഉത്ഭൂതമാകുന്നുണ്ട്. സത്യവിശ്വാസമാണ് ലോകശക്തിയുടെ കടിഞ്ഞാൺപിടിക്കുന്നതെങ്കിൽ മനുഷ്യരാശിയുടെ വിജയം സുനിശ്ചിതമാണ്. ഒരു കാലഘട്ടത്തിന്റെയോ ഒരു ദേശക്കാരുടെയോ കുത്തകയല്ലാത്ത ഇസ്ലാമിക വ്യവസ്ഥിതിയാണ് നാളെയുടെ ചെങ്കോൽവാഹകനെന്നു ഞാനാത്മാർത്ഥമായും വിശ്വസിക്കുന്നു. ആ നല്ല നാളെ പൂർവ്വഭാഗത്തുനിന്നുദിച്ചുയരുമ്പോൾ ലോകത്താകമാനം ശാശ്വതസമാധാനത്തിന്റെ സുന്ദരദൃശ്യം പ്രത്യക്ഷമാകും.

മതബോധമുള്ളൊരു വിഭാഗം മനുഷ്യസമുദായത്തിന്റെ സമുദ്ധാരകരായി, നമ്മുടെ തരുണീമണികൾ ഭാവിയുടെ മാതൃകാ മാതാക്കളായി അചഞ്ചലമായ ആത്മവിശ്വാസത്തോടെ, അപാരമായ ഭക്തിപാരവശ്യത്തോടെ, അനിയന്ത്രിതമായ കർമ്മകുശലതയോടെ മുന്നേറുകയാണെങ്കിൽ അന്ത്യവിജയം നമ്മുടേതാണ്. നമ്മുടേത്മാത്രം!

---



# ചാഡ് മുസ്ലിംകളുടെ പരീക്ഷണം

മുഹ്യിദ്ദീൻ [ഇസ്ലാമിക് യൂനിവേഴ്സിററി, മദീനഃ]

മുസ്ലിംകൾ ഇന്ന് എവിടെയും സാമ്രാജ്യത്വത്തിന്റെ നിഷ്ഠൂര ഹസ്തങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കയാണ്. ഭരണമേധാവികൾ മുസ്ലിം മർദ്ദനം ഒരുതരം വിനോദമാക്കിയിരിക്കുന്നു. ഇസ്ലാമിന്നും മുസ്ലിംകൾക്കും നേരിടേണ്ടിവരുന്ന പരീക്ഷണം ചില്ലറയല്ല. ഒരുഭാഗത്ത് മുസ്ലിം ന്യൂനപക്ഷത്തെ കൂട്ടക്കൊല നടത്തുമ്പോൾ മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽനിന്നുതന്നെ അവരെ നിഷ്കാസനംചെയ്യാൻ ഭരണകൂടം പരിശ്രമിക്കുന്നു. ലോകസിയോണിസം ഇതിന്റെയെല്ലാം അമരത്തിരിക്കുന്നുവെന്നതൊരു വസ്തുതയാണ്. അദീസ് അബാബയിൽവെച്ചുചേർന്ന ആഫ്രിക്കൻ ഉച്ചകോടി സമ്മേളനാനന്തരം ചാഡ് മുസ്ലിംകളുടെ അവശതകളെ സംബന്ധിച്ച കൂടുതലറിയാൻ സാധിക്കുന്നുണ്ട്. ആഫ്രിക്കൻ മുസ്ലിംകൾക്ക് നേരിടേണ്ടിവരുന്ന ഏററവും വലിയ ശത്രു സാമ്രാജ്യത്വമാണെന്നത് ഒരു സത്യമാണ്.

ഫ്രഞ്ച്കാരിൽനിന്ന് 1960ൽ സ്വാതന്ത്ര്യംപ്രാപിച്ച "ചാഡ്" പിന്നീട് സ്വാതന്ത്ര്യ ഭരണത്തിലേക്ക് കടക്കുമ്പോൾ ഭൂരിപക്ഷമായ മുസ്ലിംകളെ ക്രൂരമാംവിധം അവഗണിക്കുകയാണ് ചെയ്യുന്നത്. 2 ,00,000 ജനസംഖ്യയിൽ 20,00,000വും മുസ്ലിംകളുള്ളപ്പോൾ രാഷ്ട്രത്തലവനാവുന്നത് ഒരു അമുസ്ലിമാണ്. മന്ത്രിസഭയിൽ 16 മന്ത്രിമാരെ നിയമിച്ചതിൽ 90% ത്തിന്നും അർഹരായ മുസ്ലിംകൾക്ക് വെറും 50% ആണ് നല്കുന്നത്.

## ഇസ്രാഈലിന്റെ ചരടുവലി

1963ൽ ഇസ്രാഈലിന്റെ അമ്പാസഡർ ചാഡിൽ വന്നു. മുസ്ലിംകൾക്കിതൊരിക്കലും പൊറുപ്പിക്കുക സാദ്ധ്യമല്ലായിരുന്നു. അവരുടെ മതപരമായ ആവേശം തുടുത്തു. അവിടുത്തെ "ഖാസിൽഖുളാത്ത്" ഉടനെ വിദേശകാര്യമന്ത്രി, നീതിന്യായ മന്ത്രി, ഗവ: സിക്രട്ടരി എന്നിവരുമായി സന്ധിച്ച ഇസ്രാഈൽ അംബാസിഡരെ ചാഡിൽ സ്വീകരിക്കുന്നത് മുസ്ലിംകൾക്കൊരിക്കലും പൊറുപ്പിക്കുക സാദ്ധ്യമല്ലെന്നും ചാഡ്മു

സ്ലിംകൾക്ക അറബ് ജനതയുമായും ഇസ്ലാമികലോകവുമായുമുള്ള മാനസിക ബന്ധം വിച്ഛേദിക്കലായിരിക്കും ഇതു്മൂലം സംഭവിക്കുകയെന്നും ഇസ്ലാമിന്റെ ആവിർഭാവംമുതൽ ജൂതർ ആ മഹത്തായ ദീനിന്റെ ശത്രുക്കളാണെന്നും ഫലസ്തീൻപ്രശ്നം ഓരോ മുസ്ലിമിന്റെയും ജീവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണെന്നും സവിസ്തരം മനസ്സിലാക്കിക്കൊടുത്തു. മാത്രമല്ല താൻ ഇസ്‌ലാമിക് ഉച്ചകോടി സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ഖുദ്സ് സന്ദർശിക്കാൻ കഴിഞ്ഞെന്നും അറബ്ജനതയോട് ജൂതർ ചെയ്ത നിഷ്ഠുരപ്രവർത്തനങ്ങൾ നേരിട്ട് കാണാൻ അവസരംകിട്ടിയെന്നും അദ്ദേഹം അവരെ തെര്യപ്പെടുത്തി. പിറ്റേ ദിവസം ഇസ്രാഈൽ അമ്പാസഡർ വിദേശകാര്യമന്ത്രിയുമായി സന്ധിച്ചപ്പോൾ തണുത്ത സ്വീകരണമേയുണ്ടായുള്ളൂ...! പിന്നെ ഇസ്രാഈലിന്റെ കളിയാണ് ചാഡിൽ ലോകം കാണുന്നത്.

## മുസ്‌ലിം മന്ത്രിമാർ ബഹിഷ്ക്കരിക്കപ്പെടുന്നു

ആ വർഷം മാർച്ച് 22ന് എല്ലാ മുസ്‌ലിം മന്ത്രിമാരെയും തങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളിൽനിന്ന് പ്രസിഡണ്ട് പുറംതള്ളുകയുണ്ടായി. വിദ്യാഭ്യാസമന്ത്രിയെ വിദേശത്തേക്ക് നാടുകടത്തി. അന്ന്തന്നെ ഖാസിൽഖുല്ലാത്തിനെയും, നാഷനൽ സംഘടനാ പ്രസിഡന്റ് അബ്ദുൽകരീമിനെയും, മുൻ നീതിന്യായ വകുപ്പ് മന്ത്രി അലികോസോവിനെയും, സ്റ്റെയ്റ്റ്മന്ത്രിയെയും, ഗവ: സിക്രട്ടറി ഹാജി ഈസയെയും, പ്രതിനിധിസഭാംഗമായ മിസ്റ്റർ സർമാ മഹ്ദിയെയും അറസ്റ്റ്ചെയ്യാൻ പ്രസിഡന്റ് ഓർഡർ പുറപ്പെടീച്ചു. അറസ്റ്റ്ചെയ്ത് തികച്ചും 35 ദിവസം കഴിഞ്ഞതിനുശേഷമാണ് അവരുടെ കേസ്സ് വിചാരണക്കുവരുന്നത്. ഖാളിൽഖുല്ലാത്തിനെ ചാഡിൽനിന്ന് പുറംതള്ളി. അദ്ദേഹത്തിന്റെ നിരവധി സ്വത്ത് ഗവ: കണ്ടുകെട്ടി. മറ്റുള്ളവർ ജയിലഴിക്കുള്ളിൽതന്നെ അവശേഷിച്ചു.

മുൻ മന്ത്രിസഭയിലെ കമ്പിത്തപ്പാൽ വകുപ്പിന്റെ ചാർജ്ജ് വഹിച്ചിരുന്ന മി: ജാൻ യാത്തീസ്— ഇദ്ദേഹം സങ്കര സന്താനമാണ്. പിതാവ് ഫ്രഞ്ചും മാതാവ് ചാഡും. പക്ഷെ മതഭക്തനായ ഒരു മുസ്ലിമാണദ്ദേഹം— മുൻ വിദേശകാര്യമന്ത്രി ജിബ്‌രീൽ ഖൈറുല്ലാ, സ്വാതന്ത്ര്യത്തിനുമുമ്പ് പ്രധാനമന്ത്രിയായിരുന്ന അഹ്‌മദ് ഗുലാം എന്നീ മൂന്നു നേതാക്കന്മാരുടെ അടുത്തേക്ക് വിപ്ലവ നേതാക്കന്മാരാണെന്നപേരിൽ 1963 സപ്തംബർ 16ന് ഗവർമെണ്ട് സുശക്തമായൊരു പോലീസ്സൈന്യത്തെ അയച്ചു. ഗവ:ന്റെ അർത്ഥശൂന്യമായ കല്പനക്ക് കീഴടങ്ങാൻ കൂട്ടാക്കാത്തതുനിമിത്തം പരിപൂർണ്ണ സജ്ജീകരണത്തോടെ സായുധസൈന്യത്തെ അവരെ നേരിടാൻ ചുമതലപ്പെടുത്തി. നേതാക്കന്മാരുടെയും പോലീസിന്റെയും ഇടയിൽ തെരുവ്‌യുദ്ധം നടന്നു. ജനതയുടെ മനസ്സും കാതും നേതാക്കന്മാരിലായിരുന്നു. എന്തിനേറെ ഇതിന്റെ ഫലമായി മുസ്ലിംകളിൽ നിന്ന് നിരവധിപേരെ ഗവ: കസ്റ്റഡിയിലെടുത്തു. 500ഓളം പേർ



ഈ വിപ്ലവത്തിൽ മരണപ്പെട്ടു. ആയിരക്കണക്കിൽ ആൾക്കാർ മുറിവേററവശരായി— അവശതനിമിത്തം മററു 500 പേർകൂടി മൃതിയടഞ്ഞു. ഇതിന്നെതിരിൽ ഒരു പരസ്യാന്വേഷണം ഗവ: നടത്തിയില്ലെന്നു മാത്രമല്ല മുസ്ലിംകളുടെ അവകാശം കാററിൽപറത്തുകയാണ് ചെയ്തത്.

ഇന്നും മുസ്ലിം ചാഡിന്റെ വേദനിക്കുന്ന സ്ഥിതി ഇതു്തന്നെ. ഗവ: ഭാഗത്തുനിന്ന് അവഗണനയും മർദ്ദനവും അനുഭവിക്കയാണവിടത്തെ മുസ്ലിം നേതാക്കന്മാർ. മുസ്ലിംകളായി എന്നതാണവരുടെ കുററം. പുറംലോകവുമായി അവർക്ക് ബന്ധപ്പെടാൻ പാടില്ലെന്ന് വന്നാൽ അറിയാമല്ലോ അവിടത്തെ സ്ഥിതി. മർദ്ദനമേററവശരായ മുസ്ലിംകളെ സംബന്ധിച്ച് സുഡാനിൽ പഠിക്കുന്ന 'കാംറൂൺ' സ്വദേശി നൽകിയ ദൃക്സാക്ഷി വിവരണംമൂലം ഈ ക്രിസ്ത്യാനിയേയും അവർ ജയിലിലിടുകയുണ്ടായി. ചാഡ്മുസ്‌ലിംകൾക്ക് ലോക മുസ്ലിംകളോടൊരാഹ്വാനമുണ്ട്. "ചാഡ്പ്രസിഡണ്ടിന് മുസ്ലിം മർദ്ദനം നിർത്താൻവേണ്ടി ആവശ്യപ്പെട്ടുകൊണ്ട് പ്രമേയമയക്കുകയും അപ്രകാരംതന്നെ ചാഡ് മുസ്‌ലിംകളുടെ ദയനീയാവസ്ഥക്കൊരറുതിവരുത്താൻ ഇസ്ലാമികലോകത്തോടഭ്യർത്ഥിക്കുകയും വേദനപേറുന്ന ആത്മാക്കളെ "ഈമാനി"ൽ സ്ഥായിയായി നിലനിർത്താൻ ഏക ഇലാഹിനോട് പ്രാർത്ഥിക്കുകയുംചെയ്യുക."

നിങ്ങളുടെ മുസ്‌ലിം സഹോദരന്മാർ ചാഡിൽ പരീക്ഷിക്കപ്പെടുകയാണ്. നിങ്ങൾക്കവരോട് മാനസികമായ യാതൊരു കർത്തവ്യവുമില്ലേ.
(സംഗ്രഹം: അഖ്ബാറുൽ ആലമിൽ ഇസ്‌ലാമി–മക്ക.)

(സെൻടൽ ആഫ്രിക്കൻ റിപ്പബ്ലിക്കിന് വടക്കും ലിബിയയുടെ തെക്കുമായി സുഡാനും നൈജറിന്നും ഇടയിൽ സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്രരാജ്യമാണ് ചാഡ്.)

## ഇരുണ്ട ആഫ്രിക്കയിൽ ഇസ്ലാം

പരിശുദ്ധ ഇസ്ലാം ഇരുണ്ട ആഫ്രിക്കയിൽ പ്രകാശത്തിന്റെ ദീപനാളം കൊളുത്തുകയാണ്. അപകർഷബോധത്തിൽനിന്ന് ആഫ്രിക്കക്കാരെ സമുദ്ധരിക്കുകയാണ് ഇസ്‌ലാമിന്നവിടെ ചെയ്യേണ്ട ഒന്നാമത്തെ ബാദ്ധ്യത. ആഫ്രിക്കൻ മുസ്‌ലിംകളുടെ ഔദ്യോഗിക വിവരണ പട്ടിക ഇതേവരെയും ക്ലിപ്തമായി പ്രസിദ്ധീകരിച്ചിട്ടില്ല. കൈറോ പ്രസിദ്ധീകരിച്ച ഒരു കണക്കുപ്രകാരം 85 മില്യനുണ്ടെന്നാണ് തെളിയുന്നത്. മറെറാരു സെൻസസ്സുപ്രകാരം ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ജനസംഖ്യ 250 മില്യനാണ്. അവരിൽ 200 മില്യനും കറുത്തവരാണ്. മുസ്‌ലിംകളുടെ എണ്ണം 40–50 മില്യൻകണ്ടുണ്ടാവുമെന്നാണ് കണക്കാക്കുന്നത്. ഓരോ രാജ്യത്തെയും പ്രസിദ്ധീകരിച്ച കണക്ക്:

| | |
|---|---|
| നൈജീരിയ– | 20–25 മില്യൻ |
| കിഴക്കനാഫ്രിക്ക– | 15 മില്യൻ |

പശ്ചിമാഫ്രിക്ക— 15 മില്യൻ

## ഇസ്ലാമിൻെറ പ്രചാരം

ആഫ്രിക്കയിൽ ഇസ്ലാമിന്ന് ആവേശകരമായ സ്വാഗതവും സ്വീകരണവുമാണ് കിട്ടുന്നത്. ഇസ്ലാമിന്റെ പ്രചുരപ്രചാരം ആഫ്രിക്കയിൽ ദ്രുതഗതിയിലാണ്. താഴെ വിവരിക്കുന്ന കണക്കുതിന്നു തെളിവ്നല്കുന്നു.

1. മാലി. മുസ്ലിംകൾ ഇവിടെ 1936നും 1950നും ഇടയിൽ 30 ലക്ഷംകണ്ടധികരിച്ചു. 1936ൽ 30,00,000വും 1950ൽ 60,00,000വുമാണ്മുസ്ലിംകളുടെ കണക്ക്.

2. വോൾട്ടായിക് റിപ്പബ്ളിക് (അപ്പർ വോൾട്ടാ) ഇവിടുത്തെ സംസ്ഥാനത്തെ ജനസംഖ്യയിലെ 60%വും 1950മുതൽ ഇസ്ലാം ആശ്ലേഷിക്കുകയുണ്ടായി.

3. നൈജീരിയ— ദാഹോമി. ബിംബാരാധകരുടെ ഈ സമൂഹത്തിൽ വ്യത്യസ്ത സംസ്ഥാനങ്ങളിലായി ഇസ്ലാം വളരെ വേഗത്തിൽ പ്രചരിക്കുന്നു.

## ഇസ്ലാമിക പ്രചാരത്തിന്നുള്ള കാരണം

സുവ്യക്തമായൊരു ജീവൽ വ്യവസ്ഥയാണിസ്ലാം. ഒരാൾ അല്ലാഹുവിൻെറ ഏകത്വത്തിലും റസൂലിൻെറ ദൌത്യത്തിലും വിശ്വസിച്ചാൽ അവൻെറ വിശ്വാസത്തിന്നംഗീകാരം കിട്ടിക്കഴിഞ്ഞു. സ്രഷ്ടാവിൻെറയും സൃഷ്ടികളുടെയും ഇടയിൽ യാതൊരു മദ്ധ്യവർത്തിയുടെയും ആവശ്യമില്ല. ഇസ്ലാമിൻെറ സിദ്ധാന്തങ്ങളിലൊന്നുംതന്നെ അവ്യക്തതയില്ല. ഇസ്ലാം വിവിധ ചേരിപിരിവുകളിൽനിന്ന് സ്വാതന്ത്ര്യമാണ്. ക്രസ്ത്യിയരെപ്പോലെ വിവിധ ചേരികളെയും പ്രസ്ഥാനങ്ങളെയും വിശ്വാസാചാരങ്ങളെയും ഇസ്ലാം പൊറുപ്പിക്കുന്നില്ല. കറുത്ത ആഫ്രിക്കക്കാരൻ മറ്റു മുസ്ലിംകളിൽനിന്നു സമത്വത്തിൻെറയും സമഭാവനയുടെയും മാധുര്യം ആസ്വദിക്കുന്നു. കാരണം ബൃഹത്തായ ഇസ്ലാം സാമൂഹ്യമായ സമത്വത്തെ അങ്ങേഅററം ഉയർത്തിയ ഒരു പദ്ധതിയാണ്. വിപുലമായ ഇസ്ലാമിക കുടുംബത്തിലെ ഒരു വ്യക്തിമാത്രമാണോരോരുത്തരും- കറുത്തവനും വെളുത്തവനും. ഇസ്ലാം കറുത്ത ആഫ്രിക്കക്കാരെ അടിമത്വത്തിൻെറ ചങ്ങലയിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ സോപാനത്തിലേക്കുയർത്തിക്കൊണ്ടുവരുന്നു. ഇസ്ലാം സ്വീകരിക്കുന്നതോടെ അവർ സ്വാതന്ത്ര്യത്തിൻെറ കൊച്ചാറിൽ കുളിക്കുകയാണ്.

## ചില ഉദാഹരങ്ങൾകൂടി

ആഫ്രിക്കയിലെ ഇസ്ലാമിക ഉത്തേജനത്തിൻെറ ചില ഉദാഹരണങ്ങൾകൂടി. നൈജീരിയയിൽ "ഹോസോ" ഗോത്രവർഗ്ഗങ്ങളിൽ 1900 ആണ്ടിൽ 50 ശതമാനം മുസ്ലിംകൾമാത്രമുണ്ടായിരുന്നപ്പോൾ 1952 ആകുമ്പോഴേക്കും 80 ശതമാനമായി വർദ്ധിച്ചു.



1959ലെ ഒരു കണക്കുപ്രകാരം സെനഗാളിൽ 22 പ്രദേശങ്ങളിലായി 67 ശതമാനം മുസ്ലിംകളും 27 ശതമാനം ബിംബാരാധകരും 5 ശതമാനം മാത്രം ക്രിസ്ത്യാനികളും ഉണ്ടെന്ന് കാണിക്കുന്നു.

ദാഹോമിലെ നിവാസികളിൽ 10 ശതമാനം ക്രൈസ്തവമതം ആശ്ലേഷിച്ചപ്പോൾ 50 ശതമാനം ഇസ്ലാംമതം സ്വീകരിച്ചു.

പൌരസ്ത്യ കോംഗോവിൽ 1945നും 1951നും ഇടയിൽ 50% തദ്ദേശീയരും ഇസ്ലാമതം സ്വീകരിച്ചു.

## ക്രിസ്ത്യൻ മിഷനറിയെ അമ്പരപ്പിച്ച പ്രചാരം.

ക്രൈസ്തവ മതത്തിൽനിന്ന് ഇസ്ലാം ദീനിലേക്കാകൃഷ്ടരാകാനുള്ള കാരണം ഇസ്ലാമിൻെറ വിശാലവിക്ഷണവും സമത്വവും തങ്ങൾ കണ്ട ക്രൈസ്തവമതത്തിൻെറ ഭിന്നമായ തത്വസംഹിതയുമാണ് ഇസ്ലാമിൽ ബുദ്ധിമുട്ടും അപ്രായോഗികതയും അവർ കാണുന്നില്ല. എല്ലാവർക്കും ഒരേനിലക്കുള്ള നിയമമേ ഇസ്ലാമിലുള്ളു.

മുസ്ലിംകൾ കൂട്ടായി പ്രവൃത്തിക്കുകയാണെങ്കിൽ ഇസ്ലാമിന്റെ ഒരു നല്ല നാളെ ആഫ്റിക്കയിൽ കാണാൻ പ്രയാസമില്ല. പക്ഷെ, സാമ്രാജ്യത്വവും സിയോണിസവും മുസ്ലിംകൾക്ക് നേരിടേണ്ട രണ്ട് ശക്തികളാണ്.

—...—


വിശുദ്ധ റമളാനിൽ വായിക്കുവാൻ

**ഖുർആൻ പഠനത്തിന്ന് ഒരു മുഖവുര**

വിശുദ്ധ ഖുർആൻെറ ദിവ്യത്വത്തെ വിശദീകരിക്കുന്ന വിജ്ഞേയ ഗ്രന്ഥം.

വില 5ക. തപ്പാൽവഴി 5ക. 30 പൈസ.

**ഫുത്തൂഹുൽ ഗൈബ്**

ശൈഖ് മുഹ്യിദ്ദീൻ ജീലാനി (ഖ. സി.) യുടെ ലോകപ്രസിദ്ധമായ ഗ്രന്ഥത്തിൻെറ മലയാള പരിഭാഷ.

വില 5ക. തപ്പാൽവഴി 5ക. 30 പൈസ.

**ദീനുൽ ഇസ്ലാം–I**

ഇസ്ലാംമതത്തിൻെറ ആധികാരിക ചരിത്രം

വില 2ക. 50പ. തപ്പാൽവഴി 2ക. 75പൈ.

THE NAZIR BOOK STALL
Logans Road, TELLICHERRY-1

# ജറൂസലം കണ്ട സുപ്രഭാതം

എൻ. കെ. അഹമ്മദ്, കടവത്തൂര്

[ അതൊരു സുപ്രഭാതമായിരുന്നു. അസമത്വത്തിന്റെ കരിങ്കൽ ഭിത്തികളെ തരിപ്പണമാക്കിക്കൊണ്ട്, പള്ളികളുടെ മിനാരങ്ങളിൽ നിന്നു ഉച്ചൈസ്തരം മുഴങ്ങുന്ന തക്ബീർധ്വനികൾ കേട്ടുകൊണ്ടാണ് ജറൂസലത്തിലെ ആബാലവൃദ്ധം ജനങ്ങൾ ഞെട്ടിയുണർന്നത്. അതിന്നലെയുടെ കഥയായിരുന്നു. ഇന്നതിന്റെ കഥ ഒരു വിലാപത്തിന്റെ കഥയാണ്. ഇന്നാ ജനതയുടെ കർണ്ണപുടങ്ങളിൽ അലതല്ലുന്നത് ബാങ്കുവിളികളും തക്ബീർ ധ്വനികളുമല്ല; നിർദ്ദയരായ ജൂതപ്പട്ടാളക്കാരുടെ കാലൊച്ചയും ചീറിപ്പായുന്ന വെടിയുണ്ടകളുടെ ഗർജ്ജനങ്ങളും മാത്രമാണ്. അന്നും ഇന്നും തമ്മിലുണ്ടായ വൈപുല്യമേറിയ വൈരുദ്ധ്യമോർത്ത് ജറൂസലത്തിലെ മണൽത്തരികൾ കണ്ണുനീരൊഴുക്കുകയാണ്. കറുത്തവനെ വെളുത്തവൻ വേട്ടയാടുന്ന അഭിനവയുഗത്തിൽ, ചരിത്രസ്ഫടികത്തിൽ ഒരിക്കൽമാത്രം തെളിഞ്ഞുകണ്ട, യഥാർത്ഥ സ്നേഹത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും വെള്ളപ്പതാകകൾ മന്ദമാരുതനിൽ പാറിക്കളിച്ച ശോഭനമായ ആകാലഘട്ടത്തിന്റെ സുന്ദരമായ പ്രതിബിംബവും നോക്കി നെടുവീർപ്പിടാനല്ലാതെ ആ മണൽത്തരികൾക്കിന്നു സാദ്ധ്യമല്ല.]

വിശാലമായ ലോകമെ, വന്നണഞ്ഞ കാലമേ
വെമ്പിടുന്ന മാനസം ചരിത്രസത്യമോതുവാൻ
ഏറെയുണ്ടുരക്കുവാൻ, വെമ്പിടും ജറൂസലം
പാവന ചരിത്രമേക മോർമ്മ തന്റെ ദീപ്തിയിൽ

ജറൂസലംതൻ വീഥിയിൽ, ലോകമന്നു കണ്ടപോൽ
നിരന്നുനിന്ന മക്ക തന്റെ ധീരരാം സഖാക്കളെ
അനന്തമായി നീങ്ങിടും, സേനയെ നയിക്കുവാൻ
അണിഞ്ഞൊരുങ്ങിടുന്ന ത്യാഗിവര്യനാം ഖലീഫയും.

നീങ്ങിടുന്ന മാത്രയിൽ. കേട്ടൊരു മുഴക്കവും
നിന്നിടാനരച്ചിടുന്ന ജൈത്രയാത്ര നായകൻ
കുതിച്ചിടും കുതിരതൻ. പാശവും പിടിച്ചിടാൻ
നായകൻ തിരക്കവേ നടുങ്ങിടുന്നു ലോകവും



ഉമറിറങ്ങി, വാജിയിൽ ഭൃത്യനെയിരുത്തിയും
തുല്യനീതി പങ്കുവെച്ചു തങ്ങളിൽ പരസ്പരം
ശാന്തിതൻ പ്രതീകമായ്, നിന്നിടും മുഖദ്ദിസിൻ
മുമ്പിലെത്തവേ മുഴക്കിടുന്നു സത്യകാഹളം

ധീരരാം ഖലീഫതൻ, പാദചുംബനത്തിനാൽ
പുളകമാർന്ന ചേതനങ്ങളാം മണൽത്തരികളും
വിജയഭാവമേറിടും, ധീരസേനരാജിയിൽ
സിറിയതൻ മനസ്സുകൾ തിരക്കയായ് ഖലീഫയെ

സത്യധർമ്മപാലകൻ, പിന്നിലെന്നതോതുവാൻ
എത്തിടുന്ന ശൂരവീര ധീരരാം സഖാക്കളും
മക്കതൻ ഖലീഫയെ. കണ്ടിടാൻ കൊതിച്ചിടും
ശാം നിവാസികൾ നിരന്നു നിന്നിടുന്ന വീഥിയിൽ

മൂകത പരന്നിടും, സുന്ദര നഭസ്സിതിൽ
പാറിടും പറവകൾ പൊഴിച്ചിടുന്ന ഗീതകം
തിന്മയാർന്ന ഭുവിതിൽ, വന്നണഞ്ഞ മാരുതൻ
ആവഹിച്ചിരുന്നൊരു സുഗന്ധമാം പ്രതീക്ഷകൾ

ഞെട്ടിടുന്ന ലോകവും, പതറിടുന്ന ലോകരും
ഉറ്റുനോക്കിടുന്നു വിസ്മയം നിറഞ്ഞ വീഥിയിൽ
ധീര ദൃഢബാഹുവിൽ, നീങ്ങിടുന്ന വാജിതൻ
കറുകറുത്ത പാശമുണ്ടു കണ്ടിടുന്നു മാനുഷർ

നീതിതന്റെ വെൺമയിൽ, ശോഭയാറ്റ ഭൃത്യനിൽ
വിസ്മയം ജനിച്ച ലോകമുറ്റുനോക്കിടുന്നഹോ!
ഖലീഫതന്റെ മാറിടം, തന്നിൽ ധാരധാരയായ്
വേർപ്പുതുള്ളി വീണു മേനിയാകെയും നനഞ്ഞുപോയ്

അണിഞ്ഞിരുന്ന വസ്ത്രമിൽ, വിലസിടും പഴമതൻ
ശക്തിയേറിടും കരങ്ങൾ ചെയ്ത ശില്പവേലകൾ
ചുറ്റുമുള്ളൊരു ജനം, ഏറ്റുപാടിടുന്നു 'മർ'
അബു വാഴ്ക! വാഴ്ക! നിത്യ നിത്യമായുഗങ്ങളായ്!!"

ഇതാണ് സത്യദീനിതിൻ, ദൂതരേകിടുന്നൊരു
മഹത്വമേറിടുന്ന മാർഗ്ഗമെന്നുരച്ചിടുന്നമർ
ശാന്തിതൻ പതാകകൾ, ഭുവിതിൽ പറന്നിടാൻ
നാഥനേകിടുന്ന സത്യപാതയിൽ ചലിച്ചിടു!

നീതിമാൻ ഖലീഫതൻ, വ്യക്തമായ വാക്കുകൾ
ചിന്തയിൽ വളർന്നിട്ടൊരായിരം കിനാവുകൾ
അന്ത്യദൂതരോതിയ, പുണ്യവാക്യമോതുവാൻ
അണിനിരന്നിടുന്നൊരായിരം മനുഷ്യജാലവും!!

# പേജുകൾ വർദ്ധിപ്പിക്കുന്നു!

ഭിന്നരുചിക്കാരായ വായനക്കാരെ തൃപ്തിപ്പെടുത്താൻ ഉള്ളടക്കത്തിൽ വൈവിധ്യം വേണം. പേജ് കൂട്ടാതെ ഇതു സാദ്ധ്യമല്ല. തന്മൂലം അൽ-മുർശിദ് മാസികയുടെ പേജ് അടുത്തലക്കം മുതൽ 50 ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ഇക്കാര്യത്തിൽ മാന്യ വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ലഭിക്കേണ്ടതുണ്ട്. കടലാസിന്റെ ഇപ്പോഴത്തെ അമിതവിലയും അച്ചടിക്കൂലിയുടെ വർദ്ധനവും കാരണം മാസികയുടെ നടത്തിപ്പ് ഒട്ടും ആദായകരമല്ലെന്നു അതുമായി ബന്ധപ്പെട്ടവർക്കറിയാം. പേജ് വർദ്ധിപ്പിച്ചാലുള്ള കഥ പറയാനുമില്ല.

ഈ പരിതഃസ്ഥിതിയിൽ വരിസംഖ്യാനിരക്കിൽ അല്പം ഭേദഗതി വരുത്താൻ ഞങ്ങൾ നിർബ്ബന്ധരായിത്തീർന്നിരിക്കുന്നു. മേലിൽ മാസികയുടെ വാർഷിക വരിസംഖ്യ 5കയും, അർദ്ധവാർഷിക വരിസംഖ്യ 3കയും, ഒറ്റപ്രതിയുടെ വില 50പൈസയുമായിരിക്കും.

വിവിധ കേന്ദ്രങ്ങളിൽ മാസിക വിതരണംചെയ്യാനും വരിക്കാരെ ചേർക്കാനും ഏജണ്ടുമാരെ ആവശ്യമുണ്ട്. 25% കമീഷൻ. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

മാനേജർ,

**അൽ-മുർശിദ് മാസിക,**

തിരൂരങ്ങാടി, കേരള.



# തിരൂരങ്ങാടി യത്തീംഖാനഃ

# ترورنگاڈی یتیم خانہ

ترورنگاڈی کیرلہ

## — സന്ദർശിക്കുക —

തെക്കെ ഇന്ത്യയിലെ ഏററവും വലിയ അനാഥശാലയായ തിരൂരങ്ങാടി യത്തീംഖാനയിലെ 600ൽപരം അന്തേവാസികളുടെ സംരക്ഷണാർത്ഥം വർഷാന്തം 2 ലക്ഷം ഉറുപ്പികയോളം തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മിററി (റജിസ്റ്റേഡ്) ചിലവഴിക്കുന്നുണ്ട്. ഇതിന്നുപുറമെ അന്തേവാസികളുടെ ലൌകികവും മതപരവുമായ വിദ്യാഭ്യാസത്തിന്നായി നടത്തപ്പെടുന്ന ഓർഫനേജ് ലോവർ പ്രൈമറി സ്കൂൾ, തിരൂരങ്ങാടി ഓറിയൻറൽ (അറബിക്) ഹൈസ്കൂൾ, സീതിസാഹിബ് മെമ്മോറിയൽ ഓർഫനേജ് ട്രെയിനിംഗ് സ്കൂൾ, നൂറുൽഇസ്ലാം മദ്രസ്സ എന്നീ സ്ഥാപനങ്ങൾക്കും വർഷാന്തം നല്ല ഒരു തുക ചിലവുവരുന്നുണ്ട്.

മേൽ സ്ഥാപനങ്ങൾ നേരിട്ട് കാണുവാനും ഉദാരമായ സംഭാവനകൾ നൽകാനും വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്, സിക്രട്ടരി,

**തിരൂരങ്ങാടി മുസ്ലീം**
**ഓർഫനേജ് കമ്മിററി (Regd.)**
തിരൂരങ്ങാടി, കേരള.


Printed by Hajee C. H. Ebrahim at the Amirul Islam Power Press, Edited by E. K. Moulavi, & Published by Mohsin bin Ahmed, B. A., L. T. for the K. M. Moulavi Memorial Trust, Tirurangadi, Kerala.